MAY 1928
MADRAS


# ഗുരുനാഥൻ

പുസ്തകം 7 | 1103 മീനം | ലക്കം 8


## മനുഷ്യജീവിതവും ചില നിയന്ത്രണനിയമങ്ങളും.

(ആർ. ഈശ്വരപിള്ള ബി. എ.)

ലോകയാത്രയിൽ നാം മുന്നോട്ടുവെയ്ക്കുന്ന ഓരോ പദവും ഏതെങ്കിലും ഒരു നിയമത്താൽ നിയന്ത്രിതമായിട്ടാണിരിക്കുന്നതെന്നുള്ള പരമാർത്ഥം നാം അറിയുന്നുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. സ്വതന്ത്രന്മാരാണെന്നു് അഭിമാനിക്കുന്നവരും സർവ്വത്ര പരതന്ത്രന്മാരായിട്ടാണിരിക്കുന്നതെന്നു് അല്പം ചിന്തിച്ചാൽ മനസ്സിലാകുന്നതാണു്. തിര്യഗ്യോനികൾ (പക്ഷിമൃഗാദികൾ) എല്ലാം ഒരു അപ്രതിഹതവും അവ്യഭിചാരിണിയുമായ പ്രേരണാശക്തിക്കധീനരായി അവയുടെ സകല പ്രവൃത്തികളും ചെയ്തുവരുന്നു. ഈ ശക്തിക്കു "മൃഗബുദ്ധി"യെന്നു പേർ പറയപ്പെട്ടുവരുന്നു. ഇതിന്റെ നിർദ്ദേശത്തിൽനിന്നു് അവയ്ക്കു രേഖാമാത്രംപോലും വ്യതിചലിക്കുവാൻ നിവൃത്തിയില്ല. ഇവയ്ക്കു ജന്തുധർമ്മങ്ങളായ ആഹാരാദി ചതുഷ്ടയം മാത്രം ഉള്ളതുകൊണ്ടു് ഇപ്രകാരമുള്ള ഒരു ശക്തിയുടെ ഭരണംമാത്രം മതിയാകുന്നതാണു്. എന്നാൽ നാനാവിധങ്ങളും സംഖ്യാതീതങ്ങളുമായ ലോകവ്യാപാരങ്ങളിൽ പ്രവേശിക്കയും പ്രയത്നിക്കയും ചെയ്തുകൊണ്ടിരിക്കുന്ന മനുഷ്യനു പക്ഷിമൃഗാദികളെ നയിക്കുന്ന പരിമിതശക്തിയോടുകൂടിയിരിക്കുന്ന മൃഗബുദ്ധി ഒട്ടും പര്യാപ്തമായിരിക്കയില്ല. മനുഷ്യവ്യാപാരങ്ങളുടെ എണ്ണവും അവയുടെ അതിവിസ്തൃതമായ പരിധിയും അവയുടെ വിവിധത്വവും നോക്കുമ്പോൾ കേവലം ഒരു അന്ധവും വിവേകഹീനവുമായ പ്രേരണാശക്തി അസ്ഥാനത്തിലായിരിക്കുന്നതാണു്. പ്രപഞ്ചത്തിൽ ഒരു പ്രധാനഭാഗം വഹിക്കണമെന്നുദ്ദേശിക്കപ്പെട്ടിട്ടുള്ളവരും ഒരു ദിവ്യചൈതന്യത്താൽ അനുഗൃഹീതരായിരിക്കുന്നവരുമായ മനുഷ്യർക്കു് അനിതരജന്തുസാധാരണമായ ഒരു മാനസികോപകരണം അത്യാവശ്യമാണല്ലോ. ഇതിലേയ്ക്കു വിവേചനാശക്തി അല്ലെങ്കിൽ വിശേഷബുദ്ധിയെന്നൊരു പ്രത്യേകാനുഗ്രഹം സ്രഷ്ടാവിനാൽതന്നെ നൽകപ്പെട്ടിട്ടുണ്ടു്. എന്നാൽ ഇതിനെ ചിലപ്പോൾ ഉപയോഗപ്പെടുത്താത്തതിനാലും ചിലപ്പോൾ ദുരുപയോഗപ്പെടുത്തി വന്നതിനാലും പലവിധ ദോഷങ്ങൾക്കും ഹേതുവായിത്തീർന്നു.

മനുഷ്യൻ സാമുദായികജീവിയായതുകൊണ്ടു് ഒരുത്തന്റെ സ്വഭാവത്തിലുള്ള ദൂഷ്യങ്ങളും ചേഷ്ടകളിലുള്ള വ്യതിയാനങ്ങളും അന്യന്മാരുടെ സുഖത്തിനു പലപ്പോഴും ബാധകമായിത്തീരും. ഈ ദോഷങ്ങളുടെ പരിഹാരാർത്ഥം ജീവിതരീതിക്കു ചില നിയന്ത്രണനിയമങ്ങൾ ഏർപ്പെടുത്തേണ്ടതായിവന്നു. ഒരുവന്റെ ദുർഗ്ഗുണങ്ങളെ അന്യന്മാരെ ബാധിക്കാതിരിക്കത്തക്കവണ്ണം സ്വയമേവ നിയന്ത്രിക്കുന്നവർ ലോകത്തിൽ അധികം ഉണ്ടായിരിക്കാൻ തരമില്ല. അതിനു ത്യാഗബുദ്ധിയും സഹനശക്തിയും ആവശ്യമാണ്. അതിനാൽ ഈ വിഷയത്തിൽ ചില നിരോധനനിയമങ്ങളുടെ ആവശ്യം നേരിട്ടു. രാഷ്ട്രീയനിയമങ്ങൾ, സാമുദായികനിയമങ്ങൾ, സാന്മാർഗ്ഗികനിയമങ്ങൾ മുതലായവ ഈ ഉദ്ദേശ്യത്തോടുകൂടി ഏർപ്പെടുത്തപ്പെട്ടിട്ടുള്ളവയാണ്. ഇതിനു പുറമേയും ഇവയ്ക്കുമേലായും മനുഷ്യന്റെ ഭൗതികം—മാനസികം—ആത്മികം—ഈ അംശങ്ങളുടെ ശരിയായ വളർച്ചക്കും—രക്ഷക്കും—വികാസത്തിനും—ഉതകുന്നതായ വൈദികനിയമങ്ങളും വിധിക്കപ്പെട്ടു. എന്നാൽ ഈ നിയമങ്ങളിൽ ചിലതെല്ലാം ഏറെക്കുറെ സ്വാതന്ത്ര്യനിരോധകങ്ങളാണെങ്കിലും അവയോടുള്ള ദീർഘകാലത്തെ നിരന്തരപരിചയംകൊണ്ടു് അവ നമ്മുടെ ജീവിതത്തിന്റെ സഹജങ്ങളായ അംശങ്ങളെന്നപോലെ ആയിത്തീർന്നിട്ടുണ്ടു്. അതുകൊണ്ടു നിയമങ്ങളെ സംബന്ധിച്ച സാധാരണയുള്ള അസഹിഷ്ണുത ഇവിടെ ഇല്ലാതായിട്ടുമുണ്ടു്. എന്നാൽ രാഷ്ട്രീയനിയമങ്ങൾ അവയുടെ കാർക്കശ്യംകൊണ്ടും മററും ഇന്നും സാധാരണ അസഹനീയങ്ങളായിത്തന്നെയിരിക്കുന്നു. അവയെയാണു നാം പ്രധാനമായി സ്വാതന്ത്ര്യനിരോധകങ്ങളായി ഗണിച്ചുവരുന്നതു്. ജനങ്ങൾക്കു് അധികം ഭയവും ഈവക നിയമങ്ങളെ സംബന്ധിച്ചാണുള്ളതു്. ഈവക നിയമങ്ങളുടെ ലംഘനം എല്ലായ്പോഴും ശിക്ഷാർഹവുമാണ്. ശിക്ഷകളെ നിർദ്ദാക്ഷിണ്യമായി നടത്തുന്നതിനുള്ള ശക്തിയും നിയമങ്ങളുടെ പിന്നിൽതന്നെ വർത്തിക്കുന്നുണ്ടു്. രാഷ്ട്രീയനിയമങ്ങൾ, ദണ്ഡശാസ്ത്രം—നീതിശാസ്ത്രം ഇങ്ങിനെ രണ്ടു തരങ്ങളാണ്. ആദ്യത്തേതു കുററങ്ങളെ ശിക്ഷിക്കുന്നതിനും മേററതു അവകാശങ്ങളെ സംരക്ഷിക്കുന്നതിനും ആണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. എന്നാൽ ഇവയുടേയും പരമോദ്ദേശ്യം സമാധാനപരമായ സാമുദായികജീവിതം തന്നെയാണ്. ഭരണസൗകര്യത്തിനും ഭരണനിർവ്വഹണത്തിനും വേണ്ടതായ നിയമങ്ങളും പലതും ഉണ്ടു്. രാഷ്ട്രീയനിയമങ്ങൾ പ്രതിദിനം എന്നപോലെ വർദ്ധിച്ചുകൊണ്ടാണിരിക്കുന്നതു്. പരിഷ്കാരം വർദ്ധിക്കുന്തോറും നിയമങ്ങളുടെ ആവശ്യം കുറഞ്ഞുവരേണ്ടതാണെങ്കിലും ഇപ്പോഴത്തെ അനുഭവം നേരെ മറിച്ചാണ്. ഓരോ രാജ്യത്തിലേയും നിയമഗ്രന്ഥത്തിന്റെ വലിപ്പം കൂടിക്കൂടിയാണു വരുന്നതു്. നിയമത്തിന്റെ കൂടുതൽ സാധാരണ സ്വാതന്ത്ര്യത്തിന്റെ കുറവിനെയാണ് സൂചിപ്പിക്കുന്നതു്. മനുഷ്യന്റെ കള്ളോ കാലമൊ ഒന്നു

നക്കണമെങ്കിൽ നിയമമനുസരിച്ചു വേണമെന്നുവന്നാൽ ജീവിതം ഭോഗ്യമല്ലെന്നുതന്നെയല്ല ഒരുവിധം ഉപദ്രവകരമായിട്ടു വരാനേ തരമുള്ളു. എന്നാൽ ലോകവ്യാപാരങ്ങൾ ഒന്നിനൊന്നു വർദ്ധിച്ചുവരുന്നതുകൊണ്ടു് അവയെ നിയന്ത്രിക്കേണ്ട ആവശ്യവും വർദ്ധിച്ചുതന്നെ വന്നേക്കാം. ഏതായാലും ഫലം മുൻപറഞ്ഞതുതന്നെയാണു്. ഇതിൽനിന്നും നമ്മുടെ ഇന്നത്തെ പരിഷ്കാരം ആന്തരമായപരിഷ്കാരമല്ലെന്നുവേണം ഊഹിപ്പാൻ. ഓരോ പ്രവൃത്തിക്കും ബാഹ്യമായ ഒരു നിയന്ത്രണം വേണ്ടിവരുന്നതായ ഒരു മനുഷ്യൻ വന്യമൃഗങ്ങളിൽനിന്നു് അധികം അകന്നതല്ലാത്ത ഒരു സത്വംതന്നെയാണെന്നുവേണം വിചാരിപ്പാൻ. പക്ഷെ വാസ്തവം ഇങ്ങിനെ അല്ലായിരിക്കാം. മനുഷ്യരെല്ലാം സ്വാർത്ഥലാഭേച്ഛയോടുകൂടി പ്രവർത്തിക്കുന്നതുകൊണ്ടു് പലപ്പോഴും അവ്യാപാരങ്ങളിൽ പ്രവേശിക്കാനിടയുണ്ടല്ലൊ. ഇങ്ങിനെയുള്ള അവസരങ്ങളിൽ ഒരു നിരോധനശക്തിയുടെ പ്രവേശനംകൂടാതെ കഴികയില്ല. എന്നുതന്നെയുമല്ല, ഇന്നത്തെ പരിഷ്കാരത്തിൽ അധ്യാത്മഗുണങ്ങളായ അഹിംസയ്ക്കും ത്യാഗത്തിനും സ്ഥാനവുമില്ലാതാണിരിക്കുന്നതു്. ഇതായിരിക്കാം ഇന്നു ലോകത്തിൽ എവിടേയും നാം കാണുന്ന അസ്വാസ്ഥ്യത്തിന്റെ പ്രധാനകാരണം. നിയമങ്ങൾ മനുഷ്യനു് ആവശ്യമാണു്. എന്നാൽ ഇന്നു് അവ മനുഷ്യക്ഷേമനിർദ്ദിഷ്ടമായ സീമയെ അതിക്രമിച്ചിരിക്കുന്നുവെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല.

സാമുദായികനിയമങ്ങൾ അഥവാ ആചാരങ്ങൾ ഓരോ സമുദായത്തിനും പ്രത്യേകമായിട്ടുള്ളവയാണു്. അവതന്നെ സമുദായക്ഷേമത്തിനുവേണ്ടി കാലദേശസ്ഥിതി അനുസരിച്ചു സൃഷ്ടിച്ചിട്ടുള്ളവയും പാലിച്ചുവരുന്നവയുമാണു്. അവയുടെ ലംഘനങ്ങൾ സമുദായശിക്ഷയ്ക്കു് അർഹങ്ങളാകുന്നു.

സമുദായശിക്ഷകളിൽ അപൂർവ്വം ചിലതു കഠിനങ്ങളായിരിക്കുന്നുണ്ടെങ്കിലും അധികവും ഏറെക്കുറെ അസഹനീയങ്ങളായിട്ടുള്ളവയാണു്. അവയിൽ പലതും പരിഹാര്യങ്ങളുമായിട്ടാണിരിക്കുന്നതു്. എന്നാൽ സമുദായത്തിന്റെ വളർച്ചയനുസരിച്ചു് ആവക നിയമങ്ങളെ ഭേദപ്പെടുത്തുകയൊ തീരെ ഉപേക്ഷിക്കുകയൊ ചെയ്യേണ്ടതാവശ്യമാണു്. സാമുദായികനിയമങ്ങൾ എന്നും ഒരേസ്ഥിതിയിൽതന്നെ വച്ചുകൊണ്ടിരിക്കുന്നതായാൽ അതു സമുദായത്തിന്റെ പുരോഗമനത്തിനു ബാധകമായിത്തീരുന്നതാണു്. ഇങ്ങിനെയുള്ള നിർബ്ബന്ധത്തോടുകൂടിയിരിക്കുന്ന പല സമുദായങ്ങളും ഇന്നു യഥാസ്ഥിതിയിൽതന്നെ ഇരിക്കുന്നതേയുള്ളു. സ്വാതന്ത്ര്യത്തെ ഹനിക്കുന്നതായ നിയമങ്ങൾകൂടി മാററുന്നതിനു വൈമനസ്യം പ്രദർശിപ്പിക്കുന്ന സമുദായങ്ങൾ ഇന്നും ഒട്ടും കുറവല്ല. സമുദായം എന്നുള്ളതു് "അസാധ്യരോഗബാധിതന്മാരായ ഒരു കൂട്ടർക്കുള്ള ആതുരശാല"യാണെന്നു് ഒരു മഹാൻ

പറഞ്ഞിട്ടുള്ളതിന്റെ സാരം ഇതു തന്നെയാണ്. ഇവരുടെ ശാഠ്യം മാറുന്നതിന് ഒരു ചികിത്സയും പറവുകയില്ലത്രെ. ദോഷഹേതുകങ്ങളായ സമുദായനിയമങ്ങൾ മാറുന്നതല്ലെന്നു കണ്ടാൽ രാഷ്ട്രീയനിയമം പതുക്കെ പ്രവേശിക്കുന്നതും ഒട്ടും അസാധാരണമല്ല. സ്വാതന്ത്ര്യത്തെ അല്പംപോലും തടയുന്ന സമുദായനിയമത്തെ ഉടൻതന്നെ ഭഞ്ജിക്കണമെന്നാണ് ഇന്നത്തെ വ്യക്തികളുടെ മതം. ഇന്നു വ്യക്തികളുടെ സ്വാതന്ത്ര്യമാണ് സമുദായബന്ധത്തെക്കാൾ അധികം വിലമതിക്കപ്പെട്ടിരിക്കുന്നതു്. സ്വസമുദായം വിട്ടുള്ള വിവാഹങ്ങളും മററും ഇതിനു ദൃഷ്ടാന്തങ്ങളാണ്. സമുദായനിയമങ്ങളെ നിരാകരിക്കുന്നതിന് ഒരു കാലത്തു് വ്യക്തികൾക്കു വലിയ ഭയമായിരുന്നു. ഇന്നത്തെസ്ഥിതി നേരെമറിച്ചാണ്. രാഷ്ട്രീയനിയമങ്ങൾ നിമിത്തവും മററും സമുദായത്തിനു, വ്യതിചലിക്കുന്നവരെ ശിക്ഷിക്കാനും നിവൃത്തിയില്ലാതായിട്ടുണ്ടു്. വ്യക്തികളുടെ ഇന്നത്തെ പരമാദർശം അനിയന്ത്രിതസ്വാതന്ത്ര്യമൊന്നുതന്നെയാണ്. എന്നാൽ രാഷ്ട്രീയനിയമങ്ങളുടെ പിന്നിൽ ഒരു അധൃഷ്യശക്തിയുള്ളതുകൊണ്ടു് അവയുടെ വ്യാപ്തിയിൽനിന്നും ഒഴിഞ്ഞുപോവാൻ മാർഗ്ഗമില്ല. ഏതായാലും സാമുദായികനിയമങ്ങളോട് അനവരതമായ ഒരു യുദ്ധം നടക്കുന്ന കാലമാണിതു്. സമുദായഘടനയെ ശിഥിലമാക്കുന്നതായ അനേകം ശക്തികൾ പുറത്തുനിന്നും അകത്തുനിന്നും ഇന്നു പ്രവർത്തിച്ചുവരുന്നുണ്ടു്. സമുദായങ്ങൾ തമ്മിലും ഒരുമാതിരി മത്സരം വർദ്ധിച്ചുവരുന്നു. അതുകൊണ്ടു സമുദായങ്ങൾക്കു വ്യക്തികളുടെമേൽ നിയന്ത്രണയുള്ള ശക്തി കുറഞ്ഞുകുറഞ്ഞാണ് വരുന്നതു്. സമുദായസീമകളും ഒന്നിനൊന്നു തേഞ്ഞുമാഞ്ഞു പോയിത്തുടങ്ങി. സന്മാർഗ്ഗികനിയമങ്ങൾ മിക്കവാറും രാഷ്ട്രീയനിയമങ്ങളിലും മതസംബന്ധമായ നിയമങ്ങളിലും ഉൾപ്പെട്ടിട്ടുള്ളവയാണ്. അങ്ങിനെയല്ലാത്തവയും ചിലതില്ലെന്നില്ല. എന്നാൽ അവയുടെ ലംഘനങ്ങളെ ശിക്ഷിക്കാൻ പിന്നിൽ ബാഹ്യമായ ഒരു ഭൗതികശക്തിയും ഇല്ലാത്തതിനാൽ അവയെ സംബന്ധിച്ച് അനുസരണത്തെക്കാൾ ലംഘനമാണ് അധികമായി കാണപ്പെടുന്നതു്. പക്ഷെ യഥാർത്ഥത്തിൽ അവയുടെ ലംഘനങ്ങൾ തന്നെ ശിക്ഷകളെയും വഹിക്കുന്നുണ്ടു്. സന്മാർഗ്ഗവ്യതിചലനം നിശ്ചയമായും പശ്ചാത്താപരൂപമായ കഠിനശിക്ഷയ്ക്കു പാത്രീഭവിക്കുന്നു. അന്തരാത്മാവ് അല്ലെങ്കിൽ മനസ്സാക്ഷിതന്നെയാണ് ഇവിടെ ദണ്ഡധാരൻ. ഇതിനു മററുവിധശിക്ഷകളെക്കാൾ ശക്തിയും ഫലവുംകൂടും. എന്നാൽ വ്യതിചലനങ്ങളുടെ ആവർത്തനം കാലക്രമേണ ഈ ശിക്ഷയുടെ പാരുഷ്യം കുറക്കുകയും പക്ഷെ ഇല്ലാതാക്കുകയും ചെയ്യേക്കാം. ഇതുകൊണ്ടു വിശേഷം ഒന്നുമില്ല. സദാചാരത്തിന് അധീനനായി ജീവിക്കുന്നതിനു പകരം മനുഷ്യൻ ജീവപര്യന്തം ദുർവൃത്തിക്കടിമയായി കാലം കഴിക്കേണ്ടിവരുന്നു. മദ്യപാനം, വ്യഭിചാരം, കള്ളസ്സാക്ഷിപറക, കൈക്കൂലിവാങ്ങുക മുതലായ സന്മാർഗ്ഗവിരുദ്ധങ്ങളായ കൃത്യങ്ങളുടെ ആവർത്തനം മനുഷ്യന്റെ ആത്മാ

ഭിമാനത്തേയും ലജ്ജയേയും നശിപ്പിച്ച മനുഷ്യത്വവും പൗരുഷവും നിശ്ശേഷം ഇല്ലാതാക്കുന്നു. ഇന്നത്തെ ലോകഗതി നോക്കുന്നതായാൽ "സന്മാർഗ്ഗ"മെന്നുള്ളതു് ആവശ്യംപോലെ സ്വീകരിക്കയും പരിത്യജിക്കയും ചെയ്യാവുന്ന ഒരു നിയമമാണെന്നു തോന്നിപ്പോകും. "മനുഷ്യരെ ചലിപ്പിക്കുന്നതിനു (പ്രേരിപ്പിക്കുന്നതിനു) ലോകത്തിൽ രണ്ടു ശക്തികൾ ഉണ്ടു്. ഒന്നു സ്വാർത്ഥതയും മറ്റേതു ഭയവുമാണു്" എന്നു നെപ്പോളിയൻ പറഞ്ഞിട്ടുണ്ടു്. അതു് അന്നു സംശയാസ്പദമായിരുന്നുവെങ്കിൽ ഇന്നു യഥാർത്ഥമാണെന്നുവേണം പറവാൻ. മറ്റൊരുത്തന്റെ തലപോയാലും തന്റെ ഭൗതികസുഖം സമ്പാദിക്കണമെന്നാണു് ഇന്നത്തെ വ്യക്തികളിൽ മിക്കവരുടെയും മനോവൃത്തി. നമ്മുടെ പൂർവ്വന്മാർ കല്പിച്ചിട്ടുള്ള സന്മാർഗ്ഗാദർശത്തിൽ നിന്നും എത്രയോ കീഴോട്ടു് ഇന്നു നാം പോന്നിരിക്കുന്നു. സദാചാരനിഷ്ഠനുള്ളവരാണു് ഓരോ സമുദായത്തിന്റെയും മനസ്സാക്ഷിയായിരിക്കുന്നതു്. ഈ തോതു വച്ചുനോക്കുമ്പോൾ അധികം സമുദായങ്ങൾക്കും മനസ്സാക്ഷി ഉണ്ടോ എന്നുള്ള കാര്യം സംശയമാണു്. സന്മാർഗ്ഗനിയമങ്ങൾ കൃത്രിമങ്ങളല്ല. അവ നിത്യങ്ങളും കാലദേശഭേദം ബാധിക്കാത്തവയുമാണു്. അവ മനുഷ്യജീവിതത്തെ സുരക്ഷിതമായവിധത്തിൽ ലോകത്തിൽ നയിക്കുന്നതിനുള്ള ഉപദേഷ്ടാക്കളാണു്. അവയെ അവഗണിക്കുന്നവർക്കു ജീവിതസുഖവും പരിശുദ്ധ ജീവിതവും അസാദ്ധ്യങ്ങളാണു്. എന്നാൽ ഭൗതികഭോഗനിമഗ്നമായിരിക്കുന്ന ഇന്നത്തെ ലോകം ഈ വഴിക്കല്ല ചരിക്കുന്നതു്. പ്രാപഞ്ചികതത്വങ്ങളോടു പ്രവൃത്തിപ്രേരണയുള്ള അനുഷംഗമാണു "സന്മാർഗ്ഗ"മെന്നുള്ളതു്. അതിന്റെ ലംഘനം ലോകതത്വത്തെ അവഗണിക്കയും തന്മൂലം ലോകക്ഷേമത്തെ ഹനിക്കയുമാണു ചെയ്യുന്നതു്.

വൈദികനിയമങ്ങൾ മനുഷ്യരുടെ ഐഹികക്ഷേമത്തെയും ആത്മീയനിർവൃതിയേയും ഉദ്ദേശിച്ചു് ഏർപ്പെടുത്തപ്പെട്ടിട്ടുള്ളവയാണു്. ഇവ മിക്കവാറും മതസ്ഥാപകന്മാരുടെ ദിവ്യജ്ഞാനത്തിന്റെ ഫലങ്ങളാകുന്നു. ഹിന്ദുമതത്തിനു പ്രത്യേകം ഒരു സ്ഥാപകനെ ചൂണ്ടിക്കാണിക്കുവാൻ പ്രയാസമാണു്. അതു ദിവ്യജ്ഞന്മാരായ മഹർഷിമാർ വഴിയ്ക്കു വെളിപ്പെടുത്തപ്പെട്ടിട്ടുള്ള പരമതത്വങ്ങളാണു്. മതസംബന്ധമായ നിയമങ്ങൾ എല്ലാമതക്കാരും ഏറെക്കുറെ അനുസരിച്ചുവരുന്നുണ്ടു്. മതനിയമങ്ങളുടെ നിത്യാനുഷ്ഠാനംകൊണ്ടു് ഓരോ മതക്കാർക്കും പ്രത്യേകസ്വഭാവം തന്നെ വന്നുകൂടിയിട്ടുണ്ടു്. മതനിയമങ്ങളുടെ ലംഘനങ്ങളെ ശിക്ഷിക്കുന്നതിനു മിക്ക മതങ്ങളിലും മതാദ്ധ്യക്ഷന്മാർ ഉണ്ടു്. എന്നാൽ മതവിഷയത്തിൽ നിയമലംഘനം സന്മാർഗ്ഗവിഷയത്തിലെപ്പോലെ അത്ര ധാരാളമില്ല. പണ്ടു രാഷ്ട്രീയശക്തികളും വൈദികനിയമലംഘനത്തെ ശിക്ഷി

ക്കുന്നതിൽ പ്രവൎത്തിച്ചുവന്നതായി ചരിത്രത്തിൽ കാണുന്നുണ്ടു്. എന്നാൽ ഇപ്പോൾ ഈ കൃത്യത്തിൽനിന്നും രാഷ്ട്രീയശക്തികൾ മിക്കവാറും വിരമിച്ചിരിക്കുന്നതായി കാണുന്നു. വൈദികനിയമങ്ങൾ മനുഷ്യജീവിതത്തെ ആദ്യവസാനം സുരക്ഷിതമാക്കുന്നതിനുംപുറമെ ആത്മീയനിർവൃതി സമ്പാദിക്കുന്നതിന്നുംകൂടി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവയാകകൊണ്ടു് മനുഷ്യർ പ്രായേണ അവയെ തീരെ ലംഘിച്ചുനടക്കുന്നതിനു സന്നദ്ധരാകുന്നില്ല. മതനിയമങ്ങളുടെ തീക്ഷ്ണത എല്ലാമതത്തിലും ഒരുപോലെയല്ല. എന്നാൽ നിയമങ്ങൾ ഏറിയകൂറും സന്മാൎഗ്ഗികനിയമങ്ങളോടു യോജിച്ചും ബന്ധിച്ചും ഇരിക്കുന്നവയാണു്. മനുഷ്യരുടെ മനസ്സിനെ ഭൗതികഭോഗങ്ങളിൽനിന്നു് ആത്മീയവിഷയത്തിലേക്കു തിരിക്കുന്നതിനുപയുക്തമായിരിക്കത്തക്ക വിധത്തിലാണു് അവ നിശ്ചയിക്കപ്പെട്ടിട്ടുള്ളതു്. പക്ഷെ ഇന്നത്തെ സ്ഥിതി അല്പം വ്യത്യാസപ്പെട്ടാണിരിക്കുന്നതു്. മനുഷ്യർ ലൗകികകാൎയ്യങ്ങളിൽ ആസക്തചിത്തന്മാരായിട്ടു മനുഷ്യഗണനയിൽ പ്രാഥമികസ്ഥാനം അൎഹിക്കുന്ന "മതം" ഇന്നു് അവരുടെ ദ്വിതീയചിന്താവിഷയമായിത്തീൎന്നിരിക്കുന്നുവെന്നു തോന്നുന്നുണ്ടു്. മതാനുഷ്ഠാനങ്ങളുടെ സംഖ്യയും സമയവും ഇപ്പോൾ സൗകൎയ്യത്തെ ആശ്രയിച്ചാണിരിക്കുന്നതു്. നിയമലംഘനങ്ങൾ പ്രത്യക്ഷപ്പെടാൻ പ്രയാസമായതുകൊണ്ടു ശിക്ഷയും അപൂൎവ്വമാണു്. മതബന്ധം, ഒന്നോ രണ്ടോ മാത്രം വ്യത്യാസത്തോടുകൂടി ക്രമേണ സ്രസ്തമായിട്ടാണുവരുന്നതു്. മതപരിവൎത്തനം ധാരാളം ഉണ്ടായിക്കൊണ്ടിരിക്കുന്നതിന്റെ രഹസ്യം ഇതാണു്. ഒരു മതത്തോടും ദൃഢബന്ധമൊ അനുഷംഗമോ ഇല്ലാത്തവൎക്കു് ഏതായാലും തരക്കേടില്ലല്ലൊ. എല്ലാമതങ്ങളുടേയും അടിസ്ഥാനം ഒന്നുതന്നെ ആയതുകൊണ്ടു ശരിയായമതബോധമുള്ള ഒരുവനും ഒരു മതത്തിൽനിന്നും മറെറാരു മതത്തിലേക്കു ചാടുകയില്ല; അതിനാവശ്യവുമില്ല. ഹിന്ദുമതം പൂൎണ്ണതയെ പ്രാപിച്ചിട്ടുള്ള ഒരു മതമാണു്. ആത്മീയവിഷയാവഗാഹനം ഇത്രത്തോളം ഒന്നിലും ഉണ്ടോ, എന്നു സംശയമാകുന്നു. അതിലെ നിയമങ്ങൾ സൎവ്വതോമുഖങ്ങളായിട്ടുള്ളവയാണു്. അവയെ ശരിയായി ഗ്രഹിക്കയും സ്ഥിരമായി അനുഷ്ഠിക്കയും ചെയ്യാതെ ഇരിക്കുന്നതുകൊണ്ടു വല്ല ദോഷങ്ങളും ഉണ്ടെങ്കിലെയുള്ളു. ഈ നിയമങ്ങൾ പ്രാപഞ്ചികവൃക്ഷത്തിന്റെ ദല-സുമ-ഫല-ശാഖകളെ മാത്രമല്ല, അതിന്റെ വേരുകളെക്കൂടി നിൎണ്ണയിക്കുന്നതിനു പൎയ്യാപ്തമായ യോഗികളുടേയും ത്യാഗികളുടേയും ദിവ്യജ്ഞാനത്തിന്റെ ഫലങ്ങളാണു്. പക്ഷേ അനേകശതാബ്ദങ്ങളുടെ പ്രയാണത്തിൽ അവയുടെ പാദരേണുക്കൾകൊണ്ടു് ഇവയ്ക്കു് അല്പം വൈവൎണ്ണ്യം സംഭവിച്ചിട്ടുണ്ടായിരിക്കാം. അതൊന്നു തുടച്ചുകളഞ്ഞാൽ മതിയാകും. ഇപ്രകാരം പല നിയമങ്ങളും ഉണ്ടായിരുന്നിട്ടും ഇന്നത്തെ മനുഷ്യരുടെ സ്ഥിതി അനാശാസ്യമായിത്തന്നെ ഇരിക്കുന്നതിൽനിന്നും ഇവയുടെ അഭാവത്തിൽ മനുഷ്യരുടെ സ്ഥിതിയെന്തായിരിക്കാമെ

ന്നു് ഏറക്കുറെ ഊഹിക്കാവുന്നതാണു്. നിയമപരിധിയെ അതിക്രമിക്കുന്ന സ്ഥിതി യഥാൎത്ഥസ്വാതന്ത്ര്യമാകയില്ല. മനുഷ്യരിൽ നാം ഇന്നു കാണുന്ന മൃഗീയവാസനയുടെ അവശിഷ്ടത്തെ നിശ്ശേഷം ദൂരീകരിക്കുന്ന കാലംവരെയ്ക്കും മേൽപ്രകാരമുള്ള നിയന്ത്രണനിയമങ്ങൾ സമാധാനജീവിതത്തിനു് അത്യാവശ്യംതന്നെയാണു്. അവയെ സ്വയമേവ അനുസരിക്കുന്നതാണുത്തമം. ഇന്നെവിടെ നോക്കിയാലും നാം എന്താണു കാണുന്നതു്? ദണ്ഡാധിപന്മാർ- നീതിപാലകന്മാർ-കാരാഗൃഹങ്ങൾ- സമാധാനരക്ഷകന്മാർ- സേനാബലം- നശീകരണോപകരണങ്ങൾ മുതലായവയുടെ സംഖ്യ പ്രതിദിനം വർദ്ധിച്ചും വർദ്ധിപ്പിച്ചും വരുന്നതായിട്ടല്ലയൊ കാണുന്നതു്? ഇവയൊക്കെയും എന്തിനെയാണു ചൂണ്ടിക്കാണിക്കുന്നതു്? നിയമലംഘനത്തിന്റെ ആധിക്യം നിമിത്തം നിയന്ത്രണശക്തികളുടെ ആവശ്യം കൂടിക്കൂടി വരുന്നുവെന്നുള്ളതല്ലയൊ? ഈ സ്ഥിതിതുടൎന്നുകൊണ്ടിരിക്കുന്നതായാൽ അവസാനം എവിടെയായിരിക്കുമെന്നു് ഇന്നു് ഊഹിക്കാൻ പോലും പ്രയാസമാണു്. ഈ അനാശാസ്യപൎയ്യവസാനത്തെ തടുക്കുന്നതിനുള്ള പ്രത്യൗഷധം ഹിന്ദുമതത്തിന്റെ പ്രധാനതത്വങ്ങളായ അഹിംസ-ത്യാഗം-ആത്മസംയമനം ഇവ പരിശീലിക്കുകതന്നെയാണു്. എന്നാൽ സ്വാൎത്ഥോന്മുഖമായി തീവ്രവേഗത്തിൽ ചരിക്കുന്ന ലോകത്തിനു പ്രയാണഭംഗമൊ പ്രതിപഗമനമൊ എങ്ങിനെ സാധിക്കും?

---

# സാഹിത്യാധ്യാപനം.

(ഡി. ഗോവിന്ദൻകൎത്താവു്)

ആധുനികവിദ്യാഭ്യാസം സാഹിത്യപ്രധാനമായതുകൊണ്ടു്, വിദ്യാഭ്യാസം കൊണ്ടുണ്ടാവേണ്ട സ്വകൃത്യനിൎവ്വഹണപ്രാപ്തി ഉണ്ടാകുന്നില്ലെന്നും തന്മൂലം ഇദാനീന്തനവിദ്യാഭ്യാസസമ്പ്രദായം ആകമാനമൊന്നുടച്ചു വാൎക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു എന്നും പ്രബലമായ അഭിപ്രായമുള്ള ഇക്കാലത്തു സാഹിത്യത്തെക്കുറിച്ചു പുറപ്പെടുവിക്കുന്ന അഭിപ്രായം പൊതുവിൽ ആദരണീയമായിരിക്കുമെന്നുള്ള അഭിമാനം ഈ ലേഖനകൎത്താവിനില്ല. മനുഷ്യസമുദായം പരിഷ്കൃതരീതിയിൽ ഭാഷകൊണ്ടു കൈകാൎയ്യം ചെയ്യുന്ന കാലത്തോളം സാഹിത്യത്തിനുള്ള ഗണ്യമായ സ്ഥാനത്തെ അപലപിക്കാൻ ആരാലും കഴിയുന്നതല്ല. എന്നിരിക്കെ വിദ്യാലയങ്ങളിൽ സാഹിത്യാധ്യാപനത്തിനു പ്രാധാന്യവും പ്രയോജനവും അഭിവൃദ്ധമായി വരാനെ വഴിയുള്ളൂ. സാഹിത്യോപകരണംകൂടാതെ ആത്മീയാനന്ദസൌധം പണിയുക അസാധ്യമെന്നു തീൎത്തു പറയാം. അതുകൊണ്ടു ആ സൌധത്തിൽ കയറുന്നതിനുള്ള ഓരോ സോപാനങ്ങളേയും കടന്നു പോകേണ്ടതെങ്ങിനെയെന്നു നമുക്കു് അല്പം ചിന്തിക്കതന്നെ. അതി

ന്നു മുമ്പായി സാഹിത്യസ്വരൂപത്തെക്കുറിച്ചു ചിലതിവിടെ പ്രസ്താവിച്ചു കൊള്ളട്ടെ.

സഹൃദയഹൃദയാഹ്ലാദകമായ കവിതാധമ്മമാകുന്നു ചമൽക്കാരം. ചമൽക്കാരകരമായ ഭാഷയത്രെ സാഹിത്യം. സരസമായ രീതിയിൽ ഹിതോപദേശം ചെയ്ക കത്തവ്യത്തിൽ കൌതുകം ജനിപ്പിക്കുകയാണു സാഹിത്യത്തിൻെറ പ്രയോജനം. ഇതു് ആനന്ദം—പരമനിർവൃതി—കൊണ്ടു സാധ്യവുമാണ്. അതിനാൽ ധമ്മാത്ഥകാമങ്ങളിൽകൂടി ചരിച്ചു കൃത്യലോപം വരുത്താതെ ഏവനും പ്രാപ്യമായ പരമാനന്ദപദവി അനുഭവിക്കുന്നതിന്നു് അനുപേക്ഷണീയമായ കലാവിദ്യയാകുന്നു സാഹിത്യം. മനുഷ്യജന്മോദ്ദേശ്യസിദ്ധിക്കു സാഹിത്യം ചെയ്യുന്ന സഹായം എത്രമാത്രമെന്നു ഇതുകൊണ്ടു വെളിപ്പെടുന്നുണ്ടു്.

സാഹിത്യം സദ്വികാരങ്ങളെ തട്ടി ഉണത്തുകയും ദുർവ്വികാരങ്ങളെ പിഴുതെറിയുകയും ചെയ്യുന്നു. സാഹിത്യം വികാരമുണ്ടാക്കുന്നതിൻെറ സ്വഭാവത്തേയും അല്പം സൂചിപ്പിക്കാം. മദ്യപിച്ചു ബോധരഹിതനായി നിലവിട്ടു സവ്വരുടേയും ഹാസത്തിനു പാത്രമായി പെരുവഴിയിൽ കാണുന്ന ഇരപ്പാളിയെ ദശിക്കുന്ന മാത്രയിൽ അസഹനീയമായ വെറുപ്പാണല്ലൊ നമുക്കുണ്ടാകുന്നതു്. എന്നാൽ അവൻെറ ഭാവം ഒരാൾ അഭിനയിക്കുന്നതു കാണുമ്പോൾ നമുക്കു പരമാഹ്ലാദവും നടനിൽ അളവററ ബഹുമാനവും ഒരേ സമയത്തുണ്ടാകുന്നു. അതുപോലെ മരണവേദനയനുഭവിക്കുന്ന രോഗാതുരൻെറ സ്ഥിതി അഭിനയിച്ചു കാണുമ്പോൾ നമുക്കു സങ്കടമല്ല സന്തോഷമാണുണ്ടാവുക. നടൻെറ അഭിനയത്തിൽ തന്മയത്വം പ്രാപിച്ചുണ്ടായ മനോവികാരസദൃശമായ വികാരാനുഭൂതിയാണു സാഹിത്യം നമ്മിൽ ഉളവാക്കുന്നതു്. ഇത്തരം ഉൽകൃഷ്ട വികാരങ്ങൾക്കാണു സാഹിത്യവിമശകന്മാർ "രസം" എന്ന പേരിട്ടു് "വാക്യംരസാത്മകം കാവ്യം" എന്നു കാവ്യലക്ഷണം ചെയ്യുന്നതു്. രസത്തിൽ ഏകതാനമായ മനസ്സു പരിതഃസ്ഥിതികളിൽനിന്നു നിവത്തിച്ചു പരമാനന്ദത്തിൽ മുഴുകി ഏകാഗ്രമായി പ്രവത്തിക്കുന്നതിനാൽ ശ്രദ്ധയെ പരിശീലിക്കുന്നതിനും സാഹിത്യപഠനം അത്യന്താപേക്ഷിതമാകുന്നു.

ഗദ്യം, പദ്യം, ഗദ്യപദ്യസമ്മിശ്രം എന്നു രൂപം പ്രമാണിച്ചു സാഹിത്യസാംഖ്യകാരൻ ഭാഷാസാഹിത്യത്തെ മൂന്നായി വിഭജിച്ചിട്ടുണ്ടു. എന്നാൽ ഭാഷാസാഹിത്യം എന്നു കേട്ടാൽ ഉടനുണ്ടാകുന്നതു ഭാഷയിലെ പദ്യകൃതികളെക്കുറിച്ചുള്ള പ്രതീതിയാണ്. പദ്യത്തിനു ഗദ്യത്തിൻെറ പൂവ്വികത്വവും വികാരങ്ങളെ ഉത്തേജിപ്പിക്കുന്നതിനു സംഗീതസഹായത്താൽ ഉണ്ടായിട്ടുള്ള ശക്തിയുമാകുന്നു ഇതിനു കാരണം. നമ്മുടെ ഭാഷയിൽ സാഹിത്യപ്രധാനമായ ഗദ്യഗ്രന്ഥങ്ങൾ അടുത്ത കാലത്തു് അവതരിച്ചിട്ടുള്ളവയാണ്. പാഠ്യപുസ്തകങ്ങളായും അല്ലാതെയും ഗ്രന്ഥങ്ങൾ

ദിവസേന എണ്ണത്തിൽ വർദ്ധിക്കുന്നുണ്ടെങ്കിലും യഥാർത്ഥസാഹിത്യമുണ്ണമുള്ളവ വളരെ ചുരുക്കമാകുന്നു. പദ്യങ്ങളെല്ലാം സാഹിത്യമാണെന്നു ഭ്രമിക്കുന്നവർ സരസകവി കുഞ്ചൻനമ്പ്യാരുടെ അധോലിഖിതമായ ശ്ലോകം നോക്കുക.

കോൽത്തേനോലേണമോരോപദമിടയിൽനറും-
പാലിൽനീരെന്നപോലെ
ചേർത്തീടേണം വിശേഷിച്ചതിലലരലങ്-
കാരമുണ്ടായ് വരേണം
പേർത്തും ചിന്തിക്കിലത്ഥം നിരുപമരുചിതോ-
ന്നേണമെന്നിത്രവന്നേ
തീർത്തീടാവൂശിലോകംശിവ!ശിവ!കവിതാ-
രീതിവൈഷമ്യമത്രേ.

സംഗീതസഹായം ഉള്ളതുകൊണ്ടു പദ്യങ്ങളിൽ സാഹിത്യരസം വരുത്താൻ ഗദ്യത്തോളം പ്രയാസമില്ല. ഗദ്യരൂപത്തിലുള്ള വർണ്ണനകൾ തന്മയത്വത്തിൻെറ സ്ഥിതിപോലെയാണ് ആസ്വാദ്യമായിത്തീരുന്നതു്. "അയാളുടെ നിറം നല്ല കട്ടകറുപ്പാണ്. ദിഗ്ഗജൻെറ ആ മെലിഞ്ഞ കാലുകൾ വിറകുകോലുകളാണെന്നു വിചാരിച്ച് അഗ്നി ഭക്ഷിച്ചു തുടങ്ങി. കുട്ടു കഴിഞ്ഞപ്പോൾ അവ ഭക്ഷണയോഗ്യമല്ലാത്ത വെറും എല്ലുകളാണെന്നു കണ്ടു് അദ്ദേഹം അതുപേക്ഷിച്ചു. അങ്ങിനെ കരിഞ്ഞു പോകയാലാണ് ഈ രസികൻെറ നിറം ഇങ്ങിനെയായതെന്നു ചിലർ പറയാറുണ്ടു്" (ദുർഗ്ഗേശനന്ദിനി) നീണ്ടുമെലിഞ്ഞ കറുത്ത കാലിനെ എത്ര തന്മയത്വം വരുത്തി ചിത്രീകരിച്ചിരിക്കുന്നു എന്നു നോക്കുക.

"വ്യൂഢോരസ്കോ വൃഷസ്കന്ധ
സ്സാലപ്രാംശുർമ്മഹാഭുജഃ"

എന്നു രഘുമഹാരാജാവിൻെറ ആകൃതിവർണ്ണന വായിക്കുമ്പോൾ ഉണ്ടാകുന്നതിൽ കവിഞ്ഞ ആനന്ദാനുഭൂതി ദിഗ്ഗജൻെറ കാലുകളുടെ വർണ്ണന വായിക്കുമ്പോൾ നമുക്ക് അനുഭവമാകുന്നുണ്ടെന്നാണ് എൻെറ അനുഭവം. ഗദ്യമായാലും പദ്യമായാലും അനുഭവരസം വരുത്തി ഹൃദയത്തെ ആവർജ്ജിക്കത്തക്ക ശക്തിയുണ്ടാക്കിയാലേ അതു സാഹിത്യമാകൂ.

സഞ്ചാരിണീ ദീപശിഖേ വരാത്രൗ
യം യം വ്യതീയായ പതിം വരാ സാ
നരേന്ദ്രമാർഗ്ഗാട്ട ഇവ പ്രപേദേ
വിവർണ്ണഭാവം സ സ ഭൂമിപാല.

ഇതിൽ കാളിദാസൻെറ 'ദീപശിഖയുടെ' ഊർജ്ജസ്വലതയും ഹേതു ഹൃദയാവർജ്ജകത തന്നെ. പ്രകൃതിയെ ചിത്രീകരിച്ചു പ്രതിഫലിപ്പിച്ചു ഹൃദയസ്പൃക്കായവിധം വർണ്ണിക്കുന്നതിന് അനുഗ്രഹീതന്മാരായ വാസനാകവികൾക്കേ സാധിക്കൂ.

"ചുണ്ടങ്ങളൊച്ചന്തി മൂടാതെതൊരു ചെറുവസനം-
കൊണ്ടഹോ തററുടുത്തും
കൊണ്ടോത്തിൻ കയ്യുകാട്ടി കുടവയറു തുള്ള-
മ്പിച്ചു വേത്താത്തിയോടെ!"

സഞ്ചരിക്കുന്ന ഓതിക്കദ്വിജന്മാരുടെ ചിത്രം എത്ര ഹൃദയംഗമമായ് മനസ്സിൽ പതിയുന്നു. കവികൾ സമുദായനടവടികളേയും മററും സൂക്ഷിച്ചുവീക്ഷിക്കുന്നവരായിരിക്കണം. അല്ലാത്തപക്ഷം,

"നോക്കുന്നവക്കധിക കൌതുക ദാത്രിയാകും
മൂക്കത്തിയുള്ള മലയാളമഹീസുരസ്ത്രീ".

എന്നും മററും പ്രയോഗിച്ചു വായനക്കാരുടെ മനോനിയന്ത്രണശക്തിയെ ഭഞ്ജിക്കുന്നതിന്നു പര്യാപ്തമായ പദ്യശകലങ്ങളാൽ പലരുടേയും ഹൃദയങ്ങളെ ശകലിക്കുന്ന കവിതകൾ പെരുകി വരും.

"മീശയാ ശോഭതേ മോന്ത
മോന്തയാ മീശയും തഥാ
മീശയാ മോന്തയാ ചൈവ
ഭവാനേററം വിരാജതേ". എന്നും

ആകാശംതിന്ന രാകാശശിയുടെതലയിൽ താന്നുതൂങ്ങിക്കിടക്കും
ലോമേശൻതന്നെറകണ്ടു ഞിനവില പിശഖീപണ്ഡഹോപംകതികണ്ടൂൻ."

എന്നുംമററും കവിതയെഴുതിക്കൂട്ടി സാഹിത്യക്കളരിയിൽ പയററാനൊരുങ്ങുന്നവർ അടവുപിഴങ്ങി വെട്ടും കുത്തും ഏററു മൃതപ്രായം ബഹിഷ്കൃതരാവുന്നതു് അത്ര അസാധാരണമല്ലല്ലൊ.

സാഹിത്യാധ്യാപനോദ്ദേശ്യം ഹിതോപദേശം ചെയ്യു കത്തവ്യത്തിൽ കൌതുകം ജനിപ്പിക്കുകയും അതിന്നുപരി പരമാനന്ദാനുഭൂതി ഉളവാക്കുകയുമാണെന്നു പ്രസ്താവിച്ചുവല്ലൊ. ഇവ രണ്ടും സാധിക്കുന്നതിന്നു സാഹിത്യാധ്യാപനം എങ്ങിനെ നിർവ്വഹിക്കാമെന്നു് ഇതിന്നുപരി ചിന്തിച്ചു നോക്കാം.

[തുടരും]

## സ്കൂളിലെ കളികൾ.

(എം. രാമവമ്മതമ്പാൻ ബി. എ., എൽ. ടി.)

കളി കുട്ടികൾക്കു് ഒരു വലിയ കാര്യംതന്നെയാണു്. ആദിയിൽ അവക്കുള്ള ശക്തിയെ പ്രകടിപ്പിയ്ക്കുകയാകുന്നു കളി. ക്രുത്താടുന്ന പശുക്കുട്ടികളും കയ്യും കാലും ഇട്ടടിയ്ക്കുന്ന മനുഷ്യശിശുവും തങ്ങളുടെ ശക്തിയെ പ്രകടിപ്പിക്കതന്നെയാണു ചെയ്യുന്നതു്. കുട്ടികളുടെ കളികളെ സൂക്ഷിച്ചുനോക്കിയാൽ അവ അവക്കു പ്രായം ചെല്ലുമ്പോൾ ചെയ്യുവാനു

ളള പ്രവൃത്തികളുടെ ഒരു കല്പകെട്ടാണെന്നു കാണാം. നായ്ക്കുട്ടികളുടെ കളി നായ്ക്കൾ വലുതാകുമ്പോൾ ചെയ്യാറുള്ള കടിപിടിക്കൂടലിന്റെ ഒരു ചൊല്ലിയാട്ടം ആണ്. തങ്ങളിൽ കാര്യമായി കടിയ്ക്കുന്നില്ല എന്നു മാത്രമേ വ്യത്യാസമുള്ളൂ. പൂച്ചക്കുട്ടികളുടെ കളികളിലും മേലിൽ എലിയെ പിടിക്കുന്ന രീതിയുടെ പരിശീലനമാണു കാണുന്നതു്. നമ്മുടെ കുട്ടികളും പ്രായം ചെന്നവർ ചെയ്തുകാണുന്ന പ്രവൃത്തികളെ പരിശീലിയ്ക്കുകയാണ്. അരിയും കറിയും വെയ്ക്കുക; കുഴി കുഴിയ്ക്കുക; മത്സരക്കളിയാകുന്ന യുദ്ധപരിശീലനം ചെയ്യുക മുതലായവ നോക്കുക. തങ്ങളുടെ പ്രവൃത്തിയുടെ പ്രാധാന്യം അനുസരിച്ചിരിയ്ക്കും കുട്ടികൾക്കു കളികൾക്കുള്ള മോഹം. ശരീരത്തിലെ മാംസപേശികൾക്ക് അഭ്യാസം കൊടുക്കുന്ന കളികളാണ് അവർക്കധികം ഇഷ്ടം. ഓടുക, ചാടുക, മരത്തിന്മേൽ കയറുക, ഒററത്തടിപ്പാലം കടക്കുക മുതലായവ അസാദ്ധ്യമാംവണ്ണം പ്രയാസമില്ലാത്ത പക്ഷം കുട്ടികൾക്ക് ഏററവും ഇഷ്ടമുള്ള കളികളാണ്.

കുട്ടികൾക്കു കളിയ്ക്കുള്ള മോഹത്തിന്റെ ആഗമം സൂക്ഷിച്ചുനോക്കിയാൽ അവക്കു പ്രായംചെന്നവരാകാനുള്ള മോഹമായി കാണാം. ബലം കാണിയ്ക്കാനുള്ള മനസ്സു കാണിയ്ക്കുകയാണ് അവർ ചെയ്യുന്നതു്. പ്രായം ചെന്നവരെ അപേക്ഷിച്ചു തങ്ങൾ ദുർബ്ബലന്മാരാണെന്നു കുട്ടികൾക്കു മനസ്സിലായി അവരോടു് ഒപ്പമാകാനാണു കുട്ടികൾ ശ്രമിയ്ക്കുന്നതു്. കുട്ടികളോടു് അവരും പിതാവിനെപ്പോലെ വലിയവരാകുമെന്നും, പിതാവും ഒരിയ്ക്കൽ അവരെപ്പോലെ കുട്ടിയായിരുന്നുവെന്നും, പറയുമ്പോൾ അവക്കു വളരെ സന്തോഷമുണ്ടാകുന്നു. "ഞാൻ വലുതായില്ലേ?" എന്ന ചോദ്യം അവർ പലപ്പോഴും ചോദിയ്ക്കാറില്ലേ? ആദ്യം, മുതൽ തന്നെ കുട്ടികൾക്കു വലിയ ആളുകൾ ചെയ്യുന്ന പ്രവൃത്തികൾ ചെയ്വാൻ ശ്രമിയ്ക്കണം എന്നാണു വാസന. അതിനാൽ സ്വല്പം പ്രായംചെന്ന സോദരീസോദരന്മാരുണ്ടെങ്കിൽ കുട്ടികൾക്കു ബഹുഉത്സാഹമാണ്. അവരുടെ ഉദ്ദേശം മനസ്സിലാക്കുവാനും അതുപോലെ പ്രവൃത്തിച്ചുനോക്കണമെന്നു തോന്നാനും കുട്ടികൾക്ക് അവസരം കിട്ടും. അനുകരണം ഇതുതന്നെയാണു തെളിയിക്കുന്നതു്. പ്രായം ചെന്ന കുട്ടികൾക്കു ചിലപ്പോൾ തങ്ങളുടെ കൊച്ചനുജന്മാരോടും അനുജത്തിമാരോടും കളിയ്ക്കുന്നതു് അത്ര രസമാകാറില്ല. ഇവർ കൊച്ചുങ്ങളല്ലേ, തങ്ങൾക്കു തങ്ങളേക്കാൾ പ്രായംചെന്നവരോടു് ഒപ്പമാകാനായി നോക്കണ്ടേ എന്നാണു നാട്യം. ജ്യേഷ്ഠനും ജ്യേഷ്ഠത്തിയും എന്റെ കൂടെ കളിക്കാൻ വരുന്നില്ല എന്നു കൊച്ചുകുട്ടികളുടെ ആവലാതി പിതാക്കൾക്കു നിത്യ അനുഭവമല്ലേ? ദുർബ്ബലതം എന്ന ഒരു ബോധം കുട്ടികളിൽ ബലമായി വർത്തിയ്ക്കുന്നുണ്ടു്. അവരെ വേണ്ടതുപോലെ നയിച്ചാൽ കൂടുതൽ പ്രയത്നത്തിനു് ഇതു് ഒരു പ്രേരണാശക്തിയാകാം. ഈ ബോധം അടക്കി നശിപ്പിച്ചാൽ അതു കുട്ടിയുടെ ഭാവിയിലെ അസ്വ

ഖത്തിനു കാരണമാവുന്നതാണ്. കളികളിൽ കുട്ടികൾ ശക്തികാണിക്കുന്നതു രണ്ടു വിധത്തിലാണ്. ഒന്ന് ഓരോ പ്രവൃത്തി ചെയ്തുനോക്കുന്നതു്; മറെറാന്ന് ഓരോ മനഃസങ്കല്പങ്ങളിൽ ഏർപ്പെടുന്നതു്. പ്രവൃത്തിഹീനനായ ഒരു മനുഷ്യൻ ദിവാസ്വപ്നം കാണുംപോലെ കുട്ടികളും തക്കതായ കളിയ്ക്കു് അവസരമില്ലെങ്കിൽ സങ്കല്പസുഖത്തിനായി തുടങ്ങുന്നു. ഇതു നാട്യമായി പരിണമിയ്ക്കുന്നു. താൻ അദ്ധ്യാപകനോ യജമാനനോ ആയി വടിയെടുത്തു തൂണിന്മേലും ചെടികളിന്മേലും അടിയ്ക്കുന്നതു് ഈ നാട്യത്തിന്നു് ഉദാഹരണമാണ്. അവരോടു കഥകൾ പറഞ്ഞാൽ അവയിലെ പ്രധാന വേഷങ്ങളാകാനാണു കുട്ടികൾക്കു മോഹം. ഈ നാട്യങ്ങളിലൊക്കെ ബലപ്രകടനമാണു പ്രധാനോദ്ദേശ്യം.

എന്നാൽ ഈ ഉദ്ദേശ്യം എല്ലായ്പോഴും പ്രത്യക്ഷമല്ല. ഭയം നടിയ്ക്കുന്നതും കരയുന്നതും അവർക്കു രസപ്രദമായി കാണുന്നുണ്ടല്ലോ. പക്ഷെ അവർക്ക് ഇതിൽ ആപത്തില്ലെന്നുള്ള ഒരു വിശ്വാസം ഉള്ളതുകൊണ്ടായിരിയ്ക്കാം ഈ നാട്യങ്ങൾക്കു പുറപ്പെടുന്നതു്. നാം ഒരുമുതലയായി കുട്ടിയെ പിടിച്ചുതിന്നാൻപോകുന്നതായി നടിച്ചാൽ കുട്ടി പേടിച്ചു കരയും. അതു നിറുത്തിയാൽ ഒന്നുകൂടി മുതലയാവാൻ നമ്മോടു് അവർ ആവശ്യപ്പെടുകയും ചെയ്യും. പ്രായംചെന്നവർക്കു നോവൽവായിക്കുന്നതിലും നാടകം കാണുന്നതിലും ഉള്ള സന്തോഷംതന്നെയാണു കുട്ടികൾക്കു് അവരുടെ നാട്യംകൊണ്ടു കിട്ടുന്നതു്; കുട്ടികളുടെ മോഹങ്ങളുടെ ബലംപോലെയിരിയ്ക്കും കളിയിൽ അവർക്കുള്ള ഉത്സാഹവും എന്നു പറയാം.

വിദ്യാഭ്യാസത്തിൽ കളിയുടെ സ്ഥാനമെന്തു്? ശൈശവത്തിൽ കളി സർവ്വപ്രധാനമായ ഒരു പ്രവൃത്തിയാണെങ്കിൽ പ്രായം കൂടുന്തോറും കളിയും കുറഞ്ഞു കാര്യം കൂടിവരുകയാണല്ലോ സ്വാഭാവികം. പക്ഷെ നമ്മുടെ വിദ്യാഭ്യാസസമ്പ്രദായത്തിൽ ഈ സ്വാഭാവികത്വം അത്ര മാനിയ്ക്കപ്പെട്ടു കാണുന്നില്ല. പ്രാഥമികവിദ്യാലയങ്ങളിലാണല്ലോ ശൈശവം കഴിഞ്ഞു കുട്ടികൾ പ്രവേശിയ്ക്കുന്നതു്. അവിടെയാണു കളിയ്ക്കു കാര്യത്തേക്കാൾ പ്രാധാന്യം കല്പിച്ചുകൊടുക്കേണ്ടതു്. നേരെ മറിച്ചു് അവിടെയാണു കളിയ്ക്കു യാതൊരു ഏർപ്പാടും ഇല്ലാത്തതു്. സദാ ഓടിച്ചാടി ശീലിച്ചു ജീവിച്ചിരുന്ന കുട്ടികളെ അഞ്ചു വയസ്സാകുമ്പോഴേയ്ക്കു സ്കൂളിൽ അയച്ചു ബെഞ്ചിന്മേൽ ഓരോ മണിക്കൂറോ, അയ്മ്പതു മിനിട്ടോ നേരം നിശ്ചേഷ്ടരായി ഇരിയ്ക്കാൻ വാദ്ധ്യാർ ആജ്ഞാപിക്കുന്നു. ഈ നിഷ്ഠുരകർമ്മത്തിനു 'ഡിസിപ്ലിൻ' എന്നു നാമകരണവും ചെയ്യുന്നു. ബാല്യോത്സാഹം ഇതുകൊണ്ടുതന്നെ നശിക്കേണ്ടതാണ്. പോരെങ്കിൽ രസശൂന്യമായ അക്ഷരാവലിയും, സങ്കലനവ്യവകലനഗുണനപ്പട്ടികകളും മാറി മാറി സേവിയ്ക്കാം. ഇങ്ങിനെ ആററിഎണ്ണൂറു ദിവസം ചികിത്സ കഴിയുമ്പോഴേയ്ക്കു് ഉത്സാഹം, ഉന്മേഷം, പൌരുഷം, ചൊടി, എന്തിനു—മനുഷ്യത്വംകൂടി അവരോ

ട്ട യാത്രപറയും. നാലുവൎഷം ഈ ചികിത്സ കഴിഞ്ഞു് ഇംഗ്ലീഷുസ്കൂളിൽ ചെല്ലുമ്പോൾ അഞ്ചു ശതമാനം കുട്ടികൾകൂടി കളികളിൽ ഔത്സുക്യം കാണിയ്ക്കാതാവും. അവിടെ കളിയ്ക്കു ചില ഏൎപ്പാടുകൾ ചെയ്തുതുടങ്ങും. കാളേജിലെത്തിയാൽ ഇത്രയും ശതമാനംകൂടി കളിയ്ക്കാൻ ഉത്സാഹം കാണിയ്ക്കുന്നില്ല. പ്രായംകൊണ്ടും പൂൎവ്വപരിശീലനംകൊണ്ടുമായിരിയ്ക്കാം കളിയിൽ അവൎക്കു് ഈ വൈമുഖ്യം തോന്നുന്നതു്. എന്നാൽ കാളേജുകളിൽ കളിയ്ക്കു് ഒരുവിധം സൌകൎയ്യമുണ്ടുതാനും.

എങ്കിലും, വിദ്യാലയങ്ങളിൽ കളിയുടെ സ്ഥാനം നൂതനമായ പ്രവൃത്തിയോഗ്യതകളെ സമ്പാദിയ്ക്കുന്നു എന്നുള്ളതാണു്. ഇതിന്നു പററിയ കളികളെയാണു് നാം അഭിനന്ദിച്ചുവരാറുള്ളതു്. എന്നാൽ ഈ മാതിരി നാട്യങ്ങളോടു് ആധുനികരിൽ പലരും വിമുഖത കാണിയ്ക്കുന്നു. പ്രായം ചെന്നവരുടെ ദിവാസ്വപ്നങ്ങൾ ഒരുവക രോഗങ്ങളായിട്ടും പ്രവൃത്തിയില്ലായ്മയുടെ ലക്ഷണങ്ങളായിട്ടുമാണു് അവർ കരുതിപ്പോരുന്നതു്. നാട്യങ്ങളോടുള്ള വൈമുഖ്യം കുട്ടികളുടെ കളികളിലും ഈ കാരണംകൊണ്ടുതന്നെ ആളുകൾ സാധൂകരിയ്ക്കാറുണ്ടു്. ഇതത്ര ശരിയല്ല. ഇവർ വേതാളകഥകൾ മുതലായ കള്ളക്കഥകൾ കുട്ടികളോടു പറയുന്നതും ശരിയല്ലെന്നു പറയുന്നു. ഇവ കള്ളക്കഥയാണെന്നു കുട്ടികൾ അറിയുന്നില്ലെന്നും സത്യമാണെന്നു വിശ്വസിച്ചേയ്ക്കുമെന്നുമാണു് ഇവർ പറയുന്നതു്. നാം ശാകുന്തളം വായിയ്ക്കുമ്പോൾ കഥ കെട്ടുകഥയാണെന്നു നാം അറിയുന്നുണ്ടെങ്കിൽതന്നെ അതു വായിയ്ക്കുമ്പോൾ അതിലെ സംഭവങ്ങൾ യഥാൎത്ഥങ്ങളോ തന്മയങ്ങളോ ആണെന്നു തോന്നി രസിയ്ക്കുന്നതിലെന്താണസാംഗത്യം? നാം വായിയ്ക്കുമ്പോൾ ഇതു കള്ളക്കഥയാണെ, എന്നു നമ്മെ ഒരാൾ ഓൎമ്മിപ്പിച്ചാൽ നമുക്കു് എന്തു നീരസമുണ്ടാകും; അതുപോലെ കുട്ടികളുടെ നാട്യങ്ങളും അയഥാൎത്ഥമാണെന്നു് അവരെ ഓൎമ്മിപ്പിയ്ക്കുന്നതു് അനാവശ്യമാണു്.

സത്യം പ്രാധാന്യമേറിയതുതന്നെ. സങ്കല്പവും പ്രാധാന്യമേറിയതാണു്. മനുഷ്യചരിത്രത്തിൽ സങ്കല്പമാണു് ആദ്യം തുടങ്ങിയതെന്നു തോന്നുന്നു. കുട്ടികളുടെ ഭക്ഷണാദിആവശ്യങ്ങൾ വേണ്ടതുപോലെ നൽകിയിട്ടുണ്ടെങ്കിൽ അവൎക്കു സത്യത്തെക്കാൾ കളിയ്ക്കാൻ രസം. കളികളിൽ കുട്ടി ഒരു രാജാവാണു്. രാജ്യം ഭരിയ്ക്കുന്ന രാജാവിന്റെ ശക്തിയെക്കാൾ കൂടുതലായിട്ടാണു കുട്ടികളിൽ ശക്തിയനുഭവിയ്ക്കുന്നതു്. വാസ്തവത്തിൽ കുട്ടിയ്ക്കു് ഉപദ്രവകരമായ പലതും ചെയ്യാനുണ്ടു്. ഉണ്ണണം, ഉറങ്ങണം, പ്രാൎത്ഥിയ്ക്കണം. ഇതിനിടയ്ക്കു കിട്ടുന്ന കളിസമയത്തു് അവരെ തടയുന്നതു് അവൎക്കു വളരെ സങ്കടമാണു്. കുട്ടികളുടെ ഉച്ഛൃംഖലത്വം സ്വാഭാവികമാണു്; രോഗമല്ല. അതുപോലെ അവരുടെ സങ്കല്പക്കളികളും സ്വാഭാവികമാണു്; രോഗമല്ല.

സത്യവും വാസ്തവവും തമ്മിൽ വ്യത്യാസമുണ്ട്. ഞാൻ ഒരു സ്വപ്നം കാണുന്നു. അതിൽ കണ്ടതൊക്കെ വാസ്തവമല്ല; സത്യമാണ്. നമ്മുടെ ജീവിതം വാസ്തവത്താൽ മാത്രമല്ല പ്രതീക്ഷകളാലും ഭരിയ്ക്കപ്പെടുന്നുണ്ട്. വാസ്തവമല്ലാത്ത സത്യമില്ല എന്നു പറയുന്നതു മാനുഷമനസ്സിനെ തടവിലടയ്ക്കുന്നതാകുന്നു. കവികൾ വർണ്ണിയ്ക്കുന്നതു സത്യമാണ്; വാസ്തവമല്ല. കുട്ടികൾക്കു തോന്നുന്ന സങ്കല്പങ്ങളൊക്കെ അവക്ക് സത്യാവസ്ഥകളാണ്; വാസ്തവങ്ങളല്ലായിരിയ്ക്കാം. വാസ്തവത്തിന്നായി സത്യത്തെ ബലികഴിയ്ക്കുന്നതു വലിയ നഷ്ടമാണ്; കഷ്ടമാണ്.

വിദ്യാഭ്യാസമെന്നതു വാസനകളെ <u>സംസ്കരിയ്ക്കയാണ്; സംഹരിയ്ക്കയല്ല</u>. മനുഷ്യന്റെ വാസനകൾ അവ്യക്തങ്ങളാണ്. അവയെ പല വിധത്തിൽ സാധിക്കാം. അവയുടെ സാദ്ധ്യത്തിനു ചില സാമർത്ഥ്യം വേണം. ക്രിക്കറ്റും, ഫുട്ട്ബാളും ഒരേ വാസനയെ തൃപ്തിപ്പെടുത്തുന്നു. എന്നാൽ കുട്ടികൾ അവയിൽ ഏതു പഠിച്ചിട്ടുണ്ടോ അതു കളിച്ചു തൃപ്തിപ്പെടുന്നു. അതുകൊണ്ടു വിദ്യാഭ്യാസത്തിന്റെ രഹസ്യം ഒരാളുടെ വാസനകളെ വളർത്തത്തക്ക സാമർത്ഥ്യം ഉണ്ടാക്കിക്കൊടുക്കുന്നതിലാണു സ്ഥിതിചെയ്യുന്നതു്. ശക്തി കാണിക്കാനുള്ള വാസന കഥകളിലെ നായകന്മാരാണെന്നു നടിക്കുന്നതിനാൽ വളർന്നു്, ശാസ്ത്രതത്വങ്ങളെ കണ്ടുപിടിക്ക മുതലായവകൊണ്ടുണ്ടാകുന്ന സംതൃപ്തിയായി പരിണമിക്കുന്നു. മനുഷ്യനു യുദ്ധം മാത്രമാണ് ആവശ്യമെങ്കിൽ അവന്റെ ശക്തി യുദ്ധത്തിൽ സന്തോഷിയ്ക്കുന്നു. മററു കാര്യങ്ങളിൽ സാമർത്ഥ്യമുണ്ടെങ്കിൽ അവയിലും അവൻ സന്തോഷിക്കുന്നു. അവന്റെ വാസന ചെറുപ്പത്തിൽതന്നെ സംഹരിക്കപ്പെട്ടുവെങ്കിൽ അവന്റെ സാമർത്ഥ്യം അവനു് ഒന്നിലും സന്തോഷം നൽകുന്നതല്ല.

കുട്ടികൾ കുട്ടികാലത്തു മനുഷ്യർ ആദിദശയിൽ ചെയ്തുവന്നിരുന്ന കാര്യങ്ങൾ ചെയ്തു ശീലിക്കണം. അവ എന്നും നിലനിന്നുപോരുകയില്ല; ചെറുപ്പത്തിൽ നമുക്കു തലകുത്തിമറിയാൻ ഉത്സാഹമുണ്ടായിരുന്നല്ലോ. ഇന്നു പ്രായം ചെന്ന നാം തലകുത്തിമറിയാൻ മോഹിയ്ക്കാറുണ്ടോ? അതുപോലെ കുട്ടികളുടെ വാസനകളും കാലം ചെല്ലുന്തോറും അതാതു കാലത്തിനടുത്തപോലെ മാറിക്കൊള്ളും. അതിനാൽ കുട്ടികളുടെ നടത്ത പ്രായം ചെന്നവരുടേതുപോലെയാക്കുന്നതു് അനാവശ്യമാകുന്നു. ആ ശ്രമം കുട്ടികളെ മുഷിപ്പിക്കമാത്രമേ ചെയ്കയുള്ളു. പോരെങ്കിൽ ഈ തത്വങ്ങൾ അവക്കു തോന്നേണ്ടകാലം വരുമ്പോഴെക്കു് അവയോടു് അനാസ്ഥ അവരിൽ ജനിപ്പിക്കുകയും ചെയ്യും. ബാലമനശ്ശാസ്ത്രം അദ്ധ്യാപകന്മാർ നല്ലവണ്ണം പഠിക്കുമെങ്കിൽ ഇന്നു നാം കാണുന്ന ഗുണപാഠങ്ങളും ധർമ്മപരിശീലനസിദ്ധാന്തങ്ങളും മതതത്വങ്ങളും ഉപദേശിക്കുന്നതിൽ കുറേക്കൂടി ബുദ്ധി ഉപയോഗിക്കുമായിരുന്നു.

പ്രായംചെല്ലുമ്പോഴത്തെ കളികളിൽ മത്സരം എന്ന അവസ്ഥ കൂടി കൂടി വരുന്നു. ആദിയിൽ കുട്ടി തനിയേ കളിക്കുന്നു. പ്രായംചെന്ന കുട്ടികളോടുകൂടി കളിക്കുക കൊച്ചുകുട്ടികൾക്കു പ്രയാസമാണു്. ഒരുമിച്ചുകളി സാദ്ധ്യമാകുന്ന കാലത്തു് അതിലാണു് കുട്ടികൾക്കു് ഔത്സുക്യം. തനിയേ കളിക്കാനുള്ള വാസന നിന്നുപോകുന്നു. പ്രായംചെന്ന കുട്ടികളുടെ കളികൾ ഇംഗ്ലണ്ടിലെ സ്കൂളുകളിൽ കുറെ കൂടിപ്പോയിരിക്കയാണു്. അവിടെ കളി ആരോഗ്യാവശ്യത്തെ അധികരിച്ചിരിക്കുന്നു. അവയിലുള്ള സാമർത്ഥ്യത്തിനു നാം വലിയ വിലവെച്ചാൽ അതിൽ സാമർത്ഥ്യമുള്ള കുട്ടികൾ വേണ്ടതിലധികം കളിച്ചുപോകും. മററുള്ളവർ കളിയിൽ ചേരാതെ കാഴ്ചക്കാർ മാത്രമായും തീരും. കളികൾ കുട്ടികളെ, ചില്ലറ ആപത്തുകളെ ലഹളകൂടാതെ നേരിടാൻ പഠിപ്പിക്കുന്നു. ക്ഷീണം സന്തോഷത്തോടെ സഹിക്കാറാകുന്നു. ഇതിലധികം അവയ്ക്കു വലിയ പ്രാധാന്യമൊന്നും ഇല്ലതന്നെ. അവ അവരെ പരസ്പരസഹായം പഠിപ്പിക്കുന്നുവെന്നു പറയുന്നു. പക്ഷേ അതു മത്സരരൂപത്തിലാണു്. ഈ പരസ്പരസഹായം യുദ്ധത്തിൽ വേണ്ടമാതിരിയിലാണു താനും. വ്യവസായത്തിനു വേണ്ടരീതിയിലല്ല. പരസ്പരസഹായം സാമ്പത്തികമായി പരസ്പരരാജ്യകാൎയ്യങ്ങളിലും സാദ്ധ്യമാണെന്നു ശാസ്ത്രം തെളിയിച്ചിരിക്കുന്നു. എങ്കിലും യുദ്ധത്തിനാവശ്യമുള്ള പരസ്പരസഹായം പൂർവ്വാധികം ആപൽക്കരമാക്കിത്തീർത്തിട്ടുണ്ടു്. എന്നാൽ കുട്ടികളുടെ കളികളിൽ മത്സരത്തേക്കാൾ പരസ്പരസഹായത്തിനു വിലവെയ്ക്കേണ്ടിയിരിക്കുന്നു. മത്സരവും മനുഷ്യൻെറ വാസനകളിൽ ഒന്നാണു്. അതിനും പ്രകടിക്കാൻ അവസരം വേണം. കളികളിൽ അതു പ്രകടിപ്പിച്ചാൽ വലിയ ദോഷമില്ലാതെ കഴിയും. ഇതു കളി തടയരുതെന്നുള്ളതിനു കാരണമാണു്. പക്ഷേ, കളിക്കു് അധികം വിലവെയ്ക്കാതിരിക്കാനും ഇതുതന്നെ കാരണമാണു്. കുട്ടികൾ അവരുടെ സന്തോഷത്തിനായിട്ടു കളിയ്ക്കട്ടെ. അധികൃതർ വിചാരിക്കുന്നതുപോലെ ആപൽകരമായ ചിന്തകൾ ജനിക്കാതിരിക്കാനായി അവർ കളിക്കേണ്ടതാനും.

ധൈര്യം എന്നതു് അവനവനുവരുന്ന ആപത്തുകളെ അനാദരിക്കാനുള്ള ശക്തിയാണു്. അതിനായി ഓളവും തിരയും ഒഴുക്കും ഉള്ള ജലാശയങ്ങളിൽ തുഴഞ്ഞുനീന്തുക, തോണി കളിക്കുക, വാഹനങ്ങൾ നടത്തുക, ചില്ലറ അപകടം ഉണ്ടാകുന്ന ശാസ്ത്രപരീക്ഷണങ്ങൾ ചെയ്യുക മുതലായവ കുട്ടികൾ പരിശീലിച്ചു് ആപത്തുമായി പരിചയിച്ചു ധൈര്യം സമ്പാദിക്കേണ്ടതാണു്. ഈ വക പരിശ്രമങ്ങളിൽനിന്നു ലഭിക്കുന്ന സാമർത്ഥ്യം പന്തുകളിയിൽനിന്നും കിട്ടുന്നതിനേക്കാൾ ഉപകാരപ്രദമാണു്. ഇവയിൽനിന്നുണ്ടാകുന്ന സ്വഭാവസ്ഥിരീകരണം സാമുദായികജീവിതധർമ്മത്തിനു പററിയതുമാണു്. എന്നാൽ കായികാഭ്യാസോത്സാഹം ബുദ്ധിശ

കതിക്കു വിലകുറച്ചുവെയ്ക്കാൻ പര്യാപ്തമാകുന്നു. ബ്രിട്ടീഷുകാർ തങ്ങളുടെ വ്യവസായ പ്രാമാണ്യവും സാമ്രാജ്യവും കൈവിട്ടുകളയുന്നുവെങ്കിൽ അതു് ഈവിധം ബുദ്ധിശക്തിയെ അനാദരിച്ചു കായികശക്തിയെ പോഷിപ്പിച്ചതുകൊണ്ടാകും. ഇതു വരുന്നതു കളികളുടെ പ്രാധാന്യത്തിൽ ഭ്രാന്തുപിടിച്ചു നിഷ്കൃഷിക്കുന്നതുകൊണ്ടാണു്. ഇതു മാത്രമല്ല. കളികളിൽ വിദഗ്ദ്ധനായ ഒരുവൻ മററു പല കാര്യങ്ങളിലും വിദഗ്ദ്ധനായിരിക്കും എന്നുള്ള വിശ്വാസവും ഈ സങ്കീർണ്ണപൂർണ്ണമായ ലോകകാര്യങ്ങളെ നിയന്ത്രിക്കുന്നതിൽ ബുദ്ധിശക്തിയുടേയും ജ്ഞാനത്തിൻേറയും ആവശ്യത്തെ അനാദരിക്കാനും അധികൃതരെ പ്രേരിപ്പിക്കുന്നുണ്ടു്. കളികൾ കുട്ടികൾ തങ്ങളിൽ ഒരു കൂട്ടുകെട്ടുണ്ടാക്കുന്നു എന്നു പറയാറുണ്ടു്. അധികൃതന്മാർ ഇതിനെ മാനിക്കുന്നതും ഈ കൂട്ടുകെട്ടു നന്മയ്ക്കായി പ്രവർത്തിപ്പിക്കാമെന്നു കരുതിയാണു്. പക്ഷെ ഈ കൂട്ടുകെട്ടു മററൊരു കൂട്ടത്തോടു മത്സരിക്കാനാണു് ഉപയോഗിച്ചുവരാറു്. മത്സരബുദ്ധി കൂടാത്ത ഈ കൂട്ടുകെട്ടിനു കളികൾ പരിശീലിപ്പിച്ചു കാണുന്നില്ല. ഈ മത്സരബുദ്ധി നമ്മിൽ എത്രത്തോളം വ്യാപിക്കുന്നു എന്നതു നമ്മെ പലപ്പോഴും വിസ്മയിപ്പിച്ചേക്കും. ഒരു ഡിസ്ട്രിക്ടിലെ ശുചീകരണം നന്നാകണമെങ്കിൽ മററൊരു ഡിസ്ട്രിക്ടിലെ ശുചീകരണം ഇതിലും മെച്ചമാണെന്നു പറഞ്ഞു ആദ്യത്തെ ഡിസ്ട്രിക്ടുകാരെ പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു. കൊച്ചി ഒരു വിഷയത്തിൽ തിരുവിതാംകൂറിനെ അതിശയിക്കുന്നുവെന്നു പറഞ്ഞാലേ തിരുവിതാംകൂർ ആ വിഷയത്തിൽ അഭിവൃദ്ധിക്കു് ഉത്സാഹിക്കു എന്ന മട്ടായിരിക്കുന്നു. നമ്മുടെ സകല പ്രവൃത്തികളിലും ഈ മത്സരബുദ്ധി കേറി സ്ഥലം പിടിച്ചിരിക്കുന്നു. ചുരുക്കത്തിൽ ഈ മത്സരബുദ്ധി ദോഷമല്ലായെന്നും അഭ്യുദയത്തിനു അത്യാവശ്യമാണെന്നുംകൂടി ജനങ്ങൾ പരക്കെ വിശ്വസിച്ചുവരുന്നു. ഇന്നു വിദ്യാലയങ്ങളിൽ കാണുന്ന കളികളിൽ മത്സരമാണു മർമ്മമായി നില്ക്കുന്നതു്. നമ്മുടെ സാമുദായികജീവിതത്തിൽ പരസ്പരസഹായം അതായതു മത്സരാഭാവമാണു കാര്യം. കുട്ടികളെ പരസ്പരസഹായികളാക്കി പരിശീലിപ്പിക്കണമെങ്കിൽ സ്കൂളുകളിലെ കളികളുടെ സമ്പ്രദായംതന്നെ ഒന്നു മാറേറണ്ടിയിരിക്കുന്നു. അതു് എങ്ങിനെയാണു ചെയ്യേണ്ടതെന്നു് ആലോചിക്കുന്നതു് ഈ അവസരത്തിലല്ലല്ലോ വേണ്ടതു്.

## നമ്മുടെ വിദ്യാലയങ്ങളിലെ കായികാഭ്യസനം

(സി. ജി. അനന്തൻപിള്ള ബി. എ.)

നമ്മുടെ വിദ്യാഭ്യാസസമ്പ്രദായം ദേശീയ ജീവിതോല്ക്കർഷത്തിനു് ഒരിക്കലും ഹേതുഭൂതമല്ലെന്നും തന്നിമിത്തമുണ്ടാകുന്ന ദോഷഫലങ്ങൾ അവാ

ഢ്യങ്ങളാണെന്നും ഈ രീതി തുടൎന്നുകൊണ്ടുപോയാൽ നമ്മുടെ മാതൃഭൂമി അപൽഗൎത്തത്തിൽ പതിച്ചു അധഃപതിച്ചു പോകുമെന്നും നാം പല പ്രസംഗപീഠങ്ങളിൽനിന്നും ശ്രവിച്ചും പത്രങ്ങൾ, മാസികകൾ, പുസ്തകങ്ങൾ മുതലായവകളിൽനിന്നും വായിച്ചും അറിയുന്നുണ്ട്. മഹാത്മാഗാന്ധി, രവീന്ദ്രനാഥടാഗോർ മുതലായ ഭാരതീയനേതാക്കന്മാർ ഗുരുതരമായ ഈ ദോഷം മനസ്സിലാക്കി അതിനുവേണ്ട പ്രതിവിധികൾ നൽകി വരുന്നുണ്ട്. നമ്മുടെ വിദ്യാഭ്യാസസമ്പ്രദായത്തിലുള്ള ഒരു പ്രധാന ന്യൂനത കുട്ടികളുടെ കായികാഭ്യാസവിഷയത്തിൽ വിദ്യാലയങ്ങൾ ആശാസ്യമായ ശ്രദ്ധ പ്രദൎശിപ്പിക്കുന്നില്ലെന്നുള്ളതാണ്. മാനസികമായി ഒരുവന് എത്രതന്നെ വികസനം സിദ്ധിച്ചിട്ടുണ്ടെങ്കിലും അവനു ശരീരശക്തിയില്ലെങ്കിൽ ഗുണത്തിനുപകരം സാധാരണ ദോഷമാണു ലഭിക്കുന്നതു്. ആരോഗ്യകരമായ ശരീരത്തിൽ ആരോഗ്യമുള്ള മനസ്സ് എന്നാണല്ലോ പ്രമാണം. ചുവരുണ്ടെങ്കിലെ ചിത്രമെഴുതാവൂ എന്നു പറയുന്നതുപോലെ ദേഹശക്തിയുണ്ടെങ്കിലെ നമ്മുടെ ജീവിതധൎമ്മം ശരിയായി നിൎവ്വഹിക്കുവാൻ സാധിക്കുകയുള്ളൂ. ഈ തത്വം നമ്മുടെ പൂൎവ്വികന്മാർ നല്ലപോലെ മനസ്സിലാക്കിയിരുന്നു. കായികശക്തി നിലനിൎത്തിക്കൊണ്ടുവരുന്നതിനായിരുന്നു അവർ കളരികൾ ഏൎപ്പെടുത്തിയിരുന്നതു്. കളരികളിൽ പലവിദ്യകളും അഭ്യസിപ്പിച്ചിരുന്നു. അതുനിമിത്തം പണ്ടുള്ളവൎക്കു നല്ല ദേഹബലവും മനക്കരുത്തും ശത്രുക്കളോടു നേരിടുവാനുള്ള ധീരതയും ഉണ്ടായിരുന്നു. എന്നാൽ ഇന്നത്തെ ഭാരതീയയുവജനങ്ങൾ പ്രായേണ അശക്തന്മാരായിട്ടാണു കാണപ്പെടുന്നതു്. ഇന്നത്തെ വിദ്യാലയങ്ങളിൽനിന്നും പുറത്തുവരുന്ന വിദ്യാൎത്ഥികൾ ബുദ്ധിശക്തിയിൽ ഒരുവിധം കേമന്മാരാണെങ്കിൽ ദേഹശക്തിയിൽ വളരെ മോശക്കാരായി കാണപ്പെടുന്നു. കാളിദാസന്റെയോ ഷേക്സ്പിയറുടെയോ കവിതകൾ നല്ലപോലെ പഠിച്ച് — കാണാപ്പാഠം പഠിച്ച് — അവയുടെ സ്വാരസ്യവും കമനീയതയും വൈശിഷ്ട്യവും മനസ്സിലാക്കിയിട്ടുള്ള ഈ സമൎത്ഥന്മാൎക്കു നാലു മയിൽ തികച്ചു നടക്കുവാൻ സാധിക്കുന്നില്ല. കഠിനങ്ങളായ ഏതു പദ്യങ്ങളും കടിച്ചുപൊട്ടിച്ചു വ്യാഖ്യാനിക്കുവാൻ കഴിയുന്ന ഇവരിൽ പലൎക്കും ഒരു തടിക്കഷണം കീറുന്നതിന് എത്ര വിഷമമുണ്ടെന്നു അവരോടു ചോദിച്ചാൽ മനസ്സിലാകാവുന്നതാണ്. ഒരു രാജ്യത്തിലെ യുവാക്കൾ ഈ തരക്കാരായാൽ അവരെക്കൊണ്ടു ആ രാജ്യത്തിനു എന്തു പ്രയോജനമാണുണ്ടാകുന്നതു്? സമാധാനപ്രിയന്മാരായ ചില മഹാനുഭാവന്മാർ യുദ്ധം വേണ്ട എന്നു മുറവിളി കൂട്ടുന്നുണ്ടെങ്കിലും, തദനുസരണമായി പ്രവൎത്തിക്കുവാൻ ലോകശക്തികൾ വിമുഖരായിരിക്കുന്നതുകൊണ്ടു യുദ്ധം ഇനിയും നിലനില്ക്കുന്നതിനും രാജ്യസംരക്ഷണത്തിന്നായി ശക്തിയുള്ള പ്രജകളില്ലാത്ത രാജ്യങ്ങൾ ശക്തിയുള്ള രാജ്യങ്ങൾക്കടിമപ്പെടുവാനും ഇടയുണ്ട്. നമ്മുടെ രാജ്യം ഇനി

യും വിദേശീയക്കടിമപ്പെടാതിരിക്കണമെങ്കിൽ—അതു് അതിന്റെ സ്വന്തകാലുകളിൽ നില്ക്കണമെങ്കിൽ—നമ്മുടെ യുവജനങ്ങളുടെ കായികസ്ഥിതിയെ നന്നാക്കുകയാണു പ്രധാനമായി വേണ്ടതു്. സാധു വാസ്വാനി പറയുന്നതു നോക്കുക:—“യുവാക്കന്മാരായ നിങ്ങളാകുന്നു ഇൻഡ്യയുടെ വിലയേറിയ സ്വത്തു്. മാതൃശുശ്രൂഷാർത്ഥമുള്ള പരിശ്രമങ്ങളിൽ നിങ്ങളെത്തന്നെ വ്യയം ചെയ്യുവാൻ സദാ സന്നദ്ധരായിരിക്കുവിൻ. ആകയാൽ ബലവാന്മാരായിത്തീരുവിൻ. ദേഹത്തിലും, മനസ്സിലും, സ്വഭാവത്തിലും ശക്തന്മാരായിരിക്കുവിൻ. ശക്തന്മാർ മാത്രമേ യഥാർത്ഥമായ സേവനത്തിനു പ്രാപ്തരാകുന്നുള്ളു.”

നമ്മുടെ വിദ്യാലയങ്ങളിൽ കായികാഭ്യസനത്തിന് അവസരം നൽകുന്നുണ്ടെന്നുള്ളതു് വാസ്തവംതന്നെ. എന്നാൽ അവിടെ നടക്കുന്ന നേരംപോക്ക് ആരെങ്കിലും അറിയുന്നുണ്ടോ? മനക്ഷുത്തിനെ ശമിപ്പിക്കുവാൻ കാണാപ്പാഠം പഠിപ്പിക്കുവാനായി ഒരാഴ്ചയിൽ 29 പീരിയേഡു് സമയവിവരപ്പട്ടികയിൽ ഉണ്ടെങ്കിലും ശരീരാവശ്യത്തിനായി ഒരാഴ്ചയിൽ ഒരു പീരിയേഡ് ആണു മനമില്ലാമനസ്സോടെ വിനിയോഗിക്കുന്നതു്. കായികപരിശീലനത്തിന്നായി വച്ചിട്ടുള്ള ഈ പീരിയേഡിനെപ്പോലെ പ്രഥമാദ്ധ്യാപകന്മാർക്കു് ഇത്ര ഭയാനകമായിട്ടുള്ള സമയം വേറേയില്ല. ആ സമയത്താണു് അദ്ദേഹവും വിദ്യാർത്ഥികളും തമ്മിൽ സമരം നടക്കുന്നതും. കുട്ടികൾ അവധിക്കുള്ള അപേക്ഷകളോടുകൂടി അദ്ദേഹത്തിന്റെ മുറിയെ ആക്രമിക്കുകയായി. ചിലക്കു് ആസ്പത്രിയിൽ പോകണം; ചിലക്കു് പീടികയിൽപോകണം; ചിലക്കു് വയററുവേദന; ചിലക്കു് തലവേദന, വേറെ ചിലക്കു് പല്ലുവേദന; മററു ചിലക്കു് നെഞ്ചുവേദന; എന്നാൽ ഡ്രില്ലുസമയത്തു് അവിടെനിന്നും രക്ഷപ്രാപിക്കുന്നകുട്ടികളെത്തന്നെ നാം എന്തിനാണു കുററപ്പെടുത്തുന്നതു്? ആ സമയം രസകരമായോ ഗുണകരമായോ തോന്നുന്നതിനു പകരം ഉപദ്രവകരമായിട്ടാണു് അവക്കു് തോന്നുന്നതു്. അതിനു പല കാരണങ്ങളുമുണ്ടു്. പ്രധാനകാരണം ഡ്രിൽമാസ്റ്റർതന്നെയാണു്. ചില പള്ളിക്കൂടങ്ങളിൽ ഇവക്കു് പകുതിസമയം ഡ്രായിംഗുമാസ്റ്ററുടെ ജോലിയുംകൂടി നിർവ്വഹിക്കേണ്ടതായിട്ടുണ്ടു്. ഇവയിൽ എല്ലാവരുംതന്നെ കായികാഭ്യസന വിഷയത്തിൽ ശരിയായ അറിവില്ലാത്തവരാണു്. അവർ കുട്ടികളോടു് ഓരോ അഭ്യാസങ്ങൾ പ്രദർശിപ്പിക്കുവാൻ ആജ്ഞാപിച്ചാൽ അതു പ്രായേണ അനുസരിക്കുകയില്ല. അപ്പോൾ പ്രഹരമായി, ചുകപ്പാടെ ബഹളമായി. സമാധാനം ഉണ്ടാക്കാൻ പ്രഥമാദ്ധ്യാപകൻതന്നെ വരണം. ഡ്രിൽമാസ്റ്റർമാരിൽ മിക്കവരും ‘വൺ, ടു’ പറഞ്ഞും ‘ലെഫ്റ്റ് ടേൺ, റൈറ്റ് ടേൺ’ പറഞ്ഞും സമയംകഴിക്കുന്നവരാണു്. കാൽകൊണ്ടും കൈകൊണ്ടും അങ്ങോട്ടുമിങ്ങോട്ടും കുറെ നീട്ടുകയും കഴുത്തു ചായ്ക്കുകയും ചരിക്കുകയും ചെയ്യിച്ചാൽ ദേഹത്തിനു വേ-

ണ്ടു വ്യായാമം സിദ്ധിച്ചു എന്നാണ് ഇവർ കരുതുന്നതു്. ശരീരശാസ്ത്രസംബന്ധമായും ആരോഗ്യവിഷയകമായും ഇവൎക്ക് അറിവില്ലാത്തതുകൊണ്ടു കുട്ടികളുടെ വിവിധത്വമനുസരിച്ചു കായികാഭ്യസനം നൽകുവാൻ ഇവൎക്കു സാധിക്കയില്ല. വെയിൽകൊണ്ടാൽ തലവേദന ഉണ്ടാകുമെങ്കിലൊ എന്നു ഭയപ്പെട്ടു പരിശീലനസ്ഥലത്തു പോകാത്തവരും ചിലരുണ്ടു്. അതിനാൽ കായികസംസ്കാരവിഷയകമായി വിദ്യാലയങ്ങളിൽ എന്തെങ്കിലും പ്രവൎത്തിക്കണമെങ്കിൽ ആദ്യമായി ഈ ആളുകളെ മാററിയൊ, ഇവരെത്തന്നെ ശരിയായി പരിശീലിപ്പിച്ചൊ കായികസംസ്കാരത്തിൽ വിദഗ്ദ്ധന്മാരായിട്ടുള്ളവരെ നിയമിക്കണം. ശരീരശാസ്ത്രം ആരോഗ്യം മുതലായവയിൽ ശാസ്ത്രീയവും പ്രായോഗികവുമായ പരിജ്ഞാനം അവൎക്കുണ്ടായിരിക്കണം.

കായികാഭ്യാസവിഷയത്തിൽ നമുക്കു നേരിടുന്ന വേറൊരു പ്രതിബന്ധം നമ്മുടെ ശീതോഷ്ണാവസ്ഥയാണ്. അതു് എളുപ്പം പരിഹരിക്കാവുന്നതുമല്ല. മൂന്നുനാലു മാസമൊഴികെ മററുള്ള സമയമെല്ലാം അത്യുഷ്ണമാകയാൽ ഓരോ ദിവസങ്ങളിലെ മിക്കമണിക്കൂറുകളും കായികാഭ്യാസങ്ങൾക്ക് അപൎയ്യാപ്തങ്ങളായിട്ടാണു തീൎന്നിരിക്കുന്നതു്. അഞ്ചാറു ക്ലാസ്സും അഞ്ഞൂറൊ അറുനൂറൊ കുട്ടികളും ഉള്ള ഒരു വിദ്യാലയത്തിൽ വൈകുന്നേരം ഒന്നോ രണ്ടോ മണിക്കൂർനേരംകൊണ്ടു് അവൎക്കെല്ലാം കായികാഭ്യാസം നൽകുന്നതെങ്ങനെയാണ്? ഇപ്രകാരം കായികാഭ്യസനം ഓരോ ആഴ്ചയിൽ ഓരോ മണിക്കൂർ നേരത്തെ പ്രഹസനമായിത്തീരാതെ കുട്ടികൾക്കു ദിവസത്തിൽ ഒരു മണിക്കൂർനേരമെങ്കിലും ശരിയായ കായികാഭ്യസനം ലഭിച്ചു ശരീരത്തെ പോഷിപ്പിക്കണമെങ്കിൽ ആകെ എത്ര ക്ലാസ്സുകൾ ഉണ്ടൊ അത്രയും കായികാഭ്യസവിദഗ്ദ്ധന്മാരും ആവശ്യമാണല്ലൊ. ഓരോ അദ്ധ്യാപകനും കായികസംസ്കാരത്തിൽ പരിശീലനം ലഭിച്ചിട്ടുള്ള ആളായിരുന്നാൽ ഇതു സാധിക്കുന്നതാണ്. ഇപ്പോൾ ഉള്ള അദ്ധ്യാപകന്മാൎക്ക് കായികസംസ്കാരത്തിൽ ശാസ്ത്രീയമായും പ്രായോഗികമായും അല്പം പരിശീലനം നൽകിയാൽ ഇതു് എളുപ്പം സാധിക്കാവുന്നതാണ്. കായികാഭ്യസനം ചെയ്യിപ്പിക്കുന്നതിനുള്ള സാമൎത്ഥ്യം പുതുതായി നിയമിക്കപ്പെടുന്ന അദ്ധ്യാപകന്മാൎക്കുവേണ്ട യോഗ്യതയായി പരിഗണിക്കയുംവേണം.

എന്നാൽ ഇപ്രകാരമൊരു പരിഷ്കാരം വരുത്താമെന്നു വച്ചാൽതന്നെ രണ്ടു പ്രതിബന്ധങ്ങൾ നേരിടുന്നു. ഒന്നു കായികാഭ്യസനത്തിൽ അദ്ധ്യാപകന്മാർ പ്രദൎശിപ്പിക്കുന്ന അനാസ്ഥയും അശ്രദ്ധയുമാണ്. രണ്ടാമത്തേതു കുട്ടികളുടെ രക്ഷാകൎത്താക്കന്മാർ കുട്ടികൾക്കു കായികവിനോദങ്ങളിൽനിന്നും രക്ഷപെടുന്നതിനുവേണ്ട പ്രോത്സാഹനം നൽകുന്നതാണ്. അദ്ധ്യാപകന്മാർ പറയുന്നതു കുട്ടികളുടെ വിനോദങ്ങളിൽ പങ്കുകൊള്ളു

ന്നതിന് അവർക്കു സമയവും സൗകര്യവും ഇല്ലെന്നാകുന്നു. അവർക്കു ഭാര്യാപുത്രാദികൾ ഉണ്ട്. ട്യൂഷൻ നടത്തണം. ശീതോഷ്ണസ്ഥിതി അവരെ അനുവദിക്കയില്ല. ഇതുപോലെ കുട്ടികൾക്കും ചില വിഷമതകൾ ഉണ്ട്. മിക്കവരുടേയും ദാരിദ്ര്യവും വിശപ്പും സായാഹ്നവേളയിൽ വിനോദങ്ങളിൽ ഏർപ്പെടുന്നതിൽ അവരെ അനുവദിക്കുന്നില്ല. ഓരോ പള്ളിക്കൂടങ്ങളിലും വിദ്യാർത്ഥികളിൽ ഒരു വലിയ സംഖ്യവീതം ഉൾപ്പട്ടിണിക്കാരാണ്. അവരെക്കൊണ്ടു വിനോദങ്ങളിൽ പങ്കെടുപ്പിക്കുന്നതു കഠിനമല്ലേ? അതുകൊണ്ടു കുട്ടികളുടെ ശരീരത്തെ പോഷിപ്പിക്കണമെന്നാഗ്രഹിക്കുന്നവർ അവരുടെ ഭക്ഷണക്കാര്യത്തിലും ശ്രദ്ധിക്കണം. ഉച്ചക്കു് അവർക്കു് ഒരു ലഘുഭക്ഷണമെങ്കിലും കൊടുക്കേണ്ടതല്ലേ?

വേറൊരു വിഷമതയുള്ളതു സമയദൌർല്ലഭ്യമാണ്. കായികാഭ്യസനത്തിനു സമയമില്ല. പാഠ്യവിഷയങ്ങൾ വളരെ വർദ്ധിച്ചിരിക്കുന്നതുകൊണ്ടു ഇപ്പോഴുള്ള സമയംതന്നെ പോരാതെയാണിരിക്കുന്നതു്. നാലുമണിക്കുശേഷവും ശനിയാഴ്ചയും വാദ്ധ്യാന്മാർ കുട്ടികളെ പള്ളിക്കൂടത്തിലിരുത്തി പഠിപ്പിക്കുന്നതു നാം കണ്ടിട്ടുണ്ടല്ലോ. വിദ്യാഭ്യാസംകൊണ്ടു മനസ്സിനേയും ശരീരത്തേയും ഒരുപോലെ പോഷിപ്പിക്കണമെങ്കിൽ—വിദ്യാഭ്യാസം ജീവിതസന്ധാരണത്തിനുപയുക്തമായിത്തീരണമെങ്കിൽ—ഇന്നത്തെ പാഠ്യപദ്ധതി അല്പം ലഘൂകരിച്ച് ഒരു ദിവസത്തിൽ കുറഞ്ഞതു് ഒരു മണിക്കൂർ നേരമെങ്കിലും കായികാഭ്യസനത്തിനായി വിനിയോഗിക്കണം. വിദ്യാലയങ്ങൾ വിവിധതരത്തിലുള്ളവയാകയാൽ എല്ലായിടത്തും ഒരേതരത്തിലുള്ള വ്യവസ്ഥകൾ ഏർപ്പെടുത്തുവാൻ പ്രയാസമായിരിക്കും. ഒരു പ്രധാന കായികാഭ്യാസവിദഗ്ദ്ധനേയും അദ്ദേഹത്തിന്റെ കീഴിൽ നാലഞ്ചുപേരേയും നിയമിക്കുന്നതായാൽ അവർ എല്ലായിടത്തും സഞ്ചരിച്ചു വിദ്യാലയങ്ങളുടെ സ്ഥിതിഗതികൾക്കനുസരണമായ വിധത്തിൽ കായികാഭ്യാസപദ്ധതി രൂപീകരിക്കുന്നതാണ്.

ഇവയെല്ലാം സാധിച്ചു എന്നു വിചാരിക്കുക. എന്നാൽ കുട്ടികൾ കായികാഭ്യസനം ചെയ്യുന്നതിന് നിർബ്ബന്ധിതരാകുന്ന ഒരു വ്യവസ്ഥ ചെയ്തില്ലെങ്കിൽ ഈ ശ്രമമെല്ലാം നിഷ്ഫലമായിപ്പരിണമിക്കുന്നതാണ്. അതുകൊണ്ടു ക്ലാസ്സുകയററം കായികാഭ്യസനത്തിലുള്ള സാമർത്ഥ്യത്തെക്കൂടി അടിസ്ഥാനമാക്കി ചെയ്താൽ തരക്കേടില്ല. സർവ്വകലാശാലാപരീക്ഷക്കു പഠിക്കുവാൻ കായികാഭ്യാസം സിദ്ധിച്ചിട്ടുള്ളവരെ മാത്രമേ അനുവദിക്കയുള്ളു എന്നു നിശ്ചയിക്കണം. ഇപ്രകാരം വിദ്യാലയങ്ങളിൽ ശരിയായി കായികാഭ്യാസം നൽകുകയാണെങ്കിൽ ഭാവിയിൽ ഭാരതം ആരോഗ്യവാന്മാരും ദൃഢഗാത്രരുമായ പുരുഷന്മാരാലും സ്ത്രീകളാലും അലംകൃതമായി പരിശോഭിക്കുന്നതായിരിക്കും.

# നമ്മുടെ ലിപിന്യാസം.

(പി. ആർ. നീലകണ്ഠൻനായർ)

കാലദേശഭേദമനുസരിച്ചു സകലത്തിനും വന്നുചേരുന്ന പരിവൎത്തനം ഭാഷയ്ക്കു വ്യത്യസ്തമായിരിപ്പാൻ അവകാശമുള്ളതല്ലല്ലോ. എങ്കിലും മാതൃഭാഷയെന്നു് അഭിമാനിക്കുന്ന രണ്ടു ഭരണകേന്ദ്രങ്ങളിലും, എന്തെന്നറിവാൻ പാടില്ലാത്തതും, അങ്ങിനെ ഒരു മോഹംപോലും ഇല്ലാത്തതും ആയ മറെറാരു വിദേശകേന്ദ്രത്തിലും വളരുന്ന മലയാളഭാഷ ദേശീയചാപല്യങ്ങൾക്ക് അടിമപ്പെട്ടു പ്രകൃതിപോഷണത്താലും കൃത്രിമവളൎച്ചയാലും നിയതപ്രമാണത്തെ സാധൂകരിക്കുന്നുണ്ടു്.

ഭാഷാപ്രണയികളായ മഹാന്മാർ, ഭരണവ്യത്യാസത്താലോ ദേശവ്യത്യാസത്താലോ വന്നുചേൎന്നിട്ടുള്ള ഭാഷയുടെ വിവിധത്വത്തിനു് ഐകരൂപ്യം പ്രാൎത്ഥിച്ചു പല പ്രസംഗപീഠങ്ങളിൽനിന്നും വിരമിക്കാറുണ്ടു്. പക്ഷെ അവരുടെ ശ്രമം ഫലശൂന്യമാകുകകൊണ്ടോ, നിൎദ്ദിഷ്ടപഥത്തിൽ പ്രവൎത്തിക്കാത്തതുകൊണ്ടോ ഫലോന്മുഖമായി കാണുന്നില്ല. എങ്കിലും പ്രാദേശികപരിഷ്കാരത്തിന്റെ പ്രസരണത്താൽ ഭാഷയ്ക്കു വന്നുകൂടുന്ന ദുരാകൃതങ്ങൾ നിരാകരണയോഗ്യങ്ങളെന്നുതന്നെ തോന്നിപ്പോകുന്നു.

മാതൃഭാഷയിൽ എന്നു മാത്രമല്ല വിദ്യാഭ്യാസത്തിൽതന്നെ ഒട്ടും അപ്രധാനമായ ഒരു നിലയെയല്ല തിരുവിതാംകൂർ സ്വീകരിച്ചിരിക്കുന്നതു്. ഏകദേശം നാലു ലക്ഷം വിദ്യാൎത്ഥികൾ മാതൃഭാഷ അഭ്യസിക്കുന്നവർ ഇന്നു് ഇവിടെയുണ്ടു്. അവരുടെ അധ്യയനത്തിനു് ഏൎപ്പെട്ടിരിക്കുന്ന പുസ്തകങ്ങളുടെ ലിപിന്യാസക്രമം ഇതാ ഈക്കൊല്ലത്തിൽ ഒരു പുതിയ സരണിയെ അവലംബിച്ചിരിക്കുന്നു. സാൎവ്വത്രികമായ നടപ്പിനു സംഗതിവന്നിട്ടില്ലെങ്കിലും സുസമ്മതമായ സ്വീകരണംകൊണ്ടു ന്യായീകരിച്ചിരിക്കുന്ന പ്രമാണങ്ങളെ അതിലംഘിക്കുന്നതിനും ഈ ഗ്രന്ഥാവലി സന്നദ്ധമായി കാണപ്പെടുന്നു.

മാന്ത്രികവിഷയത്തിൽ അനന്യസാധാരണപ്രാവീണ്യം ഉള്ള മലയാളത്തിൽ അച്ചടിപ്പിശാചിന്റെ കോലാഹലനടനത്തെ ഉച്ചാടനംചെയ്യാനുള്ള മന്ത്രശക്തി വിദേശീയവശഗമായിട്ടായിരിക്കാം നിരസ്തപ്രഭമായി തീൎന്നുപോയതു്.

പന്തീരായിരത്തിൽപരം ഗുരുക്കന്മാരുടെ ശ്രദ്ധ ഈ വിഷയത്തിൽ— ലിപിന്യാസത്തിലെങ്കിലും — അല്പമൊന്നു പതിയാത്തപക്ഷം ഏറെത്താമസിയാതെ ഭാഷയുടെ ദേഹമൊടുക്കു കോടാലികോത്തു കഴുത്തിൽ കെട്ടിത്തുടങ്ങും.

അല്ലയോ മാന്യഗുരുനാഥന്മാരേ, നിങ്ങളുടെ ശ്രദ്ധയ്ക്കു ലിപിന്യാസവിഷയത്തിൽ ചില നിൎദ്ദേശങ്ങളെ ചുവടെ കുറിച്ചുകൊള്ളുന്നു.

സ്വരസഹായം കൂടാതെ തന്നെ ഉച്ചാരണക്ഷമങ്ങളായ ഏതാനും വ്യഞ്ജനങ്ങളും ഉണ്ടു്. അവയ്ക്കു ചില്ലെന്നാണു വ്യാകരണത്തിൽ സംജ്ഞ കല്പിച്ചിരിക്കുന്നതു്. തീവ്രയത്നമെന്നും ലഘുയത്നമെന്നും ചില്ലുകളുടെ ഉച്ചാരണത്തിൽ രണ്ടു സമ്പ്രദായം ഏൎപ്പെട്ടുകാണുന്നു. എന്നാൽ ഈ ഉച്ചാരണം 'ൽ' 'ർ' എന്നിവയിലാണു പ്രസ്പഷ്ടമായി കാണുന്നതു്.

'കാൽ രൂപ' എന്നതും 'അവർകൾ' എന്നതും ലഘുയത്നത്തിനു ഉദാഹരണങ്ങളാണു്.

'ശർക്കര, കൽപന' ഇവ രണ്ടും തീവ്രയത്നോച്ചാരണങ്ങളാണു്. ഇവയിൽ തീവ്രമായ രേഫചില്ലിനു പരമായ വ്യഞ്ജനത്തിന്റെ മുകളിൽ കുത്തുക എന്നൊരു വ്യവസ്ഥ പണ്ടേയ്ക്കുപണ്ടേ ഏൎപ്പെട്ടിട്ടുണ്ടു്. പക്ഷേ അതോടുകൂടി ഒരു സ്ഖലിതവും ഭാഷയിൽ ഇഴഞ്ഞുകയറി. പരമായ വ്യഞ്ജനത്തെ ദ്വിത്വംചെയ്യുകയെന്നത്രേ ഈ സമ്പ്രദായം. രേഫസംയുക്തമായി കേൾക്കുന്ന ധ്വനിവിശേഷമാണു് ഇതിനു നിദാനമായതു്. ശ, ഷ, സ, ഹ ങ്ങൾക്കു ദ്വിത്വം സ്വീകരിച്ചിരുന്നുമില്ല.

'ൽ' എന്ന ചില്ലിനു പ്രത്യേകം ലിപികയാതൊന്നും ഏൎപ്പെടാതെ പരമായിവരുന്ന വ്യഞ്ജനത്തോടു സംയുക്തമായി പ്രയോഗിച്ചുവരികയാണു പതിവു്. അപൂൎവ്വമായി മററു ചില്ലിനും ഈ നിയമംതന്നെ സ്വീകരിച്ചു പോരുന്നു.

ഇങ്ങിനെ സ്ഖലിതസങ്കുചിതമായിരുന്ന ഒരു സമ്പ്രദായത്തിൽ ഭീമാബലപ്രചാരണം ചെയ്യാനൊരുങ്ങിക്കൊണ്ടു പാഠപുസ്തകങ്ങളും ഇതാ പുറപ്പെട്ടിരിക്കുന്നു. രേഫചില്ലിനു വ്യഞ്ജനോപരി കുത്തിടുന്ന സമ്പ്രദായത്തെ തീരെ നിഷേധിച്ചു തീവ്രയത്നോച്ചാരണപരമായി വരുന്ന വ്യഞ്ജനത്തെ ദ്വിത്വംചെയ്തു് പൂൎവ്വത്തിൽ രേഫചില്ലുതന്നെ പ്രയോഗിച്ചു കാണുന്നു.

ഇങ്ങിനെയുള്ള പ്രയോഗപ്രചുരത ബാലവിദ്യാൎത്ഥികളുടെ വായനയിൽ ആശുകാരിതാഭാവത്താൽ പലപ്പോഴും അശ്ലീലത്തെ ഉണ്ടാക്കിത്തീൎക്കുന്നുണ്ടു്. പരമായി വരുന്ന ചില്ലിനെക്കൂടി പൂൎവ്വവൎണ്ണത്തോടു ചേൎത്തു പറയുന്നതു പണ്ഡിതസാധാരണമെന്നിരിക്കെ കുട്ടികളിൽ 'പൂർത്തിയാക്കുക' എന്ന പദം വായിക്കുമ്പോൾ അശ്ലീലം തോന്നുന്നതു് അസംഭാവ്യമല്ല.

രേഫചില്ലിനു പരമായി വരുന്ന വൎണ്ണത്തെ ദ്വിത്വംചെയ്യുമ്പോൾ തീവ്രയത്നം സാധിക്കുന്നുണ്ടെന്നു സമ്മതിക്കുന്ന പക്ഷത്തിലും 'ശ ഷ സ ഹ'ങ്ങളിൽ അങ്ങിനെ ചെയ്തുകാണാത്തതുകൊണ്ടു് ആ പ്രമാണവും സാധുവല്ല.

മാത്രയെല്ലാം ഉച്ചാരണസൌകൎയ്യം പ്രമാണിച്ചു വിധിച്ചിരിക്കുന്നതാണല്ലോ. തീവ്രയത്നോച്ചാരണത്തിനു പൂൎവ്വമിരിക്കുന്ന അക്ഷരം ഗുരുവെന്നൊരു വ്യവസ്ഥയുണ്ടു്. 'അവർകൾ, ദർശനം, വർഷം' ഇവയിൽ ആദ്യത്തെ വാക്കിലുള്ള വകാരം ലഘുവും രണ്ടും മൂന്നും വാക്കുകളിലെ 'ദ, വ'

എന്നിവ ക്രമത്തിനു ഗുരുവുമാണ്. ഈവിധത്തിൽ ലിപിന്യാസം ചെയ്താൽ അവതങ്ങിനെ തിരിച്ചറിയും.

കുറച്ചു കാലത്തിനു മുമ്പുവരെ ഉപയോഗിച്ചിരുന്ന—ഇപ്പോഴും പലരും * ഉപയോഗിക്കുന്ന—'ർയ്യ' എന്ന അക്ഷരം ഇപ്പോൾ എഴുതുവാൻ എളുപ്പത്തിൽ സാധിക്കുമെങ്കിലും ഉച്ചരിപ്പാൻ വളരെ വിഷമമുള്ളതാണ്. ഉദാഹരണം: "സൂർയ്യൻ, ആർയ്യൻ."

ഇങ്ങിനെ ഒരു ലിപിന്യാസം ഇതുവരെ നമ്മുടെയിടയിൽ കടന്നുകൂടീട്ടില്ലാത്ത സ്ഥിതിയ്ക്കു പാഠപുസ്തകങ്ങളിൽ മാത്രം ഈ അപരാധം എങ്ങിനെ ചാടിവീണു എന്നു നാം ആലോചിക്കേണ്ടതാണ്.

പാഠപുസ്തകമെഴുതിയവരെല്ലാംകൂടി ഇങ്ങിനെ ഒരു നിശ്ചയം പാസ്സാക്കിയതായിരിക്കുമോ? അങ്ങിനെ വരുവാൻ കാരണം കാണുന്നില്ല. അങ്ങിനെയുള്ള പരസ്പരാലോചന ഈ വിഷയത്തിൽ (പാഠപുസ്തകനിർമ്മാണത്തിൽ) തൽകർത്താക്കൾ ചെയ്തിരുന്നു എങ്കിൽ ഇന്നത്തെ ഈ ഗ്രന്ഥാവലി ഇതിലുമധികം ഉപയോഗപ്രദമാകുമായിരുന്നു. ഒത്തൊരുമിച്ചു പ്രയത്നിച്ചിരുന്നു എങ്കിൽ പാഠപുസ്തകങ്ങൾക്കു ഓരോ വയസ്സിന്റെ മൂപ്പുവരുവാനേ അവകാശമുള്ളൂ. ഇപ്പോഴത്തെ ഗ്രന്ഥങ്ങൾ തൽകർത്താക്കളുടെ പേനയുടെ മൂപ്പിനെയാണു പ്രദർശിപ്പിക്കുന്നതു്. അതിനാൽ ഈ അപരാധം അവരുടേതെന്നു വിചാരിപ്പാൻ ന്യായം കാണുന്നില്ല.

മുദ്രണക്കാരുടെ അപരാധമെന്നു വിചാരിപ്പാനും യുക്തി മതിയാകുന്നില്ല. പല മുദ്രാലയങ്ങളിൽ അച്ചടിച്ചിട്ടുള്ള ഈ ഗ്രന്ഥാവലി അവ ഏതൽക്കാലപർയ്യന്തം ശീലിച്ചിട്ടില്ലാത്ത ഒരു അപരാധം അനുഭവിക്കേണ്ടിവരികയില്ലായിരുന്നു.

ഇവയുടെ എല്ലാം പ്രൂഫ് നോക്കുവാൻ നിയുക്തനായതു് ഒരുവനാണെങ്കിൽ ഈ സംഭവത്തിന്ന് അസാംഗത്യം അശേഷവും കാണുന്നില്ല. അനവധി നാൾ വേലചെയ്ത മസ്തിഷ്കത്തിനു വല്ല അനവും വന്നിട്ടുള്ളവരിൽ ഒരുവന്നു ഇങ്ങിനെ ഒരു കീലഭ്രംശം വന്നുപോയതു ക്ഷന്തവ്യമെങ്കിലും അതു ബാലഹൃദയത്തെ മലീമസമാക്കാതെ കാത്തുരക്ഷിക്കേണ്ടതു ഗുരുനാഥന്മാരാണെന്നുള്ളതു വിസ്മരിക്കത്തക്കതല്ല.

ലിപിന്യാസത്തിൽ അടുത്തുള്ള അപരാധം സംവൃതോകാരപ്രയോഗത്തിലാണ്. ഈ സമ്പ്രദായത്തെ ഇപ്പോൾ നാലുവിധത്തിൽ പ്രയോഗിച്ചു കാണുന്നുണ്ടു്. ഉദാഹരണത്തിനു ഒന്നുരണ്ടു വാക്ക് എടുത്തുനോക്കുക.—

ഉണ്ടു, ഉണ്ടൂ, ഉണ്ട്, ഉണ്ടു്. ചുക്കു, ചുക്കൂ, ചുക്ക്, ചുക്കു്.

സംവൃതോകാരം ഒരു ഉച്ചാരണസൌകര്യമെന്നത്രെ പാണിനി വിധിച്ചിട്ടുള്ളതു്. അതിന്റെ ഉപയോഗത്തിൽ സാർവ്വത്രികമായി ഉകാരോപരിചന്ദ്രക്കല വേണമെന്നത്രെ അതിലെ നിശ്ചയം.

എന്നാൽ ഉപയോഗപ്രസക്തികൊണ്ടു് അതിന് അല്പമാത്രം കുറ

വു വന്നിട്ടുണ്ടു്. സ്വരം പരമായിവരുന്ന സംവൃതോകാരത്തിന് ഉകാരോപരിചന്ദ്രക്കലയിടണം. വ്യഞ്ജനമാണു പരമെങ്കിൽ ഉകാരം മാത്രംമതി. പക്ഷെ വ്യഞ്ജനാദിയായിത്തുടങ്ങുന്ന പദത്തിന്റെ പൂർവ്വമിരിക്കുന്ന സംവൃതാന്തപദം അല്പം നിറുത്തി വായിക്കേണമെന്നു വിവക്ഷയുണ്ടെങ്കിൽ അവിടെയും ഉകാരോപരിചന്ദ്രക്കലയിടണം. അവിടെ ഒരു അല്പവിരാമം ഉപയോഗിക്കുന്നതു് ഉത്തമമാണ്. അല്ലോ, എല്ലോ എന്നിങ്ങനെ രണ്ടുവിധത്തിലും ഒരേ അർത്ഥത്തിലും പ്രയോഗിച്ചുകാണുന്നു. അതിൽ "എല്ലോ" എന്നതു് അബദ്ധമെന്നു പാണിനീയകർത്താവു സാധിച്ചിട്ടുണ്ടു്. പക്ഷേ ഈ വ്യവസ്ഥയും സ്ഥിരപ്രതിഷ്ഠയെ പ്രാപിച്ചിട്ടില്ല. കുല, കൊല എന്നീ രണ്ടു പദങ്ങളുടെ അനൗചിത്യപ്രയോഗംകൊണ്ടു "വാഴക്കൊലയും കുലപാതകവും" ധാരാളം നാട്ടിൽ ഇരിക്കുന്നുണ്ടു്. ഉകാരത്തിനും ഒകാരത്തിനും ഇകാരത്തിനും എകാരത്തിനും ഉള്ള ഒരു വികല്പവിധിയാണു് ഈ അബദ്ധത്തിനു സംഗതിയാക്കിയിരിക്കുന്നതു്. അവയ്ക്കും ചില വ്യവസ്ഥചെയ്തു് അധ്യാപകന്മാർ ഐകരൂപ്യം സാധിക്കേണ്ടതാണ്.

പാഠശാലകളിൽ കേട്ടെഴുത്തു് എന്നൊരു വിഷയം നടത്തിപ്പോരുന്നുണ്ടല്ലോ. ഇങ്ങിനെ ഒരു ലിപിന്യാസപദ്ധതി വ്യവസ്ഥചെയ്തു് അധ്യാപകലോകം പരിശ്രമിക്കുന്നതായാൽ ആ വഴിക്കെങ്കിലും ഐകരൂപ്യം സുസാധ്യമാകുന്നതാണു്.

കേട്ടെഴുത്തിനു അത്യന്തം സഹകരിക്കുന്ന ഒരു വിഷയം പകർത്തിഎഴുത്താണ്. കുട്ടികളുടെ ചെവിയേക്കാൾ വികസിച്ച ഇന്ദ്രിയം നയനമത്രെ. അതിനാൽ അധ്യാപകന്റെ ശ്രമഫലമായ കൈയെഴുത്തുപകർപ്പോ ന്യൂനതകളെ പരിഹരിച്ചു് അച്ചടിച്ചിട്ടുള്ള പുസ്തകങ്ങളോ നോക്കി എഴുതിക്കുകയത്രെ ഇവിടെ ആചരിക്കേണ്ട കർമ്മം.

അധ്യാപകന്നു് ഇപ്പോൾ ശ്രമക്കുറവുള്ള ഒരു പാഠമാണിതു്. എന്നാൽ അതിൽ ഇന്നു കാണിക്കുന്ന അനാസ്ഥ ഒരിക്കലും ക്ഷമിക്കത്തക്കതല്ല.

പാഠപുസ്തകത്തിൽനിന്നും ഒരു ഭാഗം നിർദ്ദേശിച്ചു വിദ്യാർത്ഥികൾക്കു കല്പനയുംകൊടുത്തു്, അധ്യാപകൻ ആ ലോകത്തിൽനിന്നുതന്നെ തിരസ്കൃതനാകുന്നു. എഴുതിതീർത്തതു പരിശോധിക്കുന്നതുതന്നെ അപൂർവ്വം; അഥവാ പരിശോധിക്കുന്നതിൽതന്നെ വേണ്ടിടത്തോളം ശ്രദ്ധ പതിപ്പിച്ചും കാണുന്നില്ല. അതിനാൽ ആവിധ നയങ്ങളെ ഉപേക്ഷിച്ചു താഴെ കാണുന്ന ചില നിർദ്ദേശങ്ങളെ സ്വീകരിക്കുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു.

1. ലിപിന്യാസത്തെക്കുറിച്ചു സാമാന്യമായി ഒരു ഐകരൂപ്യം നിർദ്ദേശിക്കുക. ഇതു പക്ഷെ അസാദ്ധ്യമായിട്ടാണ് ഇക്കാലസ്ഥിതിക്കിരിക്കുന്നതു്. എങ്കിലും മാസത്തിൽ ഒരിക്കൽക്കൂടുന്ന അധ്യാപകസംഘങ്ങളിൽ ഈ വിഷയത്തെ പ്രതിപാദിച്ചു്, ആ സംഘാംഗങ്ങൾക്കു് ഒരു നിർദ്ദേശം സ്വീകരിക്കാവുന്നതാണ്. അതു വിഷമമെന്നു വരുന്നതായാൽ ഒരു പാ

ദശാലയിൽ ഉള്ള അദ്ധ്യാപകന്മാർ ഒന്നിച്ച് ഒരു വിചാരണ ചെയ്ത് ഒരു നിയമം ഉണ്ടാക്കാവുന്നതാണ്.

2. എഴുതുന്ന ലിപികൾക്കു സ്ഫുടതയുണ്ടായിരിക്കുക. വ. പ. ത. ന. ഇവയുടെ ന്യാസത്തിൽ അനാസ്ഥനിമിത്തം പല അനാശാസ്യഫലങ്ങളും വന്നുചേരുന്നുണ്ട്.

3. ഒരു വാക്യത്തിന്റെ അവയവമായ പദങ്ങളെ വേർതിരിക്കുന്നതിനുവേണ്ട അകലം സ്വീകരിച്ച് എഴുതാൻ ശീലിപ്പിക്കുക. ഇവിടെ രണ്ടു വിഷമം നേരിടുന്നു. പദങ്ങളുടെ പിരിവിനെ കാണിപ്പാൻ ചില ദിക്കിൽ പ്രത്യേക ചിഹ്നം ഉപയോഗിക്കാറുണ്ട്. ചിലയിടങ്ങളിൽ അകലം ഇട്ടുപോലും പദങ്ങളെ വേർതിരിക്കുവാൻ പാടുള്ളതല്ല. ഇവിടെ ഉത്തമരീതിയിൽ മുദ്രണം ചെയ്തിട്ടുള്ള ഗ്രന്ഥങ്ങളാണു ശരണമായിട്ടുള്ളത്. അവയുടെ ദാരിദ്ര്യം പരിഹരിപ്പാൻ അദ്ധ്യാപകന്മാരുടെ അവധാനപൂർവ്വമുള്ള ശ്രമമൊന്നേ ശരണമായിട്ടുള്ളു.

4. അല്പവിരാമം, അപൂർണ്ണവിരാമം, പൂർണ്ണവിരാമം, ഉദ്ധരണി, കോളനം ഡാഷും, ഡാഷ് എന്നിങ്ങനെ പല ചിഹ്നങ്ങളും ആധുനികകാലത്തു നടപ്പിൽവന്നിട്ടുണ്ട്. അവയുടെ ഉപയോഗവും എങ്ങിനെയെല്ലാം വേണമെന്ന് ഇക്കാലത്തും വ്യവസ്ഥ വന്നിട്ടില്ല. ഇന്നവിധം വേണമെന്നുറച്ച് അതുപോലെ ചെയ്തുതുടങ്ങുക എന്നൊന്നിന്റെ കുറവാണ് ഇന്നത്തെ കുഴപ്പം. ചിഹ്നങ്ങൾ ഇട്ടാലുംശരി, ഇല്ലെങ്കിലുംശരി എന്നവയ്യാണ് ഇതിനുള്ള കാരണം.

ഈവിധ നിർദ്ദേശങ്ങളെ അടിസ്ഥാനപ്പെടുത്തി പകർത്തി എഴുതിച്ചു പരിശോധിച്ചതിനുശേഷം അന്നത്തെ കേട്ടെഴുത്തു വിഷയം അതുതന്നെയാക്കുന്നതു് ഉത്തമമായിരിക്കും. കൈയെഴുത്തു നടത്തുന്നതിലും അദ്ധ്യാപകന്മാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഇന്നത്തെ വിദ്യാഭ്യാസം ഭാരതഭൂമിയിൽ കുറെ ഗുമസ്താക്കളെ ഉണ്ടാക്കുവാനുള്ളതാകുന്നു എന്നു ഒരു പക്ഷമുണ്ട്. അതങ്ങിനെ ഇരിക്കട്ടെ. കൈയക്ഷരം കണ്ടാൽ ഒരുവന്റെ മനസ്ഥിതിയെ ഊഹിക്കാമെന്നു ചില മാന്യന്മാർ അഭിപ്രായപ്പെടുന്നുണ്ട്. ഇക്കാലത്തു പാഠശാലകളിൽ കൈയെഴുത്തു നന്നാക്കുവാൻ ശ്രമിക്കുന്നതിനു പകരം അതിന് ഒരിക്കലും ഒരു നല്ല നിലവരാതിരിക്കാൻ തക്കവണ്ണം പല അനാശാസ്യ ഏർപ്പാടുകളും നടത്തിപ്പോരുന്നുണ്ട്.

ബാലവിദ്യാർത്ഥികളെക്കൊണ്ടു (കഷ്ടിച്ച ഒന്നാംക്ലാസ്സിൽ കൂടി) നോട്ടെഴുതിക്കുന്ന സമ്പ്രദായം ഇവയിൽ ഏറ്റവും പ്രധാനസ്ഥാനത്തെ അർഹിക്കുന്നു. നാലുക്ലാസുകളിൽ കുട്ടികളെ നല്ല വായന ശീലിപ്പിച്ച്, അവരുടെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്ന വിഷയങ്ങളുടെ ഭാവംമാത്രം മനസ്സിലാക്കിയാൽ മതിയാകുന്നതാണ്. അതിൽ കൂടുതൽ ഭാഷാജ്ഞാനം വരുത്തുവാൻ നോട്ടെഴുതിക്കുന്നതുകൊണ്ടു സാധിക്കുന്നുണ്ടോ എന്നു

സംശയമാണു്. അധ്യാപകന്റെ അറിവു നോട്ടിന്റെ രൂപത്തിൽ വേറേ ഒരു പുസ്തകം കുട്ടികളെക്കൊണ്ടു് എഴുതിയുണ്ടാക്കിക്കുന്നു എന്നല്ലാതെ ഇപ്പോഴത്തെ സമ്പ്രദായം ഒരു ഗുണവും ഉണ്ടാക്കുന്നില്ല. പാഠപുസ്തകം ഒന്നുകൂടി അധികപ്പെട്ടു എന്നുമാത്രം ഒരു വിശേഷമുണ്ടു്.

വിദ്യാൎത്ഥികളുടെ കൈയക്ഷരം ഒരിക്കലും നന്നാകാത്തവണ്ണം നോട്ടെഴുത്തുമൂലം അതിന്നു് ഒരു "മാൎജ്ജാരവടിവ്" വന്നുചേരുന്നു. വിരൽകൊണ്ടു മണ്ണിൽ എഴുതിത്തന്നെ ആദ്യം ശീലിപ്പിക്കുന്നതിൽ എഴുത്തിനെ സംബന്ധിച്ചു ദോഷമൊന്നുമുണ്ടെന്നു തോന്നുന്നില്ല. എന്നാൽ സ്ലേററിൽ എഴുതിച്ചുതുടങ്ങുന്നതാണു് ഉത്തമം. എഴുതുന്ന അക്ഷരങ്ങളെ പൂൎണ്ണമായി എഴുതി ശീലിപ്പിക്കുക. മലയാളത്തിൽ അക്ഷരങ്ങൾക്കുള്ള ഉചിതവടിവു് ഉരുണ്ടിട്ടാകകൊണ്ടു് അക്ഷരങ്ങളെ കഴിയുന്നതും വൃത്തംകൊണ്ടു സ്വരൂപിപ്പിക്കാവുന്നതാണു്. ആദ്യത്തെ ക്ലാസ്സിൽ സ്ലേററിൽ മാത്രം കൈയെഴുത്തു ശീലിപ്പിച്ചാൽ മതി. അടുത്തു പെൻസിലും കടലാസ്സും ഉപയോഗിക്കാം. അങ്ങിനെ അക്ഷരങ്ങൾക്കു സാമാന്യവടിവു കിട്ടിയതിനുശേഷം മഷിയും പേനയും ഉപയോഗിച്ചാൽ മതി. കൈയെഴുത്തു കഴിയുന്നതും ഒരു പാഠശാലയിൽ ഒരു അദ്ധ്യാപകൻതന്നെ നടത്തുന്നതു വലിയ ഗുണമായിരിക്കും. അച്ചടിച്ചുവരുന്ന കാപ്പിപുസ്തകങ്ങൾ അക്ഷരങ്ങളെ സംബന്ധിച്ചു് എത്രത്തോളം യോഗ്യമായിരിക്കുന്നു എന്നു് അവരുടെ ഒരു പരിശോധനയിൽ മാത്രം തെളിയുന്നതാണു്.

അതു തന്നെ ഉത്തമമെന്നു വരുന്ന പക്ഷത്തിലും അദ്ധ്യാപകൻ ഓരോ അക്ഷരവും എഴുതുന്നതിന്നു വേണ്ട നിൎദ്ദേശങ്ങൾ കൊടുത്തു് എഴുതിക്കയും തിരുത്തുകയും ചെയ്യേണ്ടതു് അത്യാവശ്യമാണു്.

ഇന്നു് അദ്ധ്യാപകന്മാർ വിശ്രമാവസരം എന്നു സാധാരണ ഗണിച്ചുപോരുന്ന ഈ മൂന്നു വിഷയത്തേയും ശ്രദ്ധാപൂൎവ്വം നടത്തുന്നതു ഭാഷാസാമ്രാജ്യത്തിന്റെ ഒരു വിപുലസമ്പത്തായിത്തീരുമെന്നു മാത്രം പറഞ്ഞു് ഇവിടെ അവസാനിപ്പിക്കുന്നു.*

# സ്വിററ്സർലന്റിലെ വിദ്യാഭ്യാസം.

## I.

പത്തൊൻപതാം ശതാബ്ദത്തിന്റെ മദ്ധ്യമഘട്ടത്തോടുകൂടി വിദ്യാഭ്യാസം അനപേക്ഷണീയമായ ഒരു ആവശ്യമാണെന്നു സ്വിർററ്സലന്റ് മനസ്സിലാക്കി തുടങ്ങി. അതിന്നായി കുട്ടികളുടെ ഉപയോഗാൎത്ഥം ഒരു

* ഈ ലേഖനത്തിലെ നിൎദ്ദേശങ്ങൾ, ഓരോ അധ്യാപകസമാജക്കാരും വേണ്ടവണ്ണം ചൎച്ചചെയ്തു സാൎവ്വത്രികമായ ഒരുരീതി നടപ്പാക്കുന്നതു് ഏററവും ഉപയോഗപ്രദമാണു്.

'ഗുരുനാഥൻ' പത്രാധിപർ.

പ്രാഥമികവിദ്യാലയം സ്ഥാപിച്ചു. ഫ്രാൻസ്, ഇററലി മുതലായ രാജ്യങ്ങളിലെപ്പോലെ പുരോഹിതന്മാരല്ല, സാധാരണ ആളുകളാണ് അദ്ധ്യയനം ചെയ്യിപ്പിച്ചിരുന്നതു്. 1874ൽ പ്രാഥമികവിദ്യാഭ്യാസം സൌജന്യവും നിർബ്ബന്ധിതവുമാക്കി. അന്നുമുതൽ ഇന്നുവരെ 6—വയസ്സുമുതൽ 14-വയസ്സുവരെയുള്ള എല്ലാ കുട്ടികളും വിദ്യാലയത്തിൽ പോയി പഠിക്കണമെന്നു നിയമപ്രകാരം വ്യവസ്ഥ ചെയ്തിട്ടുമുണ്ടു്.

വിദ്യാലയവർഷത്തിനു മൂന്നു മാസംമുമ്പെ അധികാരികൾ പള്ളിക്കൂടത്തിൽ പോകുവാൻ യോഗ്യതയുള്ള കുട്ടികൾ ആരെല്ലാമാണെന്ന് അവരുടെ മാതാപിതാക്കന്മാരേയോ രക്ഷാകർത്താക്കളേയോ അറിയിക്കും. അതുകൊണ്ടു കുട്ടികളെ വിദ്യാലയത്തിൽ അയക്കുന്ന കാര്യം മറന്നുപോകാൻ തരമില്ലല്ലോ. മലംപ്രദേശങ്ങളിൽ ഈ നിയമത്തെ ലംഘിക്കുന്ന ഒരു കുട്ടിയെയോ മറേറാ കണ്ടേക്കാം. എന്നാൽ പൊതുവെ നോക്കുന്ന പക്ഷം മാതാപിതാക്കന്മാർ അവരുടെ കുട്ടികൾക്കു പ്രാഥമികവിദ്യാഭ്യാസമെങ്കിലും നൽകുന്നകാര്യത്തിൽ അതിയായ ശ്രദ്ധയുള്ളവരാണെന്നുവേണം പറയുവാൻ.

പ്രാഥമികവിദ്യാഭ്യാസം എല്ലായിടത്തും സൌജന്യമായി നൽകിവരുന്നു. കടലാസ്സ്, പെൻസിൽ, പേന മുതലായവ വാങ്ങുന്നതിനല്ലാതെ മാതാപിതാക്കന്മാർക്കു വേറെ ചിലവൊന്നുമില്ല. വിദ്യാഭ്യാസച്ചിലവിൽ ഒരു ഭാഗം, ജനങ്ങളും വഹിക്കുന്നതുകൊണ്ടു ചില പള്ളിക്കൂടങ്ങൾ മററു ചിലതിനേക്കാൾ നന്നായി നടത്തിവരുന്നതായിട്ടും ചില അദ്ധ്യാപകന്മാർക്കു നല്ല ശമ്പളം ലഭിക്കുന്നതായിട്ടും കാണാവുന്നതാണ്. ഓരോ സ്ഥലങ്ങളിലുമുള്ള വിദ്യാലയങ്ങൾ നന്നാക്കി വിദ്യാഭ്യാസം ഉത്തമമാക്കണമെന്ന് ആഗ്രഹമുള്ളതുകൊണ്ടു സൌഹാർദ്ദപൂർവ്വമായ മത്സരവും നടക്കുന്നുണ്ടു്.

നിർബ്ബന്ധിതപ്രാഥമികവിദ്യാഭ്യാസം എട്ടുകൊല്ലത്തേക്കാണു വേണ്ടതു്. അതിനുശേഷം മാതാപിതാക്കന്മാർക്കു കുട്ടികളെ വിദ്യാലയങ്ങളിൽ അയക്കുവാൻ നിവൃത്തിയില്ലെങ്കിൽ ആ കുട്ടികൾക്കു ജോലിക്കായി എവിടെയെങ്കിലും പോകാവുന്നതാണ്. എന്നാൽ പതിന്നാലുവയസ്സിനുതാഴെയുള്ള ഏതെങ്കിലും ഒരു കുട്ടിയെ ആരെങ്കിലും വേലക്കായി നിയോഗിക്കുകയാണെങ്കിൽ അയാളെ പിഴ ശിക്ഷ അനുഭവിപ്പിക്കുകയൊ കാരാഗൃഹത്തിലാക്കുകയൊ ചെയ്യും.

എന്നാൽ, സ്വിററ്സർലൻറുകാരുടെ പ്രാഥമികവിദ്യാഭ്യാസത്തിനുള്ള ഒരു വിശേഷം ബാലന്മാർക്കു ഹസ്തകൃഷ്യഭ്യസനവും ഗൃഹ്യശാസ്ത്രാഭ്യസനവും നൽകുന്നു എന്നുള്ളതാണ്. ഈ അഭ്യസനം ഏററവും താണ ക്ലാസ്സുകളിൽതന്നെ ആരംഭിക്കുന്നു. ഇതിൻെറ ഉദ്ദേശം കുട്ടികളുടെ ഇഷ്ടാനിഷ്ടങ്ങൾ കണ്ടുപിടിക്കുവാനും അവരുടെ ചെറിയ വിരലുകളെ ഉപയോ

ഗിപ്പിക്കുവാൻ പഠിപ്പിക്കുവാനുമാണ്. അവരുടെ കയ്യിൽ ഒരു അറക്കവാളും കൊട്ടുവടിയും കൊടുത്തു് കിളിക്കൂടുകൾ, മരപ്പാത്രങ്ങൾ മുതലായവ ഉണ്ടാക്കുവാൻ പഠിപ്പിക്കുന്നു. അവർ ഉണ്ടാക്കുന്ന സാമാനങ്ങളിൽ ചായമിടുവാനും അവരെ മനസ്സിലാക്കുന്നുണ്ട്.

പെൺകുട്ടികൾ നെയ്ത്തു്, തുന്നൽ, മുതലായവ പഠിക്കുന്നു. വസ്ത്രങ്ങളിൽ കസവിടുക, മോടിപിടിപ്പിക്കുക മുതലായ ജോലികളും അവർ മനസ്സിലാക്കുന്നുണ്ട്. വർഷാവസാനത്തിൽ കുട്ടികൾ ഉണ്ടാക്കുന്ന സാമാനങ്ങൾ പ്രദർശിപ്പിക്കുകയും നല്ലവയ്ക്കു സമ്മാനം നൽകുകയും ചെയ്യുന്നു.

മേൽക്ലാസ്സുകളിൽ ബാലികമാർ ഗൃഹഭരണം—അതായതു പാചകവൃത്തി, ഗൃഹംസൂക്ഷിപ്പു, രോഗശുശ്രൂഷ മുതലായവ—പഠിക്കുന്നു. ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഒരു പെൺകുട്ടിക്കു് ഒരു ഉത്തമയായ ഗൃഹനായികയായിത്തീരുവാൻ സൌകര്യമുണ്ടല്ലോ. ഹൈസ്കൂളുകളിൽ കുട്ടികളെ യുദ്ധാഭ്യസനം ചെയ്യിക്കുന്നുണ്ട്. അവർ യുദ്ധത്തിനു യോജിച്ച വസ്ത്രധാരണം ചെയ്യുകയും ആയുധങ്ങൾ ധരിക്കുകയും ചെയ്യുന്നു. കുതിരപ്പടയൊഴിച്ചു രാജ്യത്തിലുള്ള സൈന്യത്തിന്റെ എല്ലാ വിഭാഗങ്ങളും ആ ചെറുസൈന്യത്തിലും കാണാൻ കഴിയുന്നതാണ്. വർഷംതോറും അവർ യുദ്ധം അഭിനയിക്കാറുണ്ട്. പട്ടാളമുറയിലും കരസൈന്യത്തിലും അവർ പ്രദർശിപ്പിക്കുന്ന നൈപുണ്യം ആരെയും സന്തോഷിപ്പിക്കുന്നതാണ്.

കായികവിനോദങ്ങൾ വിദ്യാർത്ഥികളുടെ ഇടയിൽ മാത്രമല്ല, സാമാന്യജനങ്ങളുടെ ഇടയിലും ധാരാളമായി നടക്കുന്നുണ്ട്. ഗൃഹത്തിനു പുറത്തുള്ള വിനോദങ്ങളാണു സാധാരണയായി അവർ കൂടുതൽ ഇഷ്ടപ്പെടുന്നതു്. ഓടുക, ചാടുക, നീന്തുക മുതലായ വിനോദങ്ങൾക്കെല്ലാം വിദ്യാലയങ്ങളിൽ സൌകര്യമുണ്ട്. രാജ്യത്തിന്റെ നാനാഭാഗങ്ങളിലും വിനോദസംഘങ്ങൾ ഉണ്ട്. ബാലികമാരും കായികവിനോദങ്ങളിൽ ശരിയായി പങ്കുകൊള്ളുന്നുണ്ട്. കുറച്ചുകൊല്ലങ്ങൾക്കുമുമ്പു പെൺകുട്ടികൾ കാലോ കയ്യോ അനക്കുന്നതു സ്ത്രീത്വത്തിനു കുറവായിട്ടാണു കരുതിയിരുന്നതു്. ഇപ്പോൾ ആ മിഥ്യാബോധം ഇല്ലെന്നു പറയാം. ഇന്നു പെൺകുട്ടികൾ ആൺകുട്ടികളോടൊന്നിച്ചു സ്ത്രീത്വം കളയാതെ കായികവിനോദങ്ങൾ നടത്തുന്നുണ്ട്.

ആരോഗ്യശാസ്ത്രം വിദ്യാഭ്യാസത്തിന്റെ ഒരു ശാഖയാണ്. ബെയിൽ എന്ന പട്ടണത്തിലെ പള്ളിക്കൂടങ്ങളിൽ സ്നാനസൌകര്യങ്ങൾ ഉണ്ട്. ഓരോ കുട്ടിയും ഓരോ ആഴ്ചയിൽ കുറഞ്ഞതു് ഒരു പ്രാവശ്യം എങ്കിലും കുളിക്കണമെന്നാണ് നിശ്ചയിച്ചിട്ടുള്ളതു്. കുളിദിവസം കുട്ടികൾ സോപ്പും മുണ്ടും കൊണ്ടുവരണം. അങ്ങനെ ചെയ്യാത്തവരെ പാഠം പഠി[illegible] [illegible] താഴ്ന്ന[illegible]ഉള്ളവരായി വിചാരിക്കുന്നു. ഈ സമ്പ്ര

നാംകൊണ്ടു് കുട്ടികൾ വൃത്തിയുള്ളവരായിരിക്കുന്നു എന്നുമാത്രമല്ല, ശീതകാലത്തു് അശ്രദ്ധരായ മാതാക്കൾ കുട്ടികളെ തുണിസ്സഞ്ചികളിലാക്കി സൂക്ഷിക്കാൻ അനുവദിക്കുന്നുമില്ല.

സ്വിററ്സർലൻറിലെ വിദ്യാലയങ്ങൾ കുട്ടികളെ മിതവ്യയശീലമുള്ളവരായിരിക്കുവാൻ പഠിപ്പിക്കുന്നു. ഓരോ പള്ളിക്കൂടത്തിലും ഓരോ ബാങ്കുണ്ടു്. ഓരോ കുട്ടിക്കും ഓരോ ബാങ്കുകണക്കു ബുക്കുമുണ്ടു്. ആ ബാങ്കിൽ ആർക്കും ഇഷ്ടമുള്ള കുട്ടികൾക്കുവേണ്ടി പണം നിക്ഷേപിക്കാം. പക്ഷേ പണം വാങ്ങുവാൻ കുട്ടികൾക്കുമാത്രമേ അവകാശമുള്ളൂ. ബാങ്കിങ്ങ് ജോലി നടക്കുന്നതു ശനിയാഴ്ച കാലത്തു പഠിത്തസമയത്തു് ആദ്യത്തെ മണിക്കൂറിൽ ആണു്. കുട്ടികൾ പണം നിക്ഷേപിക്കുവാനായി സന്തോഷചിത്തരായി വരിവരിയായി നില്ക്കുന്നതു കാണാം. രണ്ടണയിൽ കുറഞ്ഞ തുക സ്വീകരിക്കുന്നതല്ല. കൂടുതൽ പണം നിക്ഷേപിക്കുവാൻ ഓരോ കുട്ടിയും ആഗ്രഹിക്കുന്നു. കൊല്ലാവസാനത്തിൽ ഓരോ കുട്ടിക്കും ഓരോ നല്ല തുക ബാങ്കിൽ ഉണ്ടായിരിക്കും. ബാങ്കിൽനിന്നു് മൂന്നു ശതമാനം പലിശ കൊടുക്കും. ഈ പ്രസ്ഥാനം കുട്ടികളിൽ പണം സമ്പാദിക്കുവാനുള്ള ശീലമുണ്ടാക്കുന്നു; പണം അവർ അനാവശ്യമായി ചിലവാക്കുകയില്ല; പണത്തിന്റെ വില അവർ മനസ്സിലാക്കുകയും ചെയ്യുന്നതാണു്.†

---

# അമ്മേ! കനിഞ്ഞെന്നെ വിട്ടയക്കൂ.

(ആർ. സി. ശർമ്മാ)

(മഞ്ജരി)

ഉണ്മയോടുല്ലസിക്കുവാൻ കൊതിപ്പൂ ഞാൻ
അമ്മേ! കനിഞ്ഞെന്നെ വിട്ടയക്കൂ.
താതന്റെ തൃപ്പദത്താരിൻതണലിൽ ഞാ-
നാതങ്കലേശമറിഞ്ഞിടാതെ
സ്വച്ഛന്ദമാനന്ദക്രീഡകൾ ചെയ്യവേ-
യച്ഛനോടെന്നെ നീയേററുവാങ്ങി
അന്നുതൊട്ടിന്നോളം നിന്മടിത്തട്ടിൽ കി-
ടന്നു മയങ്ങുന്നു മൂഢനായ് ഞാൻ.
വിശ്വം വിളക്കുന്ന വിജ്ഞാനസൂര്യന്റെ
ശാശ്വതജ്യോതിസ്സിൻ കന്ദളങ്ങൾ
ബോധരഹിതമുറങ്ങുന്നൊരെൻ കണ്ണി-

---

† മഡേൺ റിവ്യൂ.

ലേശവും വെളിച്ചമെത്ത വീശിയില്ല.
കണ്ണിന്നു പുണ്യമെത്ത നല്കുമാറെങ്ങുമീ-
മണ്ണിലും വിണ്ണിലും മുററിനില്ക്കും
സത്യസനാതന സൌന്ദര്യസാരമെത്ത-
സ്സുപ്തനാം ഞാൻ ഹന്ത! കണ്ടതില്ല.
മോഹനമാംവിധം സ്നേഹംമുഴക്കുന്ന
കാഹളത്തിൻ കളമന്ദ്രനാദം
ആഹന്ത! നിൻരാഗവിസ്താരത്തിലേററം
മോഹനാമെൻ കാതിലെത്തിയില്ല.
വീതരാഗക്കും വിമോഹമെത്ത നല്കുമാ-
ശ്രിതലോട്ടുന്ന നിൻ പൂമുഖത്തിൽ
എങ്ങും കുളുർകാന്തി വീശി നിരന്തരം
പൊങ്ങുന്ന പുഞ്ചിരിപ്പാൽ നുകന്നും,
ആലോലശോഭമാം ചേലാഞ്ചലമെത്ത നീ
ചേലാർന്നലം ചലിപ്പിച്ചീടുമ്പോൾ
ആത്തസുഗന്ധമായ് മെല്ലവേ വീശുന്ന
തൈത്തെന്നലേററു സുഖിച്ചുകൊണ്ടും
കല്ലുമിളക്കുമാറുള്ളവിധം നല്ല-
കല്യമാം മഞ്ജുളാലാപത്തോടെ
ഭംഗ്യാ കളകണ്ഠം തന്നിലുതിരുന്ന
സംഗീതം കേട്ടു മയങ്ങിക്കൊണ്ടും
ഇത്രയും മൂഢമനസ്കനായി മീലിത-
നേത്രനായ് കഷ്ടം! കിടന്നുപോയ് ഞാൻ.
ഉണ്മയോടച്ഛനെക്കാണ്മാൻ കൊതിപ്പു ഞാ-
നമ്മേ! കനിഞ്ഞെന്നെ വിട്ടയക്കൂ.
ഹന്ത! ഞാനെന്തൊരു നീചൻ മഹാപാപി
സ്വന്തം പിതാവിനെക്കണ്ടിടാത്തോൻ!
എന്തൊരുറക്കമുറങ്ങിപ്പോയ് ഞാനമ്മേ!
യെന്തു നീയെന്നെയുണർത്തിയില്ല?
ഒന്നല്ല, രണ്ടല്ല, മുപ്പതു കൊല്ലമായ്
നിന്നുടെ മഞ്ജുമടിത്തടത്തിൽ
ഒന്നുമറിയാതെ, കണ്ണും തുറക്കാതെ
യെന്നും ഞാൻ സ്വച്ഛന്ദനിദ്ര ചെയ്വൂ
അന്നവസ്ത്രങ്ങളെ തന്നെന്നെനിക്കായി-
ത്തന്നരുളീടുന്ന തമ്പുരാന്റെ—
അത്തലണക്കാതെ നിത്യവുമീയെന്നെ-

കാത്തുകൊണ്ടീടുന്ന രക്ഷകൻെറ—
നീതിമാനാകുമെൻ നിൎമ്മലതാതൻെറ—
പ്രീതിപ്രസന്നമാം പൂമുഖത്തെ
കഷ്ടമിതേവരെ കാണ്മാനെനിക്കയ്യോ!
ദിഷ്ടദോഷത്താൽ കഴിഞ്ഞതില്ല.
ഉണ്മയോടപ്പനെക്കാണ്മാൻ കൊതിപ്പു ഞാ-
നമ്മേ! കനിഞ്ഞെന്നെ വിട്ടയക്കൂ.
താതൻെറ നൽത്തിരുമേനിയെപ്പുൽകാത്തി-
ലെന്തൊരു പുത്രനു ചാരിതാൎത്ഥ്യം?
തന്മുഖപങ്കജം കാണാത്ത മക്കൾക്കു
തൻമിഴികൊണ്ടെന്തു പുണ്യലാഭം?
തൽപദത്താർ കണ്ടു കൂപ്പാത്തിൽ പുത്രനു
നൽപ്പാണികൾ ഹന്ത! നിഷ്ഫലങ്ങൾ!
അപ്പനാമെന്നുടെ പൂൎവ്വധൎമ്മം; ഞാ-
നപ്പനെക്കാണാത്ത ഭാഗ്യഹീനൻ.
എന്തുഞാനോതേണ്ടു? ഹന്ത! ഹൃദന്തംമേ
ചിന്താശതാക്രാന്തി താന്തമമ്മേ!
വത്സലനാകുമാ വന്ദ്യപിതാവിൻെറ
യുത്സംഗമേറാനേറുന്നു മോഹം.
നിന്നുടെ മോഹനരാഗവിസ്താരത്താ-
ലിന്നിയുമെന്നെ യുറക്കിടാതെ
ഉണ്മയോടപ്പനെ കാണ്മാൻ കൊതിപ്പു ഞാൻ
അമ്മേ! കനിഞ്ഞെന്നെ വിട്ടയക്കൂ.

---

## ജീവിതചരിത്രം.

---

(വിദ്വാൻ, സി. എസ്സ്. നായർ)

"മനുഷ്യൻെറ ജീവതന്തുവിൻെറ അവസാനത്തിൽ അവൻെറ നാമാക്ഷരങ്ങൾ കൊത്തിയ ഒരു മുദ്ര അതിന്മേൽ വന്നു തൂങ്ങുന്നു. മരണം അതിൻെറ മൂൎച്ചയേറിയ 'കത്തിരി'കൊണ്ടു ആ ജീവിതതന്തുവിനെ മുറിച്ചുകളയുമ്പോൾ കാലത്തിൻെറ കരുത്തുള്ള കരം അതിൽ തൂങ്ങുന്ന മുദ്രയെ വലിച്ചെടുത്തു വിസ്മരണമാകുന്ന മഹാനദിയിലേയ്ക്കു് എറിയുന്നു. അങ്ങിനെ അഗാധമായ വിസ്മരണത്തിൻെറ ചുഴിയിൽ ചെന്നു വീഴുന്ന അസംഖ്യം ജീവിതമുദ്രകളിൽ ഏതാനും ചിലതു മാത്രം കാലം അയയ്ക്കുന്ന കാവൽക്കാരായ കളഹംസങ്ങളുടെ കനകതുണ്ഡികകളിൽ തങ്ങി, നിത്യതയുടെ നിലയനത്തിൽ ചെന്നു സ്ഥാനം ഉറപ്പിക്കുന്നു."

മുകളിൽ ഉദ്ധരിച്ച വാക്യം ഇററലിയിലെ അരിയോസ്റ്റോ എന്ന കവിശ്രേഷ്ഠൻ പറഞ്ഞിട്ടുള്ളതാണ്. ഇതിൽ കളഹംസങ്ങളായി അധ്യവസായം ചെയ്തിട്ടുള്ളതു ജീവിതചരിത്രം എഴുതുന്നവരെയാകുന്നു. അനശ്വരങ്ങളായ തങ്ങളുടെ പ്രവൃത്തിഫലങ്ങളെ ലോകത്തിൻെറ കൈയിൽ ഏല്പിച്ചുകൊടുത്തു പ്രപഞ്ചരംഗത്തിൽനിന്നു തിരോധാനംചെയ്യുന്ന മഹാപുരുഷന്മാരുടെ ജീവിതചരിത്രങ്ങൾ കാലത്തിൻെറ കൂരിരുൾക്കുഴിയിൽപ്പെട്ടു മറഞ്ഞുപോകാനിടയാകാതെ സൂക്ഷിക്കുന്നവരായ ജീവിതചരിത്രകാരന്മാർ ചെയ്യുന്ന പ്രവൃത്തിയുടെ മാഹാത്മ്യം അനല്പമായിട്ടുള്ളതാണ്. മഹാന്മാരുടെ പ്രവൃത്തികൾക്കുള്ള മാഹാത്മ്യം അവരുടെ ജീവിതചരിത്രങ്ങളിലും, ആ ജീവിതചരിത്രങ്ങൾക്കുള്ള മാഹാത്മ്യം അവയെ രേഖപ്പെടുത്തുന്ന തൂലികകളിലും സംക്രമിക്കുന്നു. മഹാപുരുഷന്മാരുടെ ജീവിതചരിത്രങ്ങളെപ്പോലെ അവരുടെ പുണ്യസ്മരണകളെ നിലനിർത്തുന്നതിനും, അവരുടെ പാവനാദർശങ്ങളെ പ്രകാശപ്പെടുത്തുന്നതിനും ശക്തങ്ങളായ ഉപാധികൾ മററു വല്ലതുമുണ്ടോ എന്നു സംശയമാണ്. സ്തംഭങ്ങൾ, ബിംബങ്ങൾ, പ്രതിമകൾ, ചിത്രങ്ങൾ മുതലായ സ്മാരകവസ്തുക്കൾ സ്മര്യപുരുഷന്മാരുടെ കൃത്രിമമായ പ്രത്യക്ഷദർശനം ഉണ്ടാക്കിക്കൊടുക്കുന്നവയാണെങ്കിലും അവയുടെ മെച്ചം അത്രയുംകൊണ്ടുതന്നെ അവസാനിച്ചുപോകുന്നു. ജീവിതചരിത്രഗ്രന്ഥങ്ങളെപ്പോലെ അവയ്ക്ക് അവരുടെ ഗുണങ്ങളെക്കുറിച്ചുള്ള സ്മരണകളെ ഉദ്ദീപിപ്പിക്കുവാനും, അവരുടെ ജീവിതത്തെസ്സംബന്ധിച്ചുള്ള പ്രതീതികളെ നിരന്തരം നിലനിർത്തുവാനും സാധിക്കുന്നതല്ല. സ്തംഭം, പ്രതിമ മുതലായ സ്മാരകവസ്തുക്കൾ വളരെ പരിമിതങ്ങളും ചിരപരിചയത്തിൽ ആകർഷണശക്തി കുറഞ്ഞുപോകുന്നവയുമാകുന്നു. ജീവിതചരിത്രങ്ങളാകട്ടേ സ്ഥിരമായ വ്യാപ്തിയും ശക്തിയും ഉള്ളവയും, അതിനാൽ അധികം ഉപയോഗപ്രദങ്ങളും ആയിട്ടാണിരിക്കുന്നതു്.

എവിടെ അസാധാരണത്വവും മഹത്വവും ഇരിക്കുന്നുവോ അവിടെ ലോകത്തിൻെറ ദൃഷ്ടി ചെല്ലുന്നതു സാധാരണമാണ്. വിശേഷവിധിയുള്ളതും മഹത്വം കലർന്നതുമായ വസ്തു ഏതായാലും ഏതു ദേശകാലങ്ങളിൽ ഉള്ളതായാലും അതിനെ അനുസ്മരണയിൽ നിർത്തുന്നതിനും ആരാധിക്കുന്നതിനും മനുഷ്യനു സ്വതസിദ്ധമായ ഒരു വാസനയും ആഗ്രഹവുമുണ്ട്. ഈ വാസനയെ തൃപ്തിപ്പെടുത്തുകയും ഈ ആഗ്രഹത്തെ സാധിപ്പിക്കുകയും ചെയ്യുന്നതിൻെറ ആവശ്യകതയാണു ജീവിതചരിത്ര ഗ്രന്ഥങ്ങളുടെ നിർമ്മാണത്തെ സാധൂകരിക്കുന്നതു്. ഗുണംകൊണ്ടും കർമ്മംകൊണ്ടും സ്വഭാവവൈശിഷ്ട്യംകൊണ്ടും സാധാരണ ജനങ്ങളുടെ നിലയിൽനിന്ന് ഉയർന്നു നില്ക്കുന്ന പുണ്യശ്ലോകന്മാരായ മഹാപുരുഷന്മാർ ജീവിച്ച ദേശകാലങ്ങളും, അവരുടെ ജീവിതസംഭവങ്ങളും, അവരുടെ ജീവിതങ്ങൾ വെളിപ്പെടുത്തിയ ആദർശങ്ങളും അറിയുന്നതിനും അനുസ്മരിക്കുന്നതിനും, അവ

രെ അനുകരിക്കുന്നതിനും നമ്മെ സഹായിക്കുന്നതു് അവരുടെ ജീവിതചരിത്രഗ്രന്ഥങ്ങളാകുന്നു. ജീവിതചരിത്രഗ്രന്ഥങ്ങളുടെ സാമാന്യമായ ഉദ്ദേശം 'കാലസൈകതത്തിൽ കാലടികൾ പതിപ്പിച്ചു കൺമറഞ്ഞു പോയിട്ടുള്ള മഹാന്മാരുടെ സൽപ്രവൃത്തികളേയും സ്വഭാവവൈശിഷ്ട്യത്തേയും അവരുടെ പിൻഗാമികളായ ജനങ്ങളേക്കൊണ്ടു സ്മരിപ്പിക്കുകയും അവരിൽ സംക്രമിപ്പിക്കുകയും ചെയ്യുക എന്നുള്ളതാകുന്നു. ഈ ഉദ്ദേശം സാധിക്കുന്നതിന് എത്രത്തോളമാണ് ഒരു ജീവിതചരിത്രപുസ്തകത്തിന്റെ വിജയത്തിന്റെ വ്യാപ്തിയിരിക്കുന്നതു്.

ഒരു ജീവിതചരിത്രഗ്രന്ഥത്തെ നിരൂപണംചെയ്യുന്ന നിരൂപകൻ അതിലെ പ്രതിപാദ്യമായവിഷയം, വിഷയത്തിന്റെ പ്രതിപാദനരീതി എന്നിങ്ങനെ രണ്ടു കൂട്ടമാണു മുഖ്യമായി നോക്കേണ്ടിയിരിക്കുന്നതു്. ഏതു ഗ്രന്ഥത്തിന്റേയും ഗുണദോഷങ്ങൾ അതിലെ വിഷയത്തിന്റേയും വിഷയപ്രതിപാദനരീതിയുടേയും ഗുണദോഷങ്ങളുടെ പ്രതിബിംബങ്ങളാകുന്നു. ജീവിതചരിത്രഗ്രന്ഥങ്ങളെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ചും ഈ നിയമം ബാധകമായിരിക്കുന്നുണ്ടു്. ജീവിതചരിത്രഗ്രന്ഥങ്ങളിൽ വിഷയവും വിഷയപ്രതിപാദനരീതിയും സമപ്രാധാന്യം വഹിക്കുന്നവയാണ്. അവയിൽ വിഷയം വായനക്കാരുടെ ബഹുമാനത്തേയും ശ്രദ്ധയേയും ആകർഷിക്കുന്നതും, വിഷയപ്രതിപാദനരീതി അവരുടെ മനസ്സിനെ ആവർജ്ജനം ചെയ്തു രസിപ്പിക്കുന്നതുമായിരുന്നാൽമാത്രമെ അവയുടെ ഉദ്ദേശം നിർവ്യൂഢമായിത്തീരുകയുള്ളു. വിഷയത്തിന്റെ ഗുണം പ്രതിപാദനരീതിയുടെ ദോഷത്തേയോ, പ്രതിപാദനരീതിയുടെ ഗുണം വിഷയത്തിന്റെ ദോഷത്തേയോ ഒരിക്കലും പരിഹരിക്കുന്നതല്ല. ജനങ്ങൾ സ്വതവേ അറിയുവാനാഗ്രഹിക്കുന്നതും അവർ അറിഞ്ഞിരിക്കേണ്ടതുമായ ഒരാളുടെ ജീവിതത്തിനുമാത്രമേ ചരിത്രവിഷയമായിത്തീരുവാനുള്ള സ്വാഭാവികമായ യോഗ്യതയുള്ളു. അങ്ങിനെയുള്ള ഒരു ജീവിതത്തെ വിഷയമാക്കി അതിന്റെ ശരിയായ മഹത്വവും അതിൽനിന്നു പഠിക്കുവാനുള്ള പാഠങ്ങളും വെളിപ്പെടത്തക്കവണ്ണം രമണീയമായരീതിയിൽ എഴുതപ്പെടുന്ന ചരിത്രം ഉത്തമമായ ചരിത്രഗ്രന്ഥമായിത്തീരുന്നതാണ്.

ഒരു ജീവിതചരിത്രഗ്രന്ഥത്തിന്റെ വിഷയത്തിന്ന് എന്തെല്ലാംഗുണങ്ങളാണുണ്ടായിരിക്കേണ്ടതു്? അല്ലെങ്കിൽ എങ്ങിനെയുള്ള ഒരു ജീവിതമാണു ചരിത്രവിഷയമായിത്തീരുവാൻ യോഗ്യമായിട്ടുള്ളതു്? ഈ ചോദ്യം വിവിധങ്ങളായ വാദവിഷയങ്ങൾക്കു ഹസ്താവലംബം നൽകുന്ന ഒന്നാകയാൽ ഇതുസംബന്ധിച്ചു വിസ്തരിച്ചൊന്നും ഇവിടെ പ്രസ്താവിക്കേണമെന്നു വിചാരിക്കുന്നില്ല. സാമാന്യമായിപ്പറയുകയാണെങ്കിൽ ചരിത്രവിഷയമായ ജീവിതത്തിന്നു മുഖ്യമായ് ഗൌരവം, മഹത്വം, പൂർണ്ണത എന്ന മൂന്നുഗുണങ്ങൾ ഉണ്ടായിരിക്കേണമെന്നു പറയാവുന്നതാണ്. ഈ 'ഉത്സ

ങ്ങ് നിയമങ്ങൾക്ക് "അപവാദ"ങ്ങളില്ലെന്നു ഞാൻ പറയുന്നില്ല. ഒരാളുടെ ജീവിതത്തിനു ഗൌരവമുണ്ടാവുന്നതു സാരമേറിയ പല മഹാവ്യാപാരങ്ങളിലും ഏൎപ്പെട്ടു നാനാവിധങ്ങളായ വിഷമഘട്ടങ്ങളുമായി ഘട്ടനം ചെയ്യുന്നതുകൊണ്ടാകുന്നു. മഹത്തായും ശാശ്വതവായുമുള്ള ഫലങ്ങളെ കായ്ക്കുന്ന പരിശ്രമങ്ങളെല്ലാം ജീവിതത്തിനു ഗൌരവം ഉണ്ടാക്കുന്നു. ഏതെല്ലാം സംഗതികളാണു ജീവിതത്തിനു മഹത്വമുണ്ടാക്കുന്നതെന്നു പരിച്ഛേദിച്ചു പറയുവാൻ പ്രയാസമാണ്. മഹത്വവും, മഹത്വസാധകങ്ങളായ പ്രവൃത്തികളും പലപ്രകാരത്തിലുമുള്ളതിനാൽ അവയുടെ തോതും പലപ്രകാരത്തിലായിരിക്കുന്നു. 37നാടകങ്ങൾ നിൎമ്മിച്ച് ഇംഗ്ലീഷുസാഹിത്യത്തിന് അത്യുന്നതമായ ഒരു സ്ഥിതി ഉണ്ടാക്കിത്തീൎത്തിട്ടുള്ള ഷേക്സ്പിയർ മഹാകവിയുടെ സാഹിത്യപരിശ്രമവും, അതിന്റെ സൽഫലങ്ങളും അതുല്യങ്ങളായിട്ടുള്ളവയാണ്. എന്നാൽ ചരിത്രപ്രസിദ്ധമായ വാട്ടർലൂയുദ്ധത്തിൽവെച്ചു വിശ്രുതവീരനായ നെപ്പോളിയനെ തോല്പിച്ച ഇംഗ്ലീഷുസൈന്യാധിപനായ വെല്ലിംഗ്ടൺന്റെ വിജയം യൂറോപ്പിന്റെ ചരിത്രഗതിയെ സാരമായി സ്പൎശിച്ച ഉൽകൃഷ്ടമായ ഒരു സംഗതിയാണെങ്കിലും അതിനു ഷേക്സ്പീയർ മഹാകവിയുടെ വിജയത്തിനുള്ളടത്തോളം മാഹാത്മ്യമില്ല എന്നു തീൎച്ചയാണ്. പ്രസിഡണ്ടു വിത്സന്റേയൊ, മിസ്റ്റർ ലോയിഡ് ജോർജ്ജിന്റേയൊ പരിശ്രമങ്ങൾ എത്രയും പ്രാധാന്യവും ഗൌരവവും ഉള്ളവയാണെങ്കിലും മഹാത്മാഗാന്ധിയുടെ പരിശ്രമങ്ങളോടു താരതമ്യപ്പെടുത്തുമ്പോൾ അവ മഹത്വത്തിൽ തുലോം കൃശങ്ങളായിത്തീൎന്നുപോകുന്നു. വീരന്മാരായ സൈന്യാധിപന്മാരും സമൎത്ഥന്മാരായ രാജതന്ത്രജ്ഞന്മാരും ഒരു രാജ്യത്തു് എപ്പോഴുമില്ലെങ്കിലും മിക്കപ്പോഴും ഉണ്ടായി എന്നു വരുന്നതാണ്. എന്നാൽ മഹാകവികളും മഹാത്മാക്കളും ചുരുക്കം ചില കാലങ്ങളിൽ മാത്രമേ ആവിൎഭവിക്കുക പതിവുള്ളൂ. "പെരുത്തു നൂറാണ്ടിനിടക്കൊരിക്കലീ-മരുപ്പുറമ്പാമുലക കല്പപാദപം. ഒരുററ വൃക്ഷത്തെ നടന്നുപാന്ഥരായ് വരുന്നവൎക്കുത്തമ വിശ്രമത്തിനായ്" എന്നാണല്ലോ മഹാകവി വാക്യം.

സദാചാരതല്പരനായ ഒരു ഗൃഹസ്ഥൻ, മതനിഷ്ഠയുള്ള ഒരു വൈദികൻ, വിദഗ്ദ്ധനായ ഒരു വൈദ്യൻ, സമൎത്ഥനായ ഒരു സൎക്കാർ ഉദ്യോഗസ്ഥൻ, വാഗ്ചതുരനായ ഒരു വക്കീൽ എന്നിവരെല്ലാം ഒരുതരത്തിൽ യോഗ്യന്മാരായിട്ടുള്ളവരാണ്. എന്നാൽ ഇവരിൽ ആരുടെയും ജീവിതത്തിനു ചരിത്രവിഷയമായിത്തീരുവാനുള്ള യോഗ്യതയില്ല. ഗൃഹസ്ഥന്റെ സദാചാരതല്പരതയും; വൈദികന്റെ മതനിഷ്ഠയും, വൈദ്യന്റെ വൈദഗ്ദ്ധ്യവും, സൎക്കാരുദ്യോഗസ്ഥന്റെ സാമൎത്ഥ്യവും, വക്കീലിന്റെ വാൿചാതുൎയ്യവും മുഖ്യമായി അവരവരുടെ ഗുണത്തിനുമാത്രം ഉപയോഗപ്പെടുന്നവയാകുന്നു. വിശേഷബുദ്ധിയെ അൎഹിക്കുന്ന ഒരു അസാധാരണത്വ

മോ, ജനങ്ങളുടെ നിത്യസ്മരണയേയും നന്ദിയേയും അവകാശപ്പെടുന്നതി
ന്നു തക്കവണ്ണമുള്ള ഒരു മഹത്വമോ ഒന്നും അവൎക്കില്ല. സമുദായത്തിന്നും
രാജ്യത്തിന്നുംവേണ്ടി പരിത്യാഗപൂൎവ്വകം പരിശ്രമിച്ചിട്ടുള്ളവർ, ലോക
ത്തിന്റെ നന്മക്കായി ജീവിതം ബലികഴിച്ചിട്ടുള്ളവർ, ലോകത്തിന്റെ
സംസ്കാരപരിഷ്കാരങ്ങളുടെ അഭിവൃദ്ധി ഉണ്ടാകത്തക്കവണ്ണം ശാസ്ത്രങ്ങളി
ലും കലകളിലും സൃഷ്ടിശക്തിയെ പ്രകടിപ്പിച്ചിട്ടുള്ളവർ, മതങ്ങൾ സ്ഥാ
പിച്ചിട്ടുള്ളവർ, സാമ്രാജ്യങ്ങൾ പ്രതിഷ്ഠിച്ചിട്ടുള്ളവർ എന്നീവിധത്തിലു
ള്ളവരെല്ലാം ചരിത്രപുരുഷന്മാരായിത്തീരുവാൻ അൎഹതയുള്ളവരാകുന്നു.
ഇവരെല്ലാം ഒരു വിധത്തിലല്ലെങ്കിൽ മറെറാരു വിധത്തിൽ ലോകത്തിന്
ഉപകാരമായും ഉപദേശമായും തീരത്തക്കവണ്ണമുള്ള ഒരു ഉൽകൃഷ്ടമായ
ജീവിതരീതികൊണ്ടു സാമാന്യജനതയുടെ നിലയിൽനിന്ന് ഉയൎന്നു നില്ക്കു
ന്നവരാണ്. പരാൎത്ഥപരങ്ങളായ പരിശ്രമങ്ങൾ, ബഹുജനങ്ങൾക്കുപ
യോഗപ്പെടുന്ന ശാശ്വതങ്ങളായ നേട്ടങ്ങൾ, ഉൽകൃഷ്ടങ്ങളായ ആശയ
ങ്ങൾ, ഉന്നതങ്ങളായ ആദൎശങ്ങൾ മുതലായവയാണു മഹത്വത്തിന്റെ മാ
നദണ്ഡങ്ങൾ. ഇപ്പറഞ്ഞവയിൽ ഒന്നിന്റേയും വൈഭവംകൊണ്ടല്ലാതെ,
കേവലം കുലമഹിമ, ഉദ്യോഗവലിപ്പം, ധനസമൃദ്ധി മുതലായ ബാഹ്യോപാ
ധികളുടെ സ്വാധീനശക്തികൊണ്ടുമാത്രം 'പ്രമാണി'ത്വം നേടി പ്രസിദ്ധ
ന്മാരായിത്തീരുന്നവർ ഇക്കാലത്തു ധാരാളമുണ്ട്. വൎത്തമാനക്കടലാസ്സുക
ളിൽ സ്തുതിപാഠകന്മാരായ ലേഖകന്മാർ 'തട്ടിമൂളിച്ചുവിടുന്ന' പ്രശംസക
ളും, സമൎത്ഥന്മാരായ 'സേവക'ന്മാർ വഴിയായി സമ്പാദിക്കുന്ന 'മംഗളപ
ത്ര'ങ്ങളും ഒരു പക്ഷെ അല്പകാലത്തേക്കുമാത്രം അത്തരക്കാരുടെ പേരും
സ്മരണയും നിലനിൎത്തി എന്നുവന്നേയ്ക്കാം. എന്നാൽ സത്യത്തിന്റെ ക
ണ്ണായിവിളങ്ങുന്ന കാലത്തിന്റെ നികഷോപല (ഉരകല്ല്) ത്തിൽവെച്ചു
മാററുരച്ചുനോക്കുമ്പോൾ അക്കൂട്ടരുടെ യോഗ്യതയുടെ "ചെമ്പുതെളിയു
ക"യും, ക്രമത്തിൽ അഗാധമായ വിസ്മൃതിയുടെ അന്ധകാരത്തിൽപ്പെട്ടു അ
വരുടെ പേരുകൾ മാഞ്ഞുപോവുകയും ചെയ്യുന്നു. മേൽപ്പറഞ്ഞ വിധ
ത്തിലുള്ളവരുടെ ജീവിതചരിത്രങ്ങളെ ലോകം ഒരിക്കലും ആവശ്യപ്പെടു
ന്നില്ല.

ജീവിതത്തിന്റെ പൂൎണ്ണത എന്നു വെച്ചാൽ, അതിന്റെ പ്രവൃത്തി
ശക്തിമുഴുവനും പ്രവൎത്തിച്ചു കഴിയുന്ന അവസ്ഥ എന്നൎത്ഥമാകുന്നു. മര
ണമാണ് ഒരാളുടെ ജീവിതത്തിന്നു പൂൎണ്ണത വരുത്തുന്നതു്. മരണത്തിന്നു
ശേഷമേ ഒരു മനുഷ്യന്റെ ക്രിയാശക്തി എത്രമാത്രം പ്രവൎത്തിച്ചിട്ടുണ്ടെ
ന്നും എത്രത്തോളം ഫലപ്രദാതൃത്വവും മഹത്വവുമുള്ളതാണെന്നും നി
ശ്ചയിക്കുവാൻ നിവൃത്തിയുള്ളു. ജീവിച്ചിരിക്കുന്നവരുടെ പ്രവൃത്തിരംഗ
ങ്ങൾ അനിശ്ചിതങ്ങളും, പ്രവൃത്തിശക്തിയുടെ പരിമാണം അദൃശ്യവുമാ
കുന്നു. അതിനാൽ ജീവൽപ്പുരുഷന്മാരുടെ അപൂൎണ്ണമായ ജീവിതത്തെ

ക്കാം, മൃതപുരുഷന്മാരുടെ പൂൎണ്ണമായ ജീവിതമാണു ചരിത്രത്തിന്നു വിഷയമാക്കിത്തീൎക്കുവാൻ അധികം നന്നായിട്ടുള്ളതു്. ഒരാൾ ജീവിച്ചിരിക്കുന്നകാലത്തു് എഴുതപ്പെടുന്ന അയാളുടെ ജീവിതചരിത്രം ശിരസ്സില്ലാത്ത ഒരു കബന്ധദേഹംപോലെ അപൂൎണ്ണവും വിരൂപവുമാണെന്നാണു സിഡ്നിലി എന്ന പണ്ഡിതൻ പറയുന്നതു്. അതിൻപുറമേ, ജീവിച്ചിരിക്കുന്നവരുടെ ജീവിതം സുഹൃത്തുക്കളുടെ അതിസ്തുതിക്കും, വിരോധികളുടെ ആക്ഷേപത്തിന്നും പാത്രീഭവിക്കുന്നതു് ഒട്ടും അസാധാരണമായിട്ടുള്ളതല്ലാത്തതിനാൽ അങ്ങിനെയുള്ള ജീവിതത്തിൻെറ യഥാൎത്ഥസ്ഥിതി പലപ്പോഴും തിരോഹിതമായിരുന്നു എന്നു വന്നേയ്ക്കാവുന്നതുമാണു്. മരണത്തിന്നുമാത്രമേ പക്ഷപാതത്തിൻെറയും വൈരത്തിൻെറയും ഇരുട്ടറയിൽ ബന്ധിച്ചിട്ടുള്ള മനുഷ്യൻെറ യഥാൎത്ഥസ്ഥിതിയെ അവിടെനിന്നു വീണ്ടെടുത്തു വെളിച്ചത്തു കൊണ്ടുവരുവാൻ സാധിക്കുകയുള്ളു. ഒരാളെ സംബന്ധിച്ചുള്ള സ്മരണ ആയാളുടെ മരണശേഷവും നിലനില്ക്കുന്നുവെങ്കിൽ ആയാൾക്കു് ഏതെങ്കിലും തരത്തിലുള്ള യഥാൎത്ഥമായ ഒരു യോഗ്യത ഉണ്ടെന്നു നിശ്ചയിക്കാവുന്നതാണു്. അതിനാൽ മരണത്തിന്മേൽ മാററുരച്ചുനോക്കിയതിന്നുശേഷമാണു് ഒരാളുടെ ജീവിതത്തിൻെറ ചരിത്രം എഴുതുന്നതു നന്നായിട്ടുള്ളതു്. എന്നാൽ ഇത്രയും പറഞ്ഞതുകൊണ്ടു ജീവിച്ചിരിക്കുന്നവരുടെ ആരുടേയും ജീവിതചരിത്രം തീരെ എഴുതിക്കൂടെന്നാണു് ഇവിടെ സിദ്ധാന്തിക്കുന്നതു് എന്നു ആരും അൎത്ഥമാക്കുകയില്ലെന്നു വിചാരിക്കുന്നു. ഉൽകൃഷ്ടതരങ്ങളായ പ്രവൃത്തികൾകൊണ്ടും, അനിതരസാധാരണമായ അത്ഭുതവൈദഗ്ദ്ധ്യംകൊണ്ടും വിശ്വവിശ്രുതന്മാരായിത്തീരുന്ന മഹാന്മാരുടെ ജീവിതം സംബന്ധിച്ചുള്ള വിവരങ്ങൾ അറിയുന്നതിന്നു ലോകം എപ്പോഴും എത്രയും ഉൽക്കണ്ഠിതമായിട്ടാണിരിക്കുന്നതു്. അവരുടെ മരണംവരേയും അവരുടെ ജീവിതചരിത്രവിവരങ്ങൾ വെളിക്കുവിടാതെ, ലോകത്തിൻെറ ആ ഉൽക്കണ്ഠയെ നീട്ടിക്കൊണ്ടുപോകേണമെന്നല്ല മേൽപ്പറഞ്ഞതിൻെറ സാരം. അവരുടെ ജീവിതനാടകത്തിൽ അഭിനയിച്ചുതീൎന്നേടത്തോളം അങ്കങ്ങളെ രേഖപ്പെടുത്തി, ലോകത്തിൻെറ ജിജ്ഞാസയെ ശമിപ്പിക്കുക തന്നെവേണം. എന്നാൽ അങ്ങിനെ ജീവിതകാലത്തിൽ എഴുതിയ ചരിത്രം അപൂൎണ്ണമായിട്ടേയിരിക്കുകയുള്ളു എന്നും അതിന്നു ജീവിതത്തിൻെറ മുഴുവനും അൎത്ഥം വെളിപ്പെടുത്തുവാൻ കഴിയുകയില്ലെന്നും ഇവിടെ എടുത്തു പറയേണ്ടിയിരിക്കുന്നു. മുൻപറഞ്ഞതുപ്രകാരം ഗൌരവം, മഹത്വം, പൂൎണ്ണത എന്നീ മൂന്നു ഗുണങ്ങൾ മുഖ്യമായ് ഒത്തുകാണുന്ന ജീവിതത്തിൻെറ ചരിത്രം എഴുതുവാൻ തുനിയുന്ന ചരിത്രകാരൻെറ ശ്രമത്തിന്നു ശരിയായ ചരിതാൎത്ഥത ഉണ്ടാകുന്നതാണു്.

[തുടരും]

# പുസ്തകാഭിപ്രായം.

## കപോതസന്ദേശം.

ഗ്രന്ഥകൎത്താവു്:—ഓടാട്ടിൽ കേശവമേനോൻ, മൂവ്വാററുപുഴ.

വില. 0—8—0

കവികുലകൂടസ്ഥനായ കാളിദാസമഹാകവിയുടെ കല്പനാശക്തി നവീനപ്രസ്ഥാനങ്ങളിൽ പ്രസരിച്ചു "സന്ദേശ" സരണിയിൽ എത്തിയപ്പോൾ അതിന്റെ പരമമായ സീമയിൽ എത്തിയതായി വിചാരിക്കാവുന്നതാണ്. തൽഫലമായി ലോകാനുഗ്രഹരീത്യാ മേഘസന്ദേശമായി പരിണമിച്ചിട്ടുള്ളതു സൎവ്വവിദിതമാണല്ലൊ.

കാലാന്തരത്തിൽ ഗതാനുഗതികന്യായേന സന്ദേശകാവ്യങ്ങൾ ചിലതു് ഉണ്ടാവുകയും ചെയ്തു. നവ്യപ്രസ്ഥാന മഹിമയില്ലെങ്കിലും കാവ്യജീവസ്ഫുരണംകൊണ്ടു സാഹിത്യലോകത്തിൽ പ്രോജ്വലത്തുകളായ 'ശുകകോകിലസന്ദേശങ്ങൾ' കാവ്യസാമ്രാജ്യത്തിൽ പൂജാൎഹങ്ങളായി. മററു പല സന്ദേശകാവ്യങ്ങളുണ്ടായെങ്കിലും അവയ്ക്കു് ഈ പദപ്രാപ്തി അത്ര സുലഭമല്ലതന്നെ. മലയാളഭാഷയെ അലങ്കരിക്കുന്നതിനു മേല്പറഞ്ഞവ ഓരോന്നിനും പരിഭാഷകൾ ഉള്ളതായിത്തീൎന്നു എങ്കിലും 'ഉണ്ണുനീലിസന്ദേശവും' 'മയൂരസന്ദേശവും' സ്വതന്ത്രസ്ഥംഭങ്ങളായി ഭാഷാസാഹിത്യത്തിൽ പരിശോഭിച്ചു. മററു ചിലവ അവയുടെ സാമാന്യഗതിയേയും അടഞ്ഞിട്ടു കാലം കുറെ ആയി.

ഈ കാലം ഉന്മേഷദായകമായ കൃതികൾകൊണ്ടു പരിശോഭിക്കുന്ന ഒന്നാണ്. കഞ്ചാവു്, കറുപ്പു്, ഇവ ചേൎത്തു ചായ ഉണ്ടാക്കി ഉന്മേഷം ജനിപ്പിക്കുന്നപോലെ മഞ്ജരി, കേക തുടങ്ങിയ ചില ദ്രാവിഡവൃത്തങ്ങളിൽ ചെറു ചെറു കാവ്യങ്ങൾ ഉണ്ടാക്കി, രാഷ്ട്രീയബീജങ്ങൾ കലൎത്തി, കാവ്യം രചിച്ചു ഹൃദയാഹ്ലാദംവരുത്തുമ്പോൾ, മി. ഓടാട്ടിൽ കേശവമേനോൻ മറെറാരുവഴിയെ പ്രസരണം ചെയ്തതിന്റെ ഫലമത്രെ "കപോതസന്ദേശം." സാധാരണ ഗ്രന്ഥകൎത്താവിന്റെ മനോഭിലാഷപ്രതിബിംബം മാത്രമായിട്ടാണു മുഖവുരകൾ പരിണമിയ്ക്കാറുള്ളതു്. ആ സാധാരണത്വം ഇവിടേയും വ്യത്യസ്തമല്ല. ഏതായാലും ഗ്രന്ഥം വായിച്ചു തീൎന്നതിനുശേഷംമാത്രം ഗ്രന്ഥാവതരണം ചെയ്യിച്ചു, മി. പി. കെയുടെ തൂലികാപാടവം പ്രദൎശിപ്പിച്ചിട്ടുള്ള അഭിപ്രായം വായിച്ചു രസിക്കാൻ ഞങ്ങൾ വായനക്കാരോടു ശുപാൎശ ചെയ്യുന്നു.

മി. മേനവൻ മയൂരസന്ദേശത്തെ സൎവ്വാത്മനാ ആരാധിച്ചുപോരുന്ന ഒരു കവിയാണെന്നു് ഈ ഗ്രന്ഥത്തിന്റെ ഏതുഭാഗം നോക്കിയാലും പ്രത്യക്ഷപ്പെടുന്നതാണ്. എന്നാൽ അതിനുള്ള ലോകോത്തരാഹ്ലാദം ഇതിനു അത്രത്തോളം സിദ്ധിച്ചിട്ടുമില്ല.

6 *

പദ്യങ്ങളിൽ പലതിനും സുഗമമൊ, സുലളിതമൊ ആയ ആശയബോധം സുസാധ്യമായി കാണുന്നില്ല. "വിശ്രംഭരതം" കല്പിച്ചിരിക്കുന്നതും "ത്രിമൂർത്തികല്പനയും" ഇതിനുദാഹരണങ്ങളാണ്. "ഓളം കൈവിട്ടുണരുവാൻ" കപോതത്തോടു പറയുന്നതും "ഇരതെണ്ടി കൊള്ളുവാൻ" അനുവദിക്കുന്നതും പദപ്രയോഗഭംഗിക്കുറവിനെയാണു വ്യക്തപ്പെടുത്തുന്നത്. "നിഃസ്പൃഹമായ പദയോജനയുടെ അക്ലിഷ്ടമാധുര്യം" ഒരു കാവ്യത്തിൽ "വ്യാപ്ത"മായിക്കാണേണ്ട ഗുണമെന്നത്രെ ഞങ്ങളുടേയും അഭിപ്രായം.

ശ്രമം സർവഥാ ശ്ലാഘനീയമെന്നു പറയുന്നതിൽ ഞങ്ങൾ പൂർണ്ണമായി യോജിക്കുന്നില്ലെങ്കിലും കാവ്യകോടിയിൽ ഇതിനും ഒരു നല്ല സ്ഥാനമുണ്ടെന്നു സധൈര്യം പറഞ്ഞുകൊണ്ടു് ആഗ്രഹത്തിന്റെ ശ്രമത്തിനു വിജയം ആശംസിച്ചുകൊള്ളുന്നു.

## വനകുസുമം

ഗ്രന്ഥകർത്താ:— വി. ഉണ്ണികൃഷ്ണൻനായർ ബി. എ.

മംഗളോദയം പ്രസ്സ്, തൃശ്ശിവപേരൂർ. വില അണ ൮.

'കവിതാരീതിവൈഷമ്യ'മെന്നു പറയുന്നതു സാധുവല്ലെന്നു തെളിയിക്കത്തക്കവണ്ണം അതിന്റെ നാനാമുഖങ്ങളായ പ്രസ്ഥാനം ദിനംപ്രതി വർദ്ധിച്ചുവരുന്നുണ്ടു്. അതിനുപറ്റിയ രീതി ദ്രാവിഡവൃത്തമെന്നും ഭാഷാകവികൾ അറിഞ്ഞിരിക്കുന്നു. എന്നാൽ അതിന് അനപേക്ഷണീയങ്ങളായ പലനിബന്ധനകളുമുണ്ടു്. അവയെ എല്ലാം അവഗണിച്ചു് ഭാഷാദേവതയെ അലങ്കോലപ്പെടുത്തുന്ന സമ്പ്രദായത്തിനു നവീനസരണിയെന്നു പേരും കല്പിച്ചിരിക്കുന്നു.

കേക, മഞ്ജരി എന്നീ വൃത്തങ്ങളിൽ പതിനെട്ടും സംസ്കൃതവൃത്തങ്ങളിൽ രണ്ടും ഉൾപ്പെടെ ഇരുപതു ഖണ്ഡകൃതികളാണു് ഈ വനകുസുമമെന്നപേരിൽ വിസ്മരത്തായി പരിശോഭിക്കുന്നതു്.

മഞ്ജരിവൃത്തത്തിൽ ചെറുശ്ശേരിയുടെ ഗാഥയെ അനുവർത്തിച്ചുള്ള ഇന്നത്തെ രചനാഗതിയെന്നു സങ്കടത്തോടെ പറയേണ്ടിയിരിക്കുന്നു.

"ഈ മനോജ്ഞാംഗിതന്നോമൽസ്മിതാഭയേ
റ്റീമലർക്കാവിലെ പ്പൂക്കളെല്ലാം.
വാർമതികാന്തിയാ ലാമ്പലെന്നോണമ-
ക്ഷാമവികാസ മനുല്ലസിപ്പൂ"

ഓരോ ഈരടിയിലും ആദ്യത്തേവരിയിൽ മൂന്നാമത്തെ അക്ഷരങ്ങളിൽ ഒരു യതിയുണ്ടെന്നുള്ളതു വിസ്മരിക്കട്ടെ. ഒന്നാംവരിയും രണ്ടാംവരിയും കൂട്ടിപ്പിണച്ചു പ്രയോഗിക്കുന്ന സമ്പ്രദായം ഒരിക്കലും ക്ഷന്തവ്യമല്ലതന്നെ.

ഈ ശബ്ദങ്ങളുടെ സ്പഷ്ടതയില്ലായ്മയും 'ഗ്രന്ഥപ്രസ്ഥാന'മെന്നു പറഞ്ഞതാ

ഴിയാവുന്ന ഒരു സുഗമമാൎഗ്ഗമായി കലാശിച്ചിട്ടുണ്ടു്. 'ബാലവിധവ'യിൽ 'വെളിച്ചവും' 'ഇരുട്ടും' 'രണ്ടുംകെട്ടതും' 'ഒരു ദേവിയും' കവി മനോമണ്ഡലത്തിൽ പ്രകാശിക്കുന്നപോലെ വായനക്കാരിൽ പ്രതിഫലിക്കുമോ എന്നു സംശയിക്കുന്നു.

മി. ഉണ്ണികൃഷ്ണൻനായരുടെ കവിത പദ്യത്തിലേക്കാൾ ഗദ്യത്തിൽ പരിശോഭിക്കുന്നുവെന്നത്രെ ഞങ്ങൾക്കു ചുരുക്കത്തിൽ പറയാനുള്ളതു്.

നൂതനശബ്ദസൃഷ്ടിചെയ്തു് അഭിപ്രായമെന്തെന്നറിവാൻ മററുള്ളവൎക്കു് എളുപ്പമല്ലാത്തവിധം 'മി. നായരുടെ ആശയം അചുംബിതമെന്നൊ മററൊ' പറവാൻ ഞങ്ങൾ ഒരുങ്ങുന്നില്ല. ദ്രാവിഡവൃത്തത്തിൽ കവിതയെഴുതുമ്പോൾ അതു പാട്ടിനു പററിയതൊ എന്നുകൂടി ഒന്നു് ആലോചിച്ചാൽ നന്നായിരിക്കും. ആശയവിശദീകരണത്തിലും വൃത്തനിബന്ധനയിലും അല്പംകൂടി ശ്രദ്ധിപ്പാൻ അപേക്ഷിച്ചുകൊണ്ടും മി: നായൎക്കു യശഃപ്രാൎത്ഥന ചെയ്തുകൊണ്ടും ഗ്രന്ഥകൎത്താവിന്റെ പരിശ്രമത്തെ അഭിനന്ദിച്ചുകൊള്ളുന്നു.

### പ്രണയപ്രസാദം

ഗ്രന്ഥകൎത്താവു് വി. കേശവപിള്ള

വാലുപറമ്പ്, തിരുവല്ല

വില നാലുചക്രം. (0—2—8)

പ്രണയപ്രസാദമെന്ന ഖണ്ഡകാവ്യം ഒരു യുവകവിയുടെ അരങ്ങേററമാണു്. അദ്ദേഹത്തിന്റെ പ്രാരംഭശ്രമം അഭിനന്ദനീയമെന്നു പറയുന്നതിൽ രണ്ടു പക്ഷത്തിനവകാശമില്ല. എല്ലാ പദ്യങ്ങളും കവിതാരസംകൊണ്ടു ലോകത്തരമായ ആഹ്ലാദം ജനിപ്പിക്കുന്നുണ്ടു്. മി: നാരായണമേനവന്റെ അഭിപ്രായത്തെ ആശാനവർകൾ ഖണ്ഡിച്ചതു കവിയോടുണ്ടായ അത്ഭുതവാത്സല്യത്തിന്റെ ഫലമെന്നു മാത്രമെ ഞങ്ങൾക്കഭിപ്രായമുള്ളു. ഇനിയും പുതിയ സൽഗ്രന്ഥങ്ങൾ ഈ കവിയിൽനിന്നും ആശിച്ചുകൊണ്ടു് ഈ യുവകവിയ്ക്കു് വിജയം ആശംസിച്ചുകൊള്ളുന്നു.

### ധീരോദാത്തകഥകൾ (ഒന്നാം ഭാഗം)

ഗ്രന്ഥകൎത്താവു് - ഇമ്മട്ടി മാത്യു ജോസെഫ്.

മാർനർസസ പ്രസ്സ്, തൃശ്ശിവപേരൂർ, വില 0 10 0

ഈ ധീരോദാത്തകഥകൾ ചരിത്രപ്രധാനങ്ങളായ ചില സംഭവങ്ങളെ അടിസ്ഥാനപ്പെടുത്തി എഴുതിയിട്ടുള്ള ഒന്നാകുന്നു. ഇവയിൽ ചിലതു ജീവചരിത്രങ്ങളും ചിലതു ചിലരെ സംബന്ധിച്ച ചില പ്രത്യേകസംഭവങ്ങളും ആണു്. ഒരു മഹനീയകൃത്യം, ചക്രവൎത്തിയുടെ സഖി, അടിയന്റെ പൂൎവ്വസമ്പത്തു് മുതലായ കഥകളുടെ പ്രതിപാദനരീതി നന്നായിട്ടുണ്ടു്. അതു വായനക്കാരുടെ ഹൃദയത്തെ ആകൎഷിക്കുകയും ചെയ്യും. ഏ

ലിയാസറിൻെറ ത്യാഗം, ബീഗംസുംറു മുതലായ കഥകൾ ദീർഘങ്ങളും, വലിയ പുതുമക്കിടംകൊടുക്കാത്തവയും ആകുന്നു. എങ്കിലും ഈ കഥകളുടെ പാരായണംകൊണ്ടു വിദ്യാൎത്ഥികളിൽ പൌരുഷം, പരിശ്രമം, സത്യം ത്യാഗശീലം, രാജ്യാഭിമാനം, പൊതുജനക്ഷേമതല്പരത മുതലായ ഉൽകൃഷ്ടഗുണങ്ങൾ അങ്കുരിപ്പിക്കാവുന്നതാണ്. വ്യാജപ്രസ്താവങ്ങളെന്നു തീൎച്ചപ്പെട്ടിട്ടുള്ള "ഇരുട്ടറയിലെ വധം" മുതലായ സംഭവങ്ങൾ ഈ പുസ്തകത്തിലും സ്ഥാനംപിടിച്ചിരിക്കുന്നതു ശോചനീയംതന്നെ. "മഹാമഹിമാവായ ചക്രവൎത്തിയുടെ സല്ഗുണസമ്പന്നനും പ്രതാപവാനുമായ ചക്രവൎത്തിപദത്തെ" മുതലായ പ്രയോഗവിശേഷങ്ങളും പരിഹരിക്കേണ്ടതാണ്. വിശേഷിച്ചു മലയാളപുസ്തകത്തിന് ഇംഗ്ലീഷിൽ ഒരു അവതാരിക എഴുതിയിരിക്കുന്നതും കൌതുകമായിരിക്കുന്നു. അവതാരികാകൎത്താവായ മഹിരാജാസ് കാളേജ് പ്രൊഫസർ വി. എസ്സ്. രാമകൃഷ്ണയ്യർ അവർകൾ മലയാളഭാഷാപരിജ്ഞാനം ഇല്ലാത്ത ഒരാളായിരിക്കാനും തരമില്ല. പക്ഷെ ഇതുകൊണ്ടു പുസ്തകത്തിനു വലിയ ദോഷമൊന്നും വരാനും ഇല്ലല്ലൊ. എല്ലാ വിദ്യാൎത്ഥികൾക്കും ഉപകാരപ്രദമായ ഒരു പ്രസിദ്ധീകരണമാണ് ഇതെന്നുള്ളതിനു സംശയമില്ല.

### മ ണി മ ഞ്ജു ഷ.

ഗ്രന്ഥകൎത്താവ്-പി. എസ്സ്. അനന്തനാരായണശാസ്ത്രി.

മംഗളോദയം പ്രസ്സ്, തൃശ്ശിവപേരൂർ വില 0. 12. 0

പണ്ഡിതവരേണ്യനായ അനന്തനാരായണശാസ്ത്രിയാൽ നിൎമ്മിതമായ ഈ ചെറുപുസ്തകത്തിൽ സാംഖ്യശാസ്ത്രം, യോഗശാസ്ത്രം, തൎക്കശാസ്ത്രം, വാക്യനിൎമ്മാണം, പദ്യകാവ്യം, പുനൎജ്ജന്മം എന്നിങ്ങിനെ ശാസ്ത്രം, മതം, സാഹിത്യം മുതലായി വിവിധവിഷയങ്ങളിലായി പതിനാറ് ഉപന്യാസങ്ങൾ അടങ്ങിയിരിക്കുന്നു. ഇതു സാമാന്യജനങ്ങൾക്കും വിശേഷിച്ചു വിദ്യാൎത്ഥികൾക്കും ഉപകാരപ്രദമായ ഒരു പ്രസിദ്ധീകരണമാണെന്നാണു ഞങ്ങളുടെ അഭിപ്രായം.

### ക ഥ യു ള്ള ക ഥ ക ൾ (മൂന്നും നാലും ഭാഗങ്ങൾ)

പ്രസാധകൻ-വെള്ളായ്ക്കൽ നാരായണമേനോൻ.

മംഗളോദയം പ്രസ്സ്, തൃശ്ശിവപേരൂർ. വില ഒരു രൂപവീതം.

ചെറുകഥകൾക്കു പ്രചുരപ്രചാരം സിദ്ധിച്ചുവരുന്ന ഒരു കാലമാണിതു്. വലിയ വിശ്രമം ഒന്നും കൂടാതെ പരിശ്രമം ചെയ്തുവരുന്ന സാമാന്യജനത്തിന് ഈ ലഘുസാഹിത്യത്തിൽ അഭിരുചി വൎദ്ധിച്ചുകാണുന്നതിൽ അത്ര അത്ഭുതപ്പെടുവാനുമില്ല, എന്നു മാത്രമല്ല കഥാസാഹിത്യം ഏതോ ഒരു വലിയ "സാംക്രമികരോഗ"മാണെന്നു വല്ലവരും പറഞ്ഞാൽതന്നെ അതു് ആരും വിശ്വസിക്കുമെന്നും തോന്നുന്നില്ല. എങ്കിലും ഇപ്പോൾ എ

ഴുതിക്കാണുന്ന ചെറുകഥകൾ എല്ലാംതന്നെ ഒന്നാംതരസാഹിത്യവിഭാഗമായിരിക്കും എന്ന അഭിപ്രായവും ഞങ്ങൾക്കില്ല. ഞങ്ങളുടെ ശ്രദ്ധക്കു വിഷയമായിരിക്കുന്ന ഈ കഥാപുസ്തകങ്ങളിൽ വിവിധങ്ങളായ ഉദ്ദേശങ്ങളോടുകൂടി എഴുതപ്പെട്ടിട്ടുള്ള പതിനാറു കഥകളാണ് അടങ്ങിയിരിക്കുന്നതു്. ഇവയിൽ ഹാജിബാവായുടെ അത്തർഭരണി, കുഞ്ചുനമ്പൂതിരിയുടെ രണ്ടാം വേളി, ഒരുക്കാണ തെററില്ലാത്തതു്, കള്ളുകുടിയൻ മുതലായ കഥകൾ ഏവരും വായിച്ചു രസിക്കുന്നവയാണെന്നാണ ഞങ്ങൾക്കു തോന്നുന്നതു്. എന്നാൽ "സാഹിത്യപരിശ്രമത്തിൻെറ തല ഒന്നു തിരിഞ്ഞിരിക്കുന്നതുകൊണ്ടുള്ള വൈമനസ്യത്താൽ കലാശക്കൊട്ടു കൊട്ടേണ്ടി" വന്നു എന്നു പറയുന്ന പ്രസാധകനോടു ഞങ്ങൾക്കു തോന്നീട്ടുള്ളപോലെതന്നെ വൈമനസ്യം മററു കഥാപ്രിയന്മാൎക്കും തോന്നാൻ ഇടയുണ്ടെന്നുള്ളതു പ്രസ്താവിച്ചുകൊള്ളട്ടെ. പുസ്തകത്തിന് ഒരു രൂപാ വിലവെച്ചിരിക്കുന്നതും കാലസ്ഥിതിക്കു അല്പം അധികമാണ്.

---

## പാട്ടുകൾ (1-ാം വാല്യം)

പ്രസാധകന്മാർ, യോഗക്ഷേമം കമ്പനി, മംഗളോദയം പ്രസ്സ്.
തൃശ്ശിവപേരൂർ. വില 1—8—0

പല അവസരങ്ങളിൽ പല കവികളും എഴുതീട്ടുള്ള പലതരം പാട്ടുകൾ കൂട്ടിച്ചേൎത്തടിച്ചിട്ടുള്ള ഒരു വിശിഷ്ടകൃതിയാണ് ഞങ്ങളുടെ ശ്രദ്ധക്കു വിഷയമായിരിക്കുന്ന ഈ "പാട്ടുകൾ" തിരുവാതിരപ്പാട്ട്, കൈകൊട്ടിക്കളിപ്പാട്ട്, ഉഴിഞ്ഞാൽപാട്ട്, കുറത്തിപ്പാട്ട്, എന്നിങ്ങിനെ വിവിധരീതിയിൽ "ഗുരുവായൂരപ്പൻ, ശകുന്തളാവാക്യം, ദേവയാനീപരിണയം" മുതലായ 19 വിഷയങ്ങളെ പുരസ്കരിച്ചു് നിൎമ്മിച്ചിട്ടുള്ളതാണ് പ്രസ്തുതപാട്ടുകൾ. ഈശപരസ്തോത്രപരമായും, പുരാണകഥാസംബന്ധമായും ഉള്ള ഈ കൃതിയിലെ ലളിതഭാഷയേയും, സരളരീതിയേയും ഹൃദയാവൎജ്ജകമായ സാഹിത്യഭാഗത്തേയും കുറിച്ചു് ആൎക്കുംതന്നെ അഭിപ്രായഭേദം ഉണ്ടാവാൻ തരമില്ല. ഓണം, തിരുവാതിര മുതലായ വിശേഷാവസരങ്ങളിലും മററും പാടിക്കളിക്കാൻ ഉപയോഗിച്ചുവരുന്ന ഈ പാട്ടുകൾ, പരിഷ്കാരത്തിൻെറ തള്ളിച്ചകൊണ്ടു് കാലാന്തരത്തിൽ നാമാവശേഷമായിത്തീരാതിരിക്കാൻ അനുരൂപങ്ങളായ ചിത്രങ്ങളോടുകൂടി ഇപ്രകാരം പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്ന യോഗക്ഷേമം കമ്പനിക്കാരുടെ പരിശ്രമം ഏററവും അഭിനന്ദനീയമായിരിക്കുന്നു. വിശേഷിച്ചു പെൺകുട്ടികൾക്കു പാടിക്കളിക്കാൻ കൊള്ളാവുന്ന ഈ പാട്ടുകളിലേക്കു തിരുവിതാംകൂർ, കൊച്ചി, മലബാർ ഇവിടങ്ങളിലെ പെൺപാഠശാലാധ്യക്ഷന്മാരുടെ ശ്രദ്ധയേയും ഞങ്ങൾ ക്ഷണിച്ചുകൊള്ളുന്നു.

ൻ.

## 3. ഓട്ടംതുള്ളലുകൾ

പ്രസാധകന്മാർ: യോഗക്ഷേമം കമ്പനി,

തൃശ്ശിവപേരൂർ, വില, 2—8—0.

ജനസാമാന്യത്തിന്റെ കവിയായിരുന്ന കുഞ്ചൻ നമ്പ്യാരുടെ തുള്ളൽ പ്രസ്ഥാനത്തെ അനുകരിച്ച് പല കവികളും അദ്ദേഹത്തിന്റെ പിൻകാലം കവിതകൾ ചമച്ചിട്ടുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ അനുഗ്രഹം ലഭിക്കാഞ്ഞിട്ടോ എന്തോ ആ വിഷയത്തിൽ വിജയം സിദ്ധിച്ചവർ ചുരുക്കമാണ്. നമ്പ്യാരുടെ ഫലിതശക്തി, വർണ്ണനാസാമർത്ഥ്യം, പദസ്വാധീനം, വാസനാവൈഭവം, അവലോകനശക്തി, പ്രതിഭാവിലാസം മുതലായ ഗുണങ്ങളോടുകൂടിയ കവികൾ പിൻകാലത്തു ഉണ്ടായിട്ടുണ്ടോ എന്നുകൂടി ഞങ്ങൾ സംശയിക്കുന്നു. ആ സ്ഥിതിക്ക് നമ്പ്യാരുടെ തുള്ളൽ കഥകളോടു കിടപിടിക്കത്തക്ക തുള്ളലുകൾ ഭാഷാസാഹിത്യത്തിൽ അധികം ഉണ്ടാകാതെ വന്നതിലും അത്ഭുതപ്പെടുവാനില്ല. എങ്കിലും മംഗളോദയം ഗ്രന്ഥാവലിയിൽ പെട്ട ഈ ഓട്ടംതുള്ളലുകളിൽ ചിലവ, നമ്പ്യാരുടെ തുള്ളലുകളോടു ഏതാണ്ടു സാമ്യം വഹിക്കത്തക്കവയാണെന്നു പ്രസ്താവിക്കാൻ ഇടവന്നതിൽ ഞങ്ങൾക്കു അപരിമിതമായ സന്തോഷമുണ്ട്. പൂന്തോട്ടത്തു മഹൻ നമ്പൂരിപ്പാടിന്റെ രാജസൂയം, നമ്പ്യാത്തു രാവുണ്ണി മേനവന്റെ അജാമിളമോക്ഷം കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സിലെ സമുദ്രലംഘനം, സീതാദർശനം തുടങ്ങിയുള്ള തുള്ളലുകൾ ഇതിലേക്കു ഉദാഹരണങ്ങളായിരിക്കുന്നുണ്ട്. പുസ്തകത്തിന്റെ ആകൃതിയും ഇടക്കിടക്കു ചേർത്തിട്ടുള്ള വിചിത്രങ്ങളായ ചില ചിത്രങ്ങളും വളരെ മനോഹരമായിരിക്കുന്നു. മംഗളോദയം കമ്പനിക്കാരുടെ ഈ വിധ ഉദ്യമങ്ങൾ ഭാഷാസാഹിത്യത്തിന്റെ ഭാവിമംഗളത്തെ സൂചിപ്പിക്കുകയും ചെയ്യുന്നു. ഭാഷാഭിമാനികൾ എല്ലാം ഈ തുള്ളക്കഥകൾ വായിക്കേണ്ടവയാണ്.

---

## 4. മദനവിലാസം പാന (ഒരു പ്രാചീനകൃതി)

പ്രസിദ്ധീകരണം, മംഗളോദയം പ്രസ്സ്,

തൃശ്ശിവപേരൂർ. വില 0—3—0.

കാമശാസ്ത്രവിഷയകമായ ഒരു പ്രാചീനഭാഷാകൃതിയാണ് ഈ പാന. പത്മിനി, ശംഖിനി, തുടങ്ങിയുള്ള സ്ത്രീകളുടെ ജാതിവിഭാഗങ്ങൾ, ഉപവിഭാഗങ്ങൾ, ലക്ഷണങ്ങൾ മുതലായവ പരമശിവൻ പാർവ്വതിയോടു ഉപദേശിക്കുന്ന രീതിയിലാണ് ഈ ഗ്രന്ഥത്തിന്റെ പുറപ്പാട്. ശാസ്ത്രവിഭാഗത്തിൽ ഇതും ഉൾപ്പെടുന്നതാണെങ്കിൽ ഇതിന്റെ മുദ്രാണവിഷയത്തിലും വലിയ അസാംഗത്യമൊന്നും ഉള്ളതായി ഞങ്ങൾക്കു തോന്നുന്നില്ല.

---

# കുറിപ്പുകൾ.

## ലാലാലജപതിറായി



ഇദംപ്രഥമമായി കേരളത്തെ സന്ദർശിക്കുന്ന, വയോവൃദ്ധനും, രാജ്യകാര്യധുരംധരനും, ധീരനും ആയ ലാലാജിക്കു ഞങ്ങൾ ഹൃദയപൂർവ്വം സ്വാഗതം പറയുന്നു. കേവലം അടിമകളായി ജീവിക്കുന്ന അധഃകൃതക്കും ഭാരതീയക്കുംവേണ്ടി തന്റെ ജീവിതം ബലികഴിച്ചുപോരുന്ന ഒരു യഥാർത്ഥകർമ്മയോഗിയാകുന്നു ഇദ്ദേഹം. പഞ്ചാബിലെ സിംഹം എന്ന പേരിനാൽ സുപ്രസിദ്ധനായ ഇദ്ദേഹത്തിന്റെ കേരളസന്ദർശനം സുഖപര്യവസായിയായിതീരട്ടെ എന്നും ദൈവം അദ്ദേഹത്തിനു ദീർഘായുസ്സും ഓജസ്സും നൾകട്ടെ എന്നും ഞങ്ങൾ സർവ്വേശ്വരനെ പ്രാർത്ഥിച്ചുകൊള്ളുന്നു.

"മാന്യരേ! ഭൂമിയിൽനിന്നാകുന്നു സകല വിധ ഐശ്വര്യങ്ങളുടേയും പുറപ്പാട് എന്നുള്ളതു ധനശാസ്ത്രത്തിലെ സർവ്വസമ്മതമായ ഒരു തത്വമാകുന്നു. ഒരു രാജ്യത്തിലെ പണിക്കാരാകുന്നു പ്രഥമമായും പ്രധാനമായും ആ രാജ്യത്തിലെ ഐശ്വര്യസമ്പാദകന്മാർ. സംഭരിക്കപ്പെട്ടതായ മുതലാളികളുടെ കൂട്ടുകെട്ടും, നിരങ്കുശമായ ജന്മിത്വവുമാകുന്നു മനുഷ്യവർഗ്ഗത്തിന്റെ ഏററവും വലുതായ രണ്ടു ശത്രുക്കളെന്നു ഞാൻ ദൃഢമായും വിശ്വസിക്കുന്നു. ഈ ലോകത്തിലുള്ള സങ്കടാനുഭവങ്ങളിൽ ഭൂരിഭാഗത്തിന്റെയും കാരണം ഈ രണ്ടു സ്ഥാപനങ്ങളാകുന്നു. അവയുടെ എല്ലാം ആരംഭം എന്തുതന്നെയായിരുന്നാലും ധനവും ജന്മിത്വവും വിവേകികളും നീതിമാന്മാരും സഹോദരസ്നേഹമുള്ളവരും ആയവരുടെ കയ്യിൽ ജനങ്ങൾക്കു സഹായമായും സന്തോഷകരമായും പരിണമിക്കുന്നതാണ്. മുതലാളി സമ്പ്രദായത്തിന്റെയോ ജന്മിത്വത്തിന്റെയൊ ആരംഭകാരണങ്ങളെ ആരാഞ്ഞറിയുന്നതിനുള്ള സന്ദർഭമൊ സ്ഥലമൊ ഇതല്ല. സമഷ്ടിവാദത്തിന്റെ സാധാരണ തത്വങ്ങൾപോലും ഈ രണ്ടു സ്ഥാപനങ്ങൾക്കും വിപരീതമായിട്ടുള്ളവയാണെന്നു വിശദപ്പെടുത്തി നിങ്ങളെ ബുദ്ധിമുട്ടിക്കുന്നതിനു ഞാൻ വിചാരിക്കുന്നില്ല." ... .... ...

ലാലാജി സമസ്തകേരളകടിയാൻ സമാജത്തിൽ പ്രസംഗിച്ചത്.

## ആകാശത്തിലെ ഹോട്ടൽ.

ആകാശവിമാനങ്ങളുടേയും വ്യോമസഞ്ചാരത്തിന്റെയും പ്രചുരപ്രചാരത്തോടുകൂടി ഇതാ ഹോട്ടലുകളും ഭൂതലത്തിൽനിന്ന് ആകാശത്തിലേക്കു സ്ഥലം മാറിത്തുടങ്ങിയിരിക്കുന്നു! ഈ ഏപ്രിൽ മാസത്തിൽത്തന്നെ ഇംഗ്ലണ്ടിൽ ഒരു "ആകാശഹോട്ടൽ" സ്ഥാപിതമാകുന്നതാണെന്നു "ലിവിംഗ് ഏജ്" എന്നപത്രം പ്രസ്താവിക്കുന്നു.

നൂറു അതിഥികൾക്കും അമ്പതു ജോലിക്കാർക്കും ഇതിൽ യഥേഷ്ടം താമസിക്കുവാൻ കഠിയുമത്രെ. മഹത്തായ ഒരു വിമാനത്തോടു സംഘടിപ്പിച്ചിരിക്കുന്ന ഈ ഹോട്ടൽ ഒരു നാലുനിലക്കെട്ടിടമാണ്. താഴത്തെ നിലയിൽ യന്ത്രങ്ങളും, ചുക്കാനുമൊക്കെയാണു സംഭരിച്ചിരിക്കുന്നതു്. രണ്ടാമത്തേതു ജോലിക്കാരുടെ താമസത്തിനുള്ളതാണ്. മുകളിലത്തെ രണ്ടു നിലകളിലുമാണു യാത്രക്കാരെ പാർപ്പിക്കുന്നതു്. ഇവിടെ 150 പേർക്കു ഒരുമിച്ചിരുന്നു ഭക്ഷണംകഴിക്കത്തക്ക വിശാലമായ ഒരു മുറിയുണ്ടു്. ഭക്ഷണാനന്തരം ഈ മുറിയെ ഒരു നൃത്തശാലയാക്കിമാററാനും സൌകര്യമുണ്ടു്. ഈരണ്ടും നന്നാലും പേർവീതം 100പേർക്കു താമസിക്കത്തക്ക ശയനമുറികളും ഇതിൽത്തന്നെയുണ്ടു്. ഇവയ്ക്കുപുറമെ ഹോട്ടലിൻെറ രണ്ടുവശങ്ങളിലുമായി അതിൻെറ നീളത്തിൽതന്നെയുള്ള ഓരോ വരാന്തയും വ്യായാമത്തിന്നായി ഉപയോഗിക്കാം.

ഈ ഹോട്ടൽ മുഴവൽ 'ഡ്യുറേനിയം' എന്ന ഒരുതരം ഭാരംകുറഞ്ഞ ലോഹം കൊണ്ടാണ് ഉണ്ടാക്കിയിട്ടുള്ളതു്. 50,000 ടൺ തൂക്കമുള്ള ഒരു യുദ്ധക്കപ്പലിൻെറ വലിപ്പമുണ്ടെങ്കിലും, ഈ വിമാനഹോട്ടലിനു പൂർണ്ണസജ്ജീകരണത്തോടുകൂടി 156 ടൺ മാത്രമേ ഭാരമുള്ളൂ. 5000000 ഘനയടി അളവുള്ള വാതകമാണ് ഇതിനെ ആകാശത്തിൽതന്നെ ഉയർത്തി നിവർത്തിയിരിക്കുന്നതു്. 35 ടൺവിറകും, 4200 കുതിര ശക്തിയുള്ള 6 ഗോൾസ്റോയിസ് എഞ്ചിനുമാണ് ഇതിൽ ഉപയോഗിക്കുന്നതു്. ഈ വ്യോമഗൃഹത്തിനു മണിക്കൂറിൽ 85 മൈൽ സഞ്ചരിക്കുവാൻ കഴിയും. സാധാരണയുള്ളവേഗം 75മൈലാണ്. വാനലോകത്തു സ്ഥാപിതമായിരിക്കുന്ന ഈ ഹോട്ടലിൻെറ ആവശ്യമെന്താണെന്നു് അതിൻെറ ഉടമസ്ഥൻ ആരോടും പറഞ്ഞിട്ടില്ല. ................

"ഐക്യം"

### ഇംഗ്ലണ്ടിനെ ജർമ്മനി ഭരിക്കുന്നതായാൽ.

ഇംഗ്ലണ്ടിനെ നാലായി വിഭജിച്ചു ഗവർണ്ണർ ജനറൽമാരെ നിയമിക്കും. സ്കാട്ട്ലണ്ടിലും അയർലണ്ടിലും വെയിത്സിലും പ്രത്യേകം ഗവർണ്ണർ ജനറൽമാരുണ്ടായിരിക്കും. നികുതി പിരിക്കുന്നതിനും, കേസ്സു വിസ്തരിക്കുന്നതിനും, പോലീസിനെ നിയന്ത്രിക്കുന്നതിനുമായി ഡിസ്ത്രിക്ട് കമ്മീഷണർമാരെ നിയമിക്കും. കുറെ ബ്രിട്ടീഷ് അംഗങ്ങൾ ഉള്ള ഒരു ജർമ്മൻസഭ ഓരോ പ്രവിശ്യയിലും നിയമങ്ങൾ ഉണ്ടാക്കും.

ഒരു ജർമ്മൻ വൈസ്രായി ഒരു കൌൺസിലോടുകൂടി വിൻസറിലും ബക്കിങ്ങ്ഹാം കൊട്ടാരത്തിലും കോടതി കൂടും. കൌൺസിലിലെ അംഗങ്ങൾ മിക്കവരും ജർമ്മൻകാരായിരിക്കും. ലണ്ടൻ മുതലായ പട്ടണങ്ങളിൽ ജർമ്മൻ മെയർമാരെ നിയമിക്കും. ഇംഗ്ലണ്ടിലെ ഔദ്യോഗികഭാഷ ജർമ്മൻ ആയിരിക്കും. കച്ചേരികളിൽ പരിഭാഷകന്മാർ ഉണ്ടായിരിക്കുന്നതാണ്. പരീക്ഷകളെല്ലാം ജർമ്മൻഭാഷയിലായിരിക്കും നടത്തുന്നതു്. വലിയ ഗവർമ്മൻറുദ്യോഗങ്ങൾ വേണമെന്നുള്ളവർ വിദ്യാഭ്യാസത്തിനായി ജർമ്മനിയിൽ പോകണം.

പത്രങ്ങൾ എല്ലാം ജർമ്മൻഭാഷയിലായിരിക്കും പ്രസിദ്ധീകരിക്കുന്നതു്. ടൈംസ് മുതലായ പ്രക്ഷോഭണപത്രങ്ങളെ കർശനമായി നിയന്ത്രിക്കും. ജർമ്മൻഗവർമ്മെൻറിനെപ്പററിയുള്ള വിമർശനങ്ങൾ രാജദ്രോഹകുററങ്ങളായി ഗണിക്കപ്പെടുകയും കുററക്കാരെ കഠിനമായി ശിക്ഷിക്കുകയും ചെയ്യുന്നതാണ്. ഇംഗ്ലീഷ് പത്രങ്ങളെല്ലാം കണ്ടുകെട്ടും. ഇംഗ്ലീഷ് പത്രാധിപന്മാർക്കു പിഴയിടും; ജയിലിൽ താമസ

പ്പിക്കും. ഇംഗ്ലീഷ് പ്രാസംഗികന്മാരെ വിചാരണകൂടാതെ നാടുകടത്തും. മിൽട്ടൺ, വേഡ്സ്‌വത്ത്, ഷെല്ലി, ബക്ക് മുതലായവരെ സ്വാതന്ത്ര്യത്തെപ്പറ്റി എഴുതുവാൻ അനുവദിക്കുകയില്ല.

തീവണ്ടികളിൽ ഇംഗ്ലീഷുകാരെ രണ്ടും മൂന്നും ക്ലാസ്സുകളിൽ മാത്രമേ സഞ്ചരിക്കുവാൻ അനുവദിക്കുകയുള്ളു. അഥവാ ആരെങ്കിലും ഒന്നാം ക്ലാസ്സിൽ സഞ്ചരിച്ചുപോയാൽ അവരെ ജർമ്മൻരീതിയിൽ ആക്ഷേപിക്കുകയും, ഉദ്യോഗസ്ഥന്മാർ കഴുത്തിനു പിടിച്ചു തള്ളുകയും ചെയ്യും. കെട്ടിടങ്ങൾ ജർമ്മൻരീതിയിൽ പണിയിക്കും. വലിയ ചുങ്കങ്ങൾകൊണ്ട് ഇംഗ്ലീഷുകൈത്തൊഴിലുകളേയും വ്യവസായങ്ങളേയും ബാധിക്കും. ഇംഗ്ലണ്ടു മുഴുവനും ജർമ്മൻസാമാനങ്ങൾകൊണ്ടു നിറയും. ഇംഗ്ലണ്ടിലെ കലകൾ അന്തർദ്ധാനം ചെയ്യും.

ഇംഗ്ലീഷുകാരെ ആയുധങ്ങൾ ധരിക്കുവാൻ അനുവദിക്കുന്നതല്ല. സൈന്യത്തിൽ വലിയ ഉദ്യോഗങ്ങൾ ഒന്നും ഇംഗ്ലീഷുകാർക്കു കൊടുക്കുന്നതല്ല. ബായിസ്കൌട്ട് രാജദ്രോഹകരമായ ഒരു ഏർപ്പാടായി വിചാരിക്കും. ഒരു കൂട്ടം ജർമ്മൻ ഉദ്യോഗസ്ഥന്മാർ ലെയിസെസ്റ്റൺഷയറിൽ കുറുക്കന്മാരെ നായാടുവാൻ ചെല്ലുമ്പോൾ ആ ജന്തുക്കളെ കൊല്ലുന്നതിനു ആരെങ്കിലും തടഞ്ഞാൽ അവിടത്തെ പ്രധാന ആളുകളെ തൂക്കിക്കൊല്ലും. ദേശീയഗാനം:— "ഈശ്വരൻ ഞങ്ങളുടെ ജർമ്മൻ രാജാവിനെ രക്ഷിക്കട്ടെ" എന്നു തുടങ്ങും. "ബ്രിട്ടാനിയ ഭരിക്കട്ടെ" എന്നുള്ള പാട്ടു പാടുന്നതു രാജദ്രോഹകരമായി വിചാരിക്കുന്നതാണ്.

ഈറാൺ, ഹാറൊ മുതലായ വിദ്യാലയങ്ങൾ നിർത്തും. ആക്സ്ഫോർഡ്, കേംബ്രിഡ്ജ് മുതലായ കലാശാലകൾ സൈന്യഗൃഹങ്ങളാക്കും. കുട്ടികൾ തെരുവുകളിൽ സ്ഥലമെടുത്തു താമസിക്കണം.

ജർമ്മൻ കൌതുകമുള്ള ഒരു ഭാഷയല്ല. എന്നാൽ അതിനു ഒരു സാഹിത്യമുണ്ട്. ഗവർമ്മെൻറുമായുള്ള സകല ഇടപാടുകളിലും ഇംഗ്ലീഷുകാർക്കു ജർമ്മൻ ഭാഷയിൽ എഴുതാമെന്നും വായിക്കാമെന്നും ഒരു ഗുണം അവർക്കു ലഭിക്കും. ജർമ്മൻ സാഹിത്യവും ചരിത്രവും അവർക്കു പഠിക്കാതെ തരമില്ല. കറുത്ത അപ്പം അവർ തിന്നണം. കറുത്ത അപ്പം വെളുത്ത അപ്പത്തേക്കാൾ നല്ലതാണ്. ജർമ്മൻ സാമ്രാജ്യത്തെ രക്ഷിക്കുവാനായി എല്ലാവരെക്കൊണ്ടും വലിയ തുകകൾ സംഭാവന ചെയ്യിപ്പിക്കും. ഇംഗ്ലണ്ടിലുള്ള സൈന്യങ്ങളുടെ ചിലവു് ഇംഗ്ലീഷുകാർ വഹിക്കേണ്ടിവരും.

"യൂണിററി"

## വിക്കൽ.

വിക്കലുള്ള ജനങ്ങളുടെ നാക്കിനു കുഴപ്പമൊന്നുമില്ല. ശ്വസിക്കുന്ന വായുവിൽനിന്നും ആവശ്യമുള്ള അമ്ലജനകം എടുക്കുന്നതിനു അവരുടെ ഹൃദയത്തിനുള്ള അശക്തതകൊണ്ടാണു വിക്കൽ ഉണ്ടാകുന്നതു് എന്നാണു പെനിൻസിൽവേനിയ സർവ്വകലാശാലാപ്രാസംഗികന്മാരായ ടിററ്മയറും, സ്റ്റാറും അഭിപ്രായപ്പെടുന്നതു്. ശരിയായിട്ടുള്ള പരിശോധനക്കു ശേഷമാണ് അവർ ഈ അഭിപ്രായം പുറപ്പെടുവിച്ചിട്ടുള്ളതു്.

"പാപ്പുലർ സയൻസ്"

## ആധുനികഭൂമിശാസ്ത്രപഠനം.

ഇന്നു പലക്കും ഭൂമിശാസ്ത്രം എന്നു പറയുന്നതു സ്ഥലങ്ങളുടെ സ്ഥാനം കാണിക്കലും വിവിധജനങ്ങളെപ്പററിയും അവരുടെ ആചാരങ്ങളെപ്പററിയും ഉള്ള രസാവഹമായ വിവരണവും ആണെന്നാണു ബോധം. മിക്ക പ്രാഥമികപാഠശാലകളിലും ഈ വിഷയം പഠിപ്പിക്കുന്നതു് സ്ഥലങ്ങളുടേയും വിവരണങ്ങളുടേയും അവസാനമില്ലാത്ത പട്ടികയാകുന്നു. ഹൈസ്കൂളുകളിൽ ചില കണക്കുകൾ കൂടിയുള്ള വാണിജ്യഭൂമിശാസ്ത്രം പഠിപ്പിച്ചുവരുന്നുണ്ടു്. പണ്ടുമുതൽക്കുതന്നെ ഭൂമിശാസ്ത്രം ഉള്ളതാണെങ്കിലും ഇന്നാണു് അതു് ഒരു ശാസ്ത്രമായി പഠിക്കുന്നതും കാളേജുപാഠപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും. ഇതോടുകൂടി ആധുനികഭൂമിശാസ്ത്രം ഒരു വ്യത്യസ്ഥവിഷയമായിത്തീൎന്നിരിക്കുന്നു. സ്ഥലവിവരണങ്ങൾ മുതലായതിനു പകരം പരസ്പരബന്ധങ്ങൾ ഭൂമിശാസ്ത്രത്തിൽ സ്ഥലംപിടിച്ചിരിക്കുന്നു. ഭൂഗർഭശാസ്ത്രം, കാലാവസ്ഥാശാസ്ത്രം, കൃഷി എന്നിവ ഒരുവശത്തും, ധനതത്വശാസ്ത്രം, സമുദായശാസ്ത്രം, ചരിത്രം എന്നിവ മറെറാരു വശത്തുംനിന്നു് അവയെ സംഘടിപ്പിക്കുന്ന ഒരു ശാസ്ത്രമാണു് ഇന്നത്തെ ഭൂമിശാസ്ത്രം. അതായതു മനുഷ്യരുടെ പരിശ്രമങ്ങളെ സ്വാഭാവികവും സാമുദായികവുമായ പരിസരങ്ങൾ വഴിയായി പഠിക്കുന്നതിനുള്ള ഒരു ശ്രമം ആകുന്നു. ഭൂമിശാസ്ത്രം പുരാണവസ്തുക്കളെ ആശ്രയിക്കുന്നുണ്ടു്. പരസ്പരബന്ധങ്ങൾ വിവരിക്കുന്നതിനു വേണ്ട അറിവു നൽകുന്നുണ്ടെങ്കിൽ മാത്രമേ അവയ്ക്കു പ്രാധാന്യം നൽകുന്നുള്ളു. "എവിടെയാണു ടോക്കിയോ" എന്നു് ഇന്നത്തെ ഒരു കുട്ടിയോടു ചോദിച്ചപ്പോൾ "അതെനിക്കറിഞ്ഞുകൂടാ, എവിടെയാണെന്നു പറഞ്ഞുതരാമെങ്കിൽ അതവിടെയാകാനുള്ള കാരണം ഞാൻ പറഞ്ഞുതരാം" എന്നാണു മറുപടി പറഞ്ഞതു്. സാമ്പത്തികവും സാമുദായികവുമായ വശത്തേക്കാണു ഭൂമിശാസ്ത്രത്തിന്റെ പോക്കു്.

"ചൈന ജൎണ്ണൽ"

## ഭാരതീയവിദ്യാഭ്യാസാദർശം

ജൎമ്മൻ വിദ്യാഭ്യാസത്തിന്റെ പ്രധാന ഉദ്ദേശം ശക്തിയായിരുന്നു. നെപ്പോളിയൻ തന്റെ ആളുകളെ കീൎത്തിയെപ്പററി പറഞ്ഞു് ഇളക്കി. റോമാസാമ്രാജ്യം സ്വപ്നം കണ്ടു. സ്പാർട്ടയിലെ കുട്ടികളോടു, സ്പാർട്ട ഒരു സൈനികബലമുള്ള രാജ്യമാകുന്നതിനു വേണ്ട സഹായം ചെയ്യുവാൻ അപേക്ഷിച്ചു. എന്നാൽ ഭാരതീയാദർശം വേറെ ഒന്നാണു്: 'ജ്ഞാനം ത്യാഗമാണു്.' ദുഃഖത്തിനോ പീഡക്കോ ഹേതുവായിട്ടുള്ള അറിവോ, മരണത്തിനു ഹേതുവായിട്ടുള്ള ശാസ്ത്രമോ, സംസ്കാരമോ ആപൽക്കരമായിട്ടുള്ളവയും നാനാവിധങ്ങളായ ലഹളകൾ ഉണ്ടാക്കുന്നവയും ആണു്. മനുഷ്യരെ മനുഷ്യരാക്കുന്ന വിദ്യാഭ്യാസം—ദയാലുക്കളാക്കുന്ന വിദ്യാഭ്യാസം—ആണു നമുക്കാവശ്യമുള്ളതു്. ത്യാഗമായി ദേഹശുദ്ധി ചെയ്തിട്ടുള്ള ജ്ഞാനമായിരിക്കും ഇന്ത്യയേയും ഇതരദേശങ്ങളേയും ഭാവിയിൽ സഹായിക്കുന്നതു്.

"പാററ്നാ ടൈംസ്"

## വിശ്വാസം രോഗനിവാരണമാൎഗ്ഗമാകുന്നു.

ഭാരതത്തിൽ ഒരു പുണ്യപുരുഷനു മരണത്തിൽനിന്നും രക്ഷിക്കുവാൻ കഴിയുമെന്നാണു ജനബോധം. എന്തുകൊണ്ടെന്നാൽ അവരുടെ വിശ്വാസം അത്രമാത്രമുണ്ടു്.

വൈദ്യന്മാർ ഉപേക്ഷിച്ചിട്ടുള്ളതായ പല രോഗികളും പുണ്യക്ഷേത്രങ്ങളിൽ പോയി വിഗ്രഹത്തിന്റെ മുന്നിൽക്കിടന്നു പ്രാർത്ഥിച്ച്, രേണുപുരണ്ട്, രോഗത്തിൽനിന്നും മോചിക്കുന്നതായി കാണുന്നുണ്ട്.

ഇതു മിഥ്യാബോധമാണെന്നു നമുക്കറിയാം. എന്നാൽ മിഥ്യാബോധത്തിനു ശക്തിയില്ലല്ലൊ. ചിലപ്പോൾ ചിലർ അവരുടെ ദൃഢമായ വിശ്വാസംകൊണ്ട് അവരുടെ രോഗത്തിൽനിന്നും രക്ഷപെടുന്നതു കാണാം. ആ രക്ഷക്കു കാരണം അവരുടെ വിശ്വാസമല്ലാതെ ആ പുണ്യക്ഷേത്രങ്ങളല്ല. ബൈബിളിൽ ഇപ്രകാരം കാണുന്നുണ്ട്. കുറെ രോഗികൾ ക്രിസ്തുവിന്റെ അടുക്കൽ വന്ന് അവരുടെ രോഗം ഭേദമാക്കണമെന്നു പറഞ്ഞപ്പോൾ "എന്നാൽ ഇതു സാധ്യമാണെന്നു നിങ്ങൾ വിശ്വസിക്കുന്നുണ്ടോ?" എന്നു ചോദിച്ചു. "ഉണ്ട്" എന്നവർ മറുപടി പറഞ്ഞു. "എന്നാൽ അങ്ങിനെയാകട്ടെ" എന്ന് അദ്ദേഹം പറഞ്ഞു. ഇതു രസകരമായ ഒരു മനശ്ശാസ്ത്രതത്വമാണ്. "ഞാൻ നിങ്ങളുടെ രോഗം ഭേദമാക്കുവാൻ പോകുന്നു" എന്നു അദ്ദേഹം പറഞ്ഞില്ല. അദ്ദേഹത്തിന് അതു സാധിക്കുന്നതാണെന്ന് അവക്കു "വിശ്വാസമുണ്ടോ" എന്നാണു ചോദിച്ചത്. "വിശ്വാസമുണ്ട്" എന്ന് അവർ പറഞ്ഞപ്പോൾ "നിങ്ങളുടെ വിശ്വാസംപോലെ ഭവിക്കട്ടെ" എന്ന് അദ്ദേഹം അനുഗ്രഹിച്ചു.

വിശ്വാസം ഒരു പ്രധാന സംഗതിയാണ്. എന്നാൽ അതു് എന്താണെന്ന് അവഗ്രഹനം ചെയ്യുവാൻ നമുക്കു കഴികയില്ല.

"മെസ്സേജ് അഫ് ദി ഈസ്റ്റ്"

## മൃതശരീരത്തെ വീണ്ടും ജീവിപ്പിക്കുക.

മരണലക്ഷണങ്ങൾ പൂർണ്ണമായി അനുഭവപ്പെട്ടശേഷം, ഒരു ആസന്നമരണന്റെ നെഞ്ചു പിളർന്നു ഹൃദയത്തെ ഒരു പ്രത്യേകരീതിയിൽ അടുപ്പിച്ചു വയ്ക്കുന്നതായാൽ വീണ്ടും രക്തസഞ്ചാരം ഉണ്ടാവുകയും ഹൃദയം ചലിച്ചുതുടങ്ങുകയും, ശരീരം സജീവമായി ഭവിക്കുകയും ചെയ്യുമെന്നാണ ശാസ്ത്രജ്ഞന്മാർ പരീക്ഷണാനന്തരം തെളിയിച്ചിട്ടുള്ളത്. ഒരിക്കൽ ലണ്ടനിലെ സെൻറ് തോമസ് ആസ്പത്രിയിൽവെച്ചു മിസ്സ് അരഡൽഡ് എന്നു പേരായ ഒരു സ്ത്രീക്ക് ആപൽക്കരമായ ഒരു ശസ്ത്രക്രിയ നടത്തുകയും, അതിൽവെച്ച് അവൾ അന്തരിച്ചുപോകയും ചെയ്തു. തൽക്ഷണംതന്നെ ഡാക്ടർമാർ അവളുടെ നെഞ്ചു കീറി ഹൃദയത്തെ മേൽ പറഞ്ഞപോലെ ഏതൊ പ്രത്യേക രീതിയിൽവെച്ചു പതിനഞ്ചു മിനിട്ടു കഴിഞ്ഞ ഉടനെ അവൾ വീണ്ടും ശ്വസിച്ചുതുടങ്ങുകയും, മററു ജീവലക്ഷണങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്തു. 30 മണിക്കൂറോളം ഇവൾ പിന്നീടും ജീവിച്ചിരുന്നശേഷം, ഹൃദയദൌർബല്യം ഹേതുവാൽ വീണ്ടും മരണം അടയുകയും ചെയ്തു. "ഐക്യം"

## തലകൾ മാറിവെയ്ക്കുക.

പല ശാസ്ത്രജ്ഞന്മാരും, ഇന്നു ജന്തുക്കളുടെ തല അന്യോന്യം മാററി പ്രതിഷ്ഠിച്ച് അതിൽനിന്നുണ്ടാവുന്ന അനുഭവങ്ങൾ എന്തൊക്കെയെന്ന് ആരാഞ്ഞുവരികയാണ്. ഈയിടെ ലണ്ടനിൽ ഒരു ഡാക്ടർ പല ജന്തുക്കളേയും പിടിച്ച്, ഒന്നിന്റെ തല മുറിച്ചു മറെറാന്നിന്റെ ശരീരത്തിൽവെച്ച് ഔഷധപ്രയോഗത്താൽ ഇണക്കി

ച്ചക്കയും, താമസംവിനാ അതുകൾ പഴയ പടി ഓടി നടക്കയും മററും ചെയ്തതു് അനേകമാളുകൾ കാണത്തക്കവിധത്തിലായിരുന്നു. ഈ തലമാററസമ്പ്രദായത്തിന്റെ ഫലമായി എത്രയും കൌതുകങ്ങളായ പല അനുഭവങ്ങളും പ്രത്യക്ഷമായിട്ടുണ്ടു്. ഒരു ആൺതവളയുടെ തലയെടുത്തു് ഒരു പെൺതവളയ്ക്കു വെച്ചതിൽ, അതു് ആൺതവളയുടെ ചേഷ്ടകളൊക്കെ കാണിച്ചുതുടങ്ങി. അതുപോലെ തന്നെ ഒരു ആൺതവളയുടെ ശരീരത്തിൽ പെൺതവളയുടെ തല ചേർത്തിയിണക്കി പരിശോധിച്ചതിൽ അതിന്റെ പുരുഷസഹജമായ വാസനയെല്ലാം നശിച്ചു് അതു കേവലം ഒരു പെൺതവളയായി പരിവർത്തനം വന്നുപോയതുപോലെ കാണപ്പെട്ടു. വിജ്ഞാനപരീക്ഷണകാലമായ ഈ ഇരുപതാം നൂററാണ്ടിലല്ലാതെ മറെറാരു കാലത്താണു് ഇത്തരം സംഭവങ്ങൾ ഉണ്ടായതെങ്കിൽ, ജനങ്ങൾ തീർച്ചയായും ഇതുകൾ കൺകെട്ടുവിദ്യകളും മായാപ്രയോഗങ്ങളും മററുമൊക്കെയാണെന്നു വിചാരിച്ചു തള്ളിക്കളയുമായിരുന്നു.

## സന്താനോല്പാദനരഹസ്യം.

ഈ തലമാററപ്പണിയിൽനിന്നു ലഭിച്ച കൌതുകാവഹങ്ങളായ അനുഭവങ്ങളിൽനിന്നു, നിരീക്ഷകന്മാരുടെ ചിന്താലക്ഷ്യം മറെറാരു പ്രധാന വിഷയത്തിലേക്കു തിരിഞ്ഞു. അയായതു് ഒരാൾക്കു ഇഷ്ടംപോലെ ഒരു സ്ത്രീസന്താനത്തേയോ പുരുഷസന്താനത്തേയോ ജനിപ്പിക്കാൻ കഴിയുമോ എന്നാണു് അവർ പരിശോധിച്ചുനോക്കിയതു്. ഈ പരിശോധനകളിൽ അവർക്കു കാർയ്യമായ വിജയം സിദ്ധിച്ചിട്ടുണ്ടെന്നാണു പറയപ്പെടുന്നതു്. കൊതുകിനെ തണുത്ത സ്ഥലത്തു വളർത്തി ചുരുങ്ങിയ നിലയിൽ ഭക്ഷണം കൊടുത്തുകൊണ്ടിരുന്നാൽ അതിന്റെ സന്താനങ്ങൾ മിക്കവാറും പുരുഷവർഗ്ഗമായും നേരെ മറിച്ചു് ഉഷ്ണദേശത്തു സൂക്ഷിച്ചിട്ടു കണക്കിൽ കവിഞ്ഞു് ആഹാരംകൊടുത്താൽ സന്താനങ്ങൾ ഏറിയകൂറും സ്ത്രീവർഗ്ഗമായും വരുന്നതാണെന്നു ശാസ്ത്രപടുക്കൾ പരീക്ഷണം മൂലം തെളിയിച്ചിരിക്കുന്നു. ലോകത്തെ ജനസംഖ്യയെ സൂക്ഷ്മമായി ശോധന ചെയ്യുന്ന പക്ഷം, പൊതുവായ നാശകാലങ്ങളിൽ, വിശേഷിച്ചു യുദ്ധാവസരങ്ങളിൽ പുരുഷന്മാർ കൂടുതലായും സുഭിക്ഷവും സമാധാനവും നിലനില്ക്കുന്ന കാലങ്ങളിൽ സ്ത്രീകൾ അധികമായും കാണുന്നതാണു്.

ചുരുക്കിപ്പറയുന്ന പക്ഷം, മനുഷ്യരുടെ ശരീരത്തേയും മനസ്സിനേയും വേണ്ടവിധം സംസ്കരിച്ചു സൂക്ഷിക്കണമെന്നുള്ള സദുദ്ദേശത്തോടുകൂടി ഡാക്ടർ ഷ്ടൈനാഗ്, ഡാക്ടർ വൊറൊനോഫ് മുതലായ പണ്ഡിതാഗ്രേസരന്മാർ നടത്തിവരുന്ന പരീക്ഷണങ്ങൾക്കു ഭാവിയിൽ വലുതായ വിജയം ലഭിക്കുമെന്നും വളരെക്കാലം കഴിയുന്നതിനു മുമ്പുതന്നെ മനുഷ്യർക്കു ൨൦൦ വയസ്സുവരെ പ്രയാസംകൂടാതെ ജീവിച്ചിരിക്കുവാൻ സാധിക്കുമെന്നും വിശ്വസിക്കപ്പെടുന്നു.

‘ഐക്യം’